വാല്യം : 6
ലക്കം : 9
സെപ്റ്റംബർ
2017

കാഞ്ഞിരപ്പള്ളി രൂപതാ മുഖപത്രം

# ദർശകൻ

Darsakan

നേരായ ജീവിതം ശരിയായ ദർശനം



പരി. അമ്മയുടെ ജനന തിരുന്നാൾ മംഗളങ്ങൾ




**തൊഴിലില്ലായ്മയുടെ കാര്യത്തിൽ ഇന്ത്യയിൽ അഭ്യസ്തവിദ്യരുടെ കേരളം മൂന്നാം സ്ഥാനത്ത് എത്തിച്ചേർന്നിരിക്കുന്നു. അതായത് കേരളത്തിന്റ ആകെ ജനസംഖ്യയുടെ പതിമൂന്ന് ശതമാനവും തൊഴിൽ ഇല്ലാത്തവരാണ്. അതിൽ കഴിഞ്ഞ നാലുവർഷങ്ങളായി നിതാഖാത്തും സ്വദേശിവത്ക്കരണവും ഇപ്പോഴുണ്ടായ നോട്ടുനിരോധനവും ജിഎസ്ടിയും മൂലം ജോലി നഷ്ടപ്പെട്ടത് അഞ്ചുലക്ഷത്തോളം പേർക്കാണ്. എന്നാൽ 2012 ൽ ഇന്ത്യയിൽ ഏറ്റവും കൂടുതൽ വിദേശനാണ്യം നേടിക്കൊടുത്ത സംസ്ഥാനം കേരളമായിരുന്നു എന്നതാണ് സത്യം. അതായത് രാജ്യത്തിന്റെ ആളോഹരി വരുമാനത്തിൽ 32 ശതമാനവും വിദേശമലയാളികളുടെ സംഭാവനയായിരുന്നു. എന്നാൽ വിവിധ തൊഴിൽ പ്രശ്നങ്ങൾമൂലം കഴിഞ്ഞ അഞ്ചു വർഷങ്ങൾകൊണ്ട് ഇത് കുത്തനെ ഇടിഞ്ഞ് നേർപകുതിയായിരിക്കുന്നു. ഈ ലക്കം ദർശകൻ ചർച്ച ചെയ്യുന്ന ഈ തൊഴിൽ പ്രശ്നങ്ങളാണ്.**

## തൊഴിൽ അന്വേഷകരിൽനിന്ന് തൊഴിൽ സംരംഭകരിലേക്ക്



**മാർ മാത്യു അറയ്ക്കൽ**

**അ**ഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ (Educated unemployment) കേരളത്തിൽ കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് പെട്ടെന്നു വളർന്ന നൂതന പ്രതിഭാസമാണിത്. ഇത്തരം പുത്തൻ പ്രവണതകളെ പുത്തൻരീതികളിൽ നാം അതിജീവിക്കേണ്ടിയിരിക്കുന്നു. നമ്മുടെ കുട്ടികൾ നമ്മുടെ നാട്ടിൽതന്നെ തൊഴിൽ കണ്ടെത്തുന്നവരാകണം. പഠിക്കുമ്പോൾ തന്നെ ജോലി എന്ന രീതിയിലേക്ക് ചുവടുമാറ്റം നടത്തണം. വിദേശ ജോലികളുടെ പിന്നാലെ പോകുമ്പോഴുണ്ടാകുന്ന വലിയ ഒരു അപചയം കുടുംബങ്ങൾ അനാഥമാകുന്നു എന്നതാണ്. മാതാപിതാക്കൾ ഒറ്റപ്പെട്ടു ജീവിക്കുന്ന സ്ഥിതി നമ്മുടെ രൂപതയിൽ ഏറിവരുന്നു എന്നതും സങ്കടകരമായ കാര്യമാണ്.

ഈ കാഴ്ചപ്പാടുകളെ മുൻനിർത്തിയാണ് നാം രൂപതയുടെ ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങൾ വഴി പലതും ആവിഷ്കരിച്ച് വരുന്നത്. അതിൽ പ്രധാനം അമൽ ജ്യോതി കോളേജിൽ കേന്ദ്രസർക്കാരിന്റെ സഹായത്തോടുകൂടി പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പ് വാലി എന്ന TBI (Technology Business Incubation) സെന്ററിൽ സ്വയം സംരംഭകർക്ക് കമ്പനികൾ ആരംഭിക്കുന്നതിന് സുവർണ്ണാവസരങ്ങളാണ്. ചെറുകിട വ്യവസായങ്ങളിലുള്ള സംരംഭകർക്കും കൃഷിസംബന്ധമായ കാര്യങ്ങൾക്കുള്ള നൂതന സംരംഭകർക്കും ഐ.ടി. ഇതര സ്വയം സംരംഭകർക്കും പുത്തൻ ആശയങ്ങളോടുകൂടിയ കമ്പനികൾ തുടങ്ങുന്നതിന് ഇവിടെ അവസരമുണ്ട്. ഇപ്പോൾ മുപ്പതോളം കമ്പനികൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. പഠനത്തോടൊപ്പമുള്ള പ്രായോഗിക ജ്ഞാനവും പ്രവർത്തിപരിചയവും കൂടി ആർജിച്ചാൽ ഭാവിയിൽ കൂടുതൽ അവസരങ്ങൾ കണ്ടെത്താനും വളരാനുമാകും.

കുട്ടിക്കാനം മരിയൻ കോളേജ് വളരെ വിജയകരമായി ഇപ്പോൾ നടത്തിവരുന്ന മരിയൻ സ്മാർട്ട് പ്ലസ് എന്ന പദ്ധതി എടുത്തുപറയേണ്ട ഒന്നാണ്. ഹൈറേഞ്ചിലും ലോറേഞ്ചിലുമുള്ള കർഷകരുടെ ഉത്പന്നങ്ങൾ ബ്രാൻഡ് ചെയ്ത് അവർ വിജയകരമായി വിപണിയിൽ എത്തിച്ചുകൊണ്ടിരിക്കുന്നു. അതുമായി ബന്ധപ്പെട്ട് 30 ലധികം ചെറുകിട തൊഴിൽ യൂണിറ്റുകൾ ആരംഭിക്കാനും അനേകർക്ക് ജീവനോപാധി കണ്ടെത്തിക്കൊടുക്കാനും സാധിച്ചു. ഗ്രാമീണതൊഴിൽ സംരംഭകരെയും ചെറുകിട വ്യവസായങ്ങളെയും പ്രോത്സാഹിപ്പിക്കുന്ന ഇത്തരത്തിലുള്ള മുന്നേറ്റങ്ങൾ വളരെ ഫലദായകമാണ്. ഈവിധം നമ്മുടെ ഇടവകകളും അവയുടെ പരിസരങ്ങളും കൂടുതൽ മെച്ചപ്പെട്ട അഭിവൃദ്ധിയിലേക്ക് വിജയക്കുതിപ്പു നടത്താൻ സാധിക്കട്ടെ.

**പ്രതിസന്ധികൾ**

**വിദ്യാധനരായ ചെറുപ്പക്കാർ തൊഴിലന്വേഷിച്ച് അലയുന്നു.**

വിദ്യാഭ്യാസത്തിന്റെ നിലവാരമനുസരിച്ചുള്ള തൊഴിൽ പലർക്കും ലഭിക്കുന്നില്ല. ചെയ്യുന്ന തൊഴിലിടങ്ങളിൽ സംതൃപ്തിയില്ലാതെ ജീവിക്കേണ്ടിവരുന്നു. 8

**പ്രതിവിധികൾ**

**സ്വയംതൊഴിൽ സംരംഭങ്ങളും സാധ്യതകളും**

സാമ്പത്തിക വിപ്ലവത്തിനുള്ള സമകാലിക ആയുധമാണ് സ്വയംസംരംഭങ്ങൾ. പല പിന്നോക്ക രാജ്യങ്ങളും പരീക്ഷിച്ചു വിജയിച്ച ഇത്തരം മാതൃകകൾ നാം പ്രയോഗിച്ചു തുടങ്ങേണ്ടിയിരിക്കുന്നു. 9

6 അശ്ലീല കാഴ്ചകൾക്ക് പ്രതിവിധിയുണ്ടാകണം. കൗമാരക്കാരിൽ ഏറിവരുന്ന പോർണോഗ്രഫി എന്ന അപചയത്തെക്കുറിച്ച്.

10 മിടുക്കരെ കാത്ത് നിരവധി സ്കോളർഷിപ്പുകൾ.

## വിശുദ്ധരാകാൻ നാം തീക്ഷ്ണതയോടെ പരിശ്രമിക്കണം: മാർ ജോസ് പുളിക്കൽ




**ഇ**രിങ്ങാലക്കുട ആളൂരിൽ വച്ചു നടന്ന അഖിലോക മലയാളി കരിസ്മാറ്റിക് സംഗമത്തിൽ സന്ദേശം നൽകി പ്രസംഗിക്കുകയായിരുന്നു അഭി. പിതാവ്. കാലഘട്ടത്തിന്റെ വെല്ലുവിളികളും വീഴ്ചകളും മനസ്സിലാക്കി ഉറച്ച കാൽവയ്പ്പോടെ സുവിശേഷാധിഷ്ഠിതമായ ധീരമായ തീരുമാനങ്ങളിലൂടെ മുന്നേറുകയെന്നതാണ് ക്രിസ്ത്യാനിയുടെ ദൗത്യമെന്നും മാർ ജോസ് പുളിക്കൽ കൂട്ടിച്ചേർത്തു.



# Editorial
## എഡിറ്റോറിയൽ

# നമ്മുടെ കുട്ടികൾ മഴയത്തും മരങ്ങളോടും കളിക്കട്ടെ

**2005** ൽ പുറത്തിറങ്ങിയ അമേരിക്കക്കാരനായ റിച്ചാർഡ് ലൂവിന്റെ പുസ്തകത്തിന്റെ തലക്കെട്ടാണ് 'ലാസ്റ്റ് ചൈൽഡ് ഇൻ ദ വുഡ്സ്'. ഈ പുസ്തകത്തിൽ അദ്ദേഹം ഒരു പുതിയ ഒരു വാക്ക് സംഭാവന ചെയ്തു "പ്രകൃതിജന്യ വൈകല്ല്യം"(Nature deficient dis-order) അദ്ദേഹം ഇതിലൂടെ അർത്ഥമാക്കിയത് കുട്ടികൾ വീടിനു പുറത്ത് പ്രകൃതിയിൽ വളരെക്കുറച്ച് സമയം ചിലവഴിക്കുന്നതുവഴി അവർക്കുണ്ടാകുന്ന സ്വഭാവവൈകല്യത്തെയാണ്. ഇതിനു കാരണമായി പറയുന്നത് മണ്ണിൽ കളിക്കുവാനും കൂട്ടുകൂടുവാനും കുട്ടികളെ അനുവദിക്കുന്നതിനുള്ള മാതാപിതാക്കളുടെ വിമുഖതയാണ്. കൂട്ടുകൂടിയാൽ ചീത്തയാകുമെന്നും മഴയത്തും മണ്ണിലും കളിച്ചാൽ രോഗം വരുമെന്നുള്ള മാതാപിതാക്കളുടെ പേടി സമ്മാനിക്കുന്നത് കുട്ടികളുടെ സ്വഭാവവൈകല്യങ്ങളും സ്വഭാവ വൈകൃതങ്ങളുമാണ്. ഇവിടെയാണ് എബ്രഹാം ലിങ്കൺ എന്ന അപ്പൻ തന്റെ കുട്ടിയെ പഠിപ്പിക്കുന്ന ടീച്ചറിനയച്ച കത്തുകളിലെ വാക്കുകൾ പ്രസക്തമാകുന്നത്. "പുസ്തകത്തിലെ അറിവുകൾക്കപ്പുറം ആകാശത്ത് പാറിനടക്കുന്ന പറവകളെയും വെയിലത്ത് മൂളിപ്പറക്കുന്ന തേനീച്ചകളെയും ഹരിതഭംഗിയുള്ള കുന്നിൻചെരുവിൽ വിരിഞ്ഞുനിൽക്കുന്ന പൂക്കളെയും കാണാൻ അവന് സമയം കൊടുക്കണം." ആ നല്ല അപ്പന്റെ കാഴ്ചപ്പാടുകളെ ശരിവയ്ക്കുന്നതായിരുന്നു കഴിഞ്ഞകാല കേരളത്തിന്റെ ബാല്യകാലസ്മരണകൾ. മഴയത്ത് കളിച്ചും പറമ്പിൽ കിളച്ചും കാലിലും കൈയിലും മുറിവുകൾ ഉണ്ടാക്കിയും തോർത്തിൽ മീൻപിടിച്ചും ഇണങ്ങിയും പിണങ്ങിയുമുള്ള സൗഹൃദങ്ങളായിരുന്നു ആ ബാല്യത്തിന്റെ സമ്പാദ്യം. അതായിരുന്നു വളർച്ചയുടെ പടവുകളിലെ ആണിക്കല്ലുകൾ. കാരണം പിന്നീടുള്ള യാത്രകളിൽ പ്രതിസന്ധിയുടെ വേലിയേറ്റങ്ങളിൽ തളരാതെ പിടിച്ചുനിർത്തിയത് ഇത്തരത്തിൽ ബാല്യം സമ്മാനിച്ച നല്ല അനുഭവങ്ങളായിരുന്നു. ജീവിതത്തിൽ പിണങ്ങിയാൽ ഇണങ്ങണമെന്നും ഒന്നു വീണാൽ വീണ്ടും എഴുന്നേററ് ഓടണമെന്നും അവൻ പഠിച്ചത് ബാല്യത്തിന്റെ കളരിയിൽനിന്നാണ്. ജീവിതപ്രശ്നങ്ങളുടെ വരൾച്ചയിൽ തണൽ മരങ്ങളായി നിന്നത് ആ ബാല്യകാല സൗഹൃദങ്ങൾ തന്നെ.

കാലം മാറിയപ്പോൾ സൗഹൃദ സങ്കല്പങ്ങളും മാറി. കൂട്ടം വിട്ട് ഒറ്റപ്പെട്ട യാത്രകൾ തുടങ്ങി. മക്കളിൽനിന്നും മകനിലേക്കും മകളിലേക്കും മാറി. മാതാപിതാക്കൾക്കൊപ്പം ക്ലാസ് മുറികൾ നിന്നും റ്റ്യൂഷൻ സെന്ററുകളിലേക്ക് ഓട്ടമായി. വീട്ടിലെത്തിയാൽ ബ്ലൂവെയ്ലും പോക്കിമോനുമായി കൂട്ടുകാർ. ജീവിതസംതൃപ്തിയല്ല ജീവിതവിജയമാണ് വലുതെന്ന ആപ്തവാക്യങ്ങളുണ്ടായി. അടുത്തുള്ളതിനെക്കാളും വിരൽത്തുമ്പിലുള്ളതിനെ കൂടുതൽ വിശ്വാസമായി. തോളിൽത്തട്ടിയുള്ള ഒരു നല്ല വാക്കിനെക്കാളും ലൈക്കുകൾക്കായി 'വില' കൂടുതൽ. കാലിൽ മണ്ണുപറ്റിക്കാതെ നമ്മുടെ കുട്ടികൾ കമ്പ്യൂട്ടറിന്റെയും ടി.വിയുടെയും മുന്നിൽ മാത്രമായി ചടഞ്ഞുകൂടിയിരിക്കുമ്പോൾ വന്ന ദുരന്തം വലുതാണ്. വൈകാരിക – മാനസിക അപകചതകൾ ഏറിവരുന്നു എന്നതാണ് അതിൽ പ്രധാനം. കളിക്കളങ്ങളും സൗഹൃദയവലയങ്ങളും അപ്രത്യക്ഷമായതോടുകൂടി ഞാൻ, എന്റേത് എന്നു മാത്രമായി ലോകം ചുരുങ്ങി. പഴയ പിടിവാശികൾ ഒരു കരച്ചിലിൽ തീരുമ്പോൾ ഇന്നത് കയറിൻതുമ്പുകളിലേക്ക് നീങ്ങുന്നു. മറ്റൊരു ദുരന്തം കുട്ടികളിലെ ഏറിവരുന്ന ഡിപ്രഷനാണ്. ഇന്ന് കേരളത്തിലെ പത്ത് കുട്ടികളിൽ നാലുപേർക്ക് ഈ രോഗം ഉണ്ടെന്നാണ് കേരള ചൈൽഡ് ഹെൽത്ത് ഓർഗനൈസേഷന്റെ കണക്കുകൾ സൂചിപ്പിക്കുന്നത്. ഓർമ്മക്കുറവ്, മ്ലാനത, ആത്മഹത്യാ പ്രവണത തുടങ്ങിയവയെല്ലാം ഇതിന്റെ ബാക്കിപാത്രങ്ങളായി കുട്ടികളുടെ ജീവിതത്തിൽ കടന്നുകൂടി. ജീവിതശൈലി രോഗങ്ങൾ ഇക്കാലത്തിന്റെ മറ്റൊരു വലിയ സംഭാവനയാണ്. അമിതവണ്ണം പ്രതിരോധശക്തി ഇല്ലായ്മ എന്നിവയൊക്കെ കുട്ടികളുടെ നിതൃജീവിതത്തിന്റെ ഭാഗമായിമാറി.

കുട്ടികൾ ഇനി കൂട്ടുകൂടട്ടെ. മിഷൻലീഗും അൾത്താരബാലസംഖ്യവും യുവദീപ്തിയും വെറുമൊരു ഭക്തസംഘടനകൾക്കപ്പുറം നല്ല സൗഹൃദങ്ങളുടെ ഇടങ്ങളാകട്ടെ. അവർ ഇനി കളിക്കാൻ തൊടിയിലേക്കിറങ്ങട്ടെ. മഴയുടെ തണുപ്പും മഞ്ഞിന്റെ നൈർമല്യവും കുട്ടികൾ ആസ്വദിക്കട്ടെ. അഞ്ചാം സുവിശേഷമായി ഫ്രാൻസിസിലെ അസീസി കണ്ട പ്രകൃതിയിലേക്ക് നമ്മുടെ കുഞ്ഞുങ്ങൾ ഇറങ്ങട്ടെ. പൂവിലും പുഴുവിലും പുൽച്ചാടിയിലും തങ്ങളുടെ സഹോദരനെയും സഹോദരിയെയും കണ്ടെത്തട്ടെ.

"നിങ്ങൾ കുഞ്ഞുങ്ങളെപ്പോലെയാകുവിൻ
അവരെ നിങ്ങളെപ്പോലെയാക്കരുത്"

– ഖലീൽ ജിബ്രാൻ

Darsakan, P.B. No. 22, Kanjirapally-686 507. Ph: 9496877261
E-mail: darsakankply@gmail.com

# കത്തുകൾ - പ്രതികരണങ്ങൾ



## വ്യത്യസ്തതയുള്ള ദർശകൻ



**ക**ലുഷിതമായ ഭാരതത്തിന്റെ മതേതരത്വത്തെക്കുറിച്ച് പാമ്പ്ളാനിയച്ചന്റെ ലേഖനം മികച്ചതായിരുന്നു. സ്വാതന്ത്ര്യത്തോടനുബന്ധിച്ച് അഖണ്ഡ ഭാരതത്തിന്റെ ആത്മാവിനെ വർഗീയ ശക്തികൾക്ക് തീറെഴുതിക്കൊടുക്കുന്ന ബിജെപി സർക്കാരിന്റെ നയങ്ങൾ ചോദ്യം ചെയ്യപ്പെടേണ്ടതുതന്നെ. ന്യൂനപക്ഷ ധ്വംസനങ്ങളും ദളിതു പീഢനങ്ങളും തുടർക്കഥയാകുമ്പോൾ മൗനം വെടിയാത്ത പ്രതിപക്ഷത്തിന്റെയും സാംസ്കാരിക നായകന്മാരുടെയും നിലപാടുകൾ ദേശീയ നാണക്കേടു തന്നെ. ഭാരത പൗരന്റെ അഭിമാനത്തിനു കടയ്ക്കൽ കോടാലിവയ്ക്കുന്ന ഇത്തരം ശ്രമങ്ങളെ നാം ചെറുത്തു തോൽപ്പിക്കേണ്ടിയിരിക്കുന്നു. പ്രസക്തമായ വിഷയങ്ങൾ ചോദ്യം ചെയ്ത് ദർശകൻ ഇനിയും മുന്നേറട്ടെ. മറ്റു ക്രൈസ്തവ പ്രസിദ്ധീകരണങ്ങളെ അപേക്ഷിച്ച് വ്യത്യസ്തമായ വിഭവങ്ങൾ ഉൾക്കൊള്ളുന്ന ദർശകന്റെ ഓരോ ലക്കങ്ങളും വളരെ ഉപകാരപ്രദമാകുമെന്നതിൽ എനിക്ക് യാതൊരു സംശയവുമില്ല.

ഫാ. ഡേവിസ് മാടവന
വികാരി, സെന്റ് ജോസഫ് ചർച്ച്,
കളമശേരി, എറണാകുളം.




തിരുസഭ

# "നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ"

**വൈദികരും അത്മായരും തമ്മിലുള്ള ബന്ധം എങ്ങനെയുള്ളതായിരിക്കണം. " വൈദികരേ, നമ്മൾ അജപാലകരും, പിതാക്കന്മാരും അധ്യാപകരുമാണ്. ഒപ്പം, എല്ലാവരുടെയും സഹോദരരുമാണ്. വിശുദ്ധമായ സൗഹൃദമാണ് അടിസ്ഥാനഭാവം." പോൾ ആറാമൻ മാർപാപ്പയുടെ വാക്കുകൾ. വൈദികരും അത്മായരും തമ്മിലുള്ള ബന്ധം അതിഭാവുകത്വം നിറഞ്ഞതോ, അമിതബഹുമാനത്തിന്റെയോ അല്ല, മറിച്ച്, സാഹോദര്യത്തിന്റെയും സമത്വത്തിന്റെയുമാണത്. (Pastores Dabo vobis)**

**ബിനീഷ് കളപ്പുരയ്ക്കൽ**



ഫ്രാൻസീസ് മാർപാപ്പയുടെ പൊതുകൂടിക്കാഴ്ച നടക്കുകയാണ്. സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ ചത്വരം തിങ്ങിനിറഞ്ഞ് വിശ്വാസികൾ. മിന്നി ചിമ്മുന്ന ക്യാമറാഫ്ളാഷുകൾ. വിശ്വാസികളുടെ കരം ഗ്രഹിച്ച് പുഞ്ചിരിയോടെ കടന്നു പോകുന്ന ഫ്രാൻസീസ് മാർപാപ്പ. ജനക്കൂട്ടത്തിൽ നിന്നൊരാൾ ഉറക്കെ വിളിച്ചു; "എന്റെ പരിശുദ്ധ പിതാവേ", ആ ആളെ നോക്കി മാർപാപ്പയും തിരിച്ച് ഉറക്കെ വിളിച്ചു; "എന്റെ പരിശുദ്ധ മകനേ." ഇതേ മാർപാപ്പയാണ് ജനകോടികൾ വത്തിക്കാനിലും ടെലിവിഷനിലും ആകാംക്ഷയോടെ തന്റെ ആശീർവ്വാദത്തിനായി തല കുനിച്ചപ്പോൾ അവരുടെ മുന്നിൽ തല കുനിച്ച് നിന്നിട്ട് പറഞ്ഞത്; "ഞാൻ നിങ്ങളെ ആശീർവ്വദിക്കാം, പക്ഷേ, അതിനുമുമ്പ് നിങ്ങൾ എനിക്കായൊന്നു പ്രാർത്ഥിക്കുമോ.'' അച്ചൻ എനിക്കുവേണ്ടി ഒന്നു പ്രാർത്ഥിക്കുമോ എന്നേ നമ്മൾ പറഞ്ഞ് ശീലിച്ചിട്ടുള്ളൂ. അച്ചനുവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നുണ്ട് എന്നു പറയാറില്ല. ഫ്രാൻസീസ് മാർപാപ്പ തന്റെ ഈ പ്രവൃത്തികളിലൂടെ സൂചിപ്പിക്കുന്ന ഒരു കാര്യമുണ്ട്. വൈദികർ വിശ്വാസികളുടെ മുകളിലുമല്ല. താഴെയുമല്ല. കൂടെയാണ്. ഒരു ശരീരത്തിലെ പല ധർമ്മങ്ങൾ നിർവ്വഹിക്കുന്ന അവയവങ്ങളിലൊന്ന്. ഒന്നും ഒന്നിനേക്കാൾ മഹത്തരമോ നിസ്സാരമോ അല്ല. ശിരസ്സ് മാത്രമാണ് പ്രധാനം. സഭാശരീരത്തിന്റെ ശിരസ്സാവട്ടെ, വൈദികരോ സമർപ്പിതരോ മാർപാപ്പയോ അൽമായരോ ആരുമല്ല. അത് ഈശോയാണ്. ഈ സമത്വത്തിന്റെ സാഹോദര്യത്തിന്റെ യാഥാർത്ഥ്യം മറന്നുപോകുമ്പോൾ അകൽച്ചയുണ്ടാകുന്നു. ഒന്നിന്റെ വീഴ്ച മറ്റൊരാൾക്ക് വേദനയാവാതെ വരുന്നു. ഒന്ന് മറ്റൊന്നിനെ ചുമ്മാ കുറ്റം പറയുന്നു. ഒരു കൂട്ടർ മറ്റൊരു കൂട്ടരെ ധാർഷ്ട്യത്തോടെ ഭരിക്കുന്നു. ഒരാളുടെ വീഴ്ചയിൽ മറ്റു ചിലർ നിഗൂഢമായി ആനന്ദിക്കുന്നു.

വീണു കയ്യൊടിഞ്ഞാൽ കാലുകൾ മാറിയിരുന്നു ചിരിക്കുമോ? മുഖത്ത് കരി പുരണ്ടാൽ കൈകൾ കയ്യടിച്ച് കളിയാക്കുമോ? കണ്ണിൽ കരട് പോയാൽ ചെവിയും ചുണ്ടും കൂടി ചായക്കടയിൽ പോയിരുന്നു കരയുന്ന കണ്ണിനേപ്പറ്റി കുറ്റം പറയുമോ? ഇല്ല. ഒടിഞ്ഞ കൈകളുമായി കാലുകൾ ആശുപത്രിയിലേക്കോടും. മുഖത്ത് പുരണ്ട കരി കൈകൾ തുടയ്ക്കും. കരട് വീണു കണ്ണീരണിഞ്ഞ കണ്ണുകൾക്കൊപ്പം ചുണ്ടും വിതുമ്പും. ഇതുപോലെ സഭാശരീരത്തിലെ വ്യത്യസ്തമായ ശുശ്രൂഷ ചെയ്യുന്ന അവയവങ്ങളായ വൈദികരും അൽമായരും പരസ്പരം താങ്ങാവണം, തണലാവണം. വിശുദ്ധ ആഗസ്തീനോസ് വിശ്വാസികളോട് പറയുന്നു; "ഞാൻ നിങ്ങൾക്കു പിതാവാണ്. എന്നാൽ നമ്മളൊന്നിച്ച് നിൽക്കുമ്പോൾ ഞാൻ നിങ്ങളെപ്പോലെതന്നെ ഒരു ക്രിസ്ത്യാനിയുമാണ്."

പല സാഹചര്യങ്ങൾ കൊണ്ടും ഈ പാരസ്പര്യത്തിന്റെ യാഥാർത്ഥ്യം ഇല്ലാതായി പോകുന്നുണ്ട്. അതിനാൽ തന്നെ പലപ്പോഴും വൈദികരും അൽമായരും തമ്മിലുള്ള ആരോഗ്യകരമായ ഒരു സംവാദം നടക്കാറില്ല. ആ ബന്ധം ഒന്നുകിൽ അങ്ങേയറ്റം പൈങ്കിളിവത്ക്കരിക്കപ്പെട്ട ആരാധനയുടെയോ അതിബഹുമാനത്തിന്റെയോ ആവും. അല്ലെങ്കിൽ പൗരോഹിത്യവ്യക്തിത്വത്തെ പോലും അവഗണിക്കുന്ന വെറും കൂട്ടിന്റെയും അമിത പരിചയത്തിന്റെയും ആവാം. ഇതിന്റെ മധ്യത്തിലൊരു വഴിയുണ്ട്. അത് എന്താണെന്നറിയാം. സുവിശേഷത്തിലെ ഈശോയെ നോക്കിയാൽ മതി. ശിഷ്യന്മാർ ദൂരെ ഭക്ഷണം വാങ്ങാൻ പോയപ്പോൾ യാക്കോബിന്റെ കിണറിന്റെ അരികെ ഈശോ മണിക്കൂറുകൾ കാത്തിരുന്നു. അതിനൊരു ഉദ്ദേശ്യമുണ്ടായിരുന്നു സമരിയാക്കാരിയെ കണ്ടുമുട്ടാൻ. അവളോട് വളരെ കാഷലായി വെള്ളം ചോദിച്ചു. പിന്നെ അവളുടെ ആത്മാവിന്റെ ശൂന്യതയെ നിത്യജീവന്റെ ഉറവയാൽ നിറച്ചു.

ലാസർ എന്ന സ്നേഹിതനെ ജീർണ്ണതയുടെ കബറിടത്തിൽ നിന്നുയർപ്പിക്കുന്ന ഈശോ. അവന്റെ സഹോദരിമാരുടെ കണ്ണീരിനൊപ്പം കരഞ്ഞുപോയ ഈശോ. ജായ്റോസിന്റെ ഭവനത്തിലേക്ക് ഈശോ കടന്നു ചെല്ലുന്നത് മറ്റൊന്നിനുമല്ല, മരിച്ച് ആലിപ്പഴംപോലെ തണുത്ത പന്ത്രണ്ട് വയസുകാരിയുടെ കരം പിടിച്ച് അവളെ ജീവനിലേക്ക് ഉയിർപ്പിക്കാനായിരുന്നു. സക്കേവൂസിന്റെ ഭവനത്തിൽ കടന്നുചെല്ലുന്നതാവട്ടെ വെറുതേയൊരു രസത്തിനു പോയ വഴിക്ക് കയറിയതല്ല, അവനിൽ മാനസാന്തര അനുഭവമുണ്ടാക്കുന്നതിനും പിന്നെ ആ ഭവനത്തിനു രക്ഷ കൈവന്നിരിക്കുന്നു എന്ന് ആശംസിക്കാനുമായിരുന്നു. കാനായിലെ കല്യാണവീട്ടിൽ അവൻ അത്ഭുതപ്രവർത്തകനായി. ശിമയോന്റെ വീട്ടിൽ അവൻ പാപവിമോചകനായി. പത്രോസിന്റെ വീട്ടിൽ അവന്റെ അമ്മായിയമ്മയുടെ പനിയെ സുഖപ്പെടുത്തുന്ന സൗഖ്യദായകനായി. ഇവിടെയെല്ലാം ഈശോയുടെ സൗഹൃദം വെറുമൊരു കൂട്ട് മാത്രമായിരുന്നില്ല. ആത്മീയമായിരുന്നു. ഈശോയുടെ ഓരോ സൗഹൃദ ഇടപെടലുകൾക്കും ഒരു ആത്മീയ ലക്ഷ്യമുണ്ടായിരുന്നു. അൽമായർക്ക് വൈദികരോടുള്ള സൗഹൃദവും ആത്മീയമായിരിക്കണം.

പൗരോഹിത്യ വസ്ത്രം സ്വീകരിച്ച വൈദിക വിദ്യാർത്ഥികളോട് തമാശയായി അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവ് പറയാറുള്ള ഒരു നാടൻ ഉദാഹരണമുണ്ട്. നാട്ടിൻപുറങ്ങളിൽ വാഴക്കുലയിലെ കാ എണ്ണുമ്പോൾ ചുണ്ണാമ്പുതൊട്ട് എണ്ണാറുണ്ട്. എണ്ണിയ കാ വീണ്ടും എണ്ണാതിരിക്കാനാണിത്. ഇതുപോലെ ഇന്ന് ഈ പൗരോഹിത്യവസ്ത്രം ഈശോ നിങ്ങളെ അണിയിക്കുമ്പോൾ അവിടുന്ന് സ്നേഹത്തോടെ നിങ്ങളെ അടുത്ത് വിളിച്ചു വേർതിരിച്ചിരിക്കുന്നു. മറ്റൊരാൾക്കും അത്രമേൽ അവകാശം ഇനി നിങ്ങളുടെ മേൽ ഇല്ല. ഈ രീതിയിൽ വേർതിരിക്കപ്പെട്ടവരാണ് വൈദികർ എന്നൊരു ബോധം അൽമായർ വൈദികരുമായുള്ള സൗഹൃദത്തിൽ പുലർത്തേണ്ടതാണ്. ആ പരിശുദ്ധമായ അകലം പാലിക്കാൻ കഴിയുന്നില്ലെങ്കിൽ അടുക്കാതിരിക്കുന്നതാണ് നല്ലത്. വിശുദ്ധ ഫ്രാൻസീസ് അസീസിയെ പോർസ്യുങ്കലയിൽനിന്നും തന്റെ സന്ന്യാസഭവനത്തിലേക്ക് ക്ലാര ക്ഷണിച്ചപ്പോൾ അസ്സീസി ഒന്നേ പറഞ്ഞുള്ളൂ. പോർസ്യുങ്കലയിൽ നിന്നും സഹോദരിമാരുടെ ആശ്രമത്തോളം വെള്ളപൂക്കൾ വിരിയുന്ന നാളിൽ ഞാൻ വരാം. അതെ പിറ്റേന്ന് പ്രഭാതത്തിൽ തൂമഞ്ഞുപോലെ അസ്സീസിയിലെങ്ങും വെള്ളപ്പൂക്കൾ വിരിഞ്ഞു. ഈ വെള്ള പൂക്കളുടെ വഴിയിലൂടെ നടന്നുമാത്രമേ വ്യക്തികൾ തമ്മിൽ അടുക്കാവൂ. വൈദികരും അൽമായരും തമ്മിലാണെങ്കിലും അൽമായർ തമ്മിലാണെങ്കിലും. അകലങ്ങളൊന്നുമില്ലാതെ അടുക്കണമെങ്കിൽ വിശുദ്ധിയുടെ ഏഴാം കടലിനുമക്കരെ പ്രലോഭനങ്ങളുടെ തീക്കടൽ തുഴഞ്ഞ് കയറിയ വ്യക്തി ആയിരിക്കണം. വിശുദ്ധ ഫ്രാൻസീസ് മരണാസന്നനായിരിക്കുന്നു. സഹോദരന്മാർ പറഞ്ഞു; ''അങ്ങയെ കാണാൻ സഹോദരി ജാകോപോ വന്നിരിക്കുന്നു. ഇവിടെ സ്ത്രീകൾക്ക് പ്രവേശനമില്ലായെന്നു പറഞ്ഞ് ഞങ്ങൾ മടങ്ങിപ്പോകാൻ പറയട്ടെ.'' അപ്പോൾ ഫ്രാൻസീസ് പറഞ്ഞു; ''ആരാണ് പറഞ്ഞത് അത് ഒരു സ്ത്രീയാണെന്ന്, ബ്രദർ ജക്കോപയോറ്റ് കടന്നു വരാൻ പറയൂ" ഈ നിർമ്മമതയിൽ അസ്സീസി എത്തുന്നത് തന്റെ ജീവിത സായാഹ്നത്തിലാണെന്ന് മറക്കരുത്.

വൈദിക മന്ദിരത്തെ ഒരു ഓഫീസ് കെട്ടിടമായോ വൈദികരെ അവിടുത്തെ ഉദ്യോഗസ്ഥരായോ കാണരുത്. സഭയൊരു കോർപ്പറേറ്റ് സ്ഥാപനമല്ലായെന്നു ഫ്രാൻസീസ് മാർപാപ്പ ഓർമ്മിപ്പിക്കുന്നു. അങ്ങനെ കണ്ടാൽ അവിടെ വെറും കാര്യം കാണൽ മാത്രമാവും. വൈദികർ കൃപാവരത്തിന്റെ ഉദ്യോഗസ്ഥരല്ല, ശുശ്രൂഷകരാണെന്ന് പറയാറുണ്ട്. ഉദ്യോഗസ്ഥ ലോകത്ത് ഹൃദയമില്ല. അജപാലന കേന്ദ്രവും വൈദികമന്ദിരവുമൊക്കെ അളവില്ലാത്ത ദൈവകരുണയുടെയും ലാളിത്യത്തിന്റെയും സ്നേഹത്തിന്റെയും ഇടങ്ങളാണ്. ഓഫീസിന്റെ ഭാവമൊക്കെയുണ്ടെങ്കിലും ഒരു ആശ്രമത്തിന്റെ പരിശുദ്ധിയും അകലവും അദൃശ്യമായി അവിടെയുണ്ടെന്ന് അവിടെ ചെല്ലുന്നവർ ഓർക്കണം.

യഥാർത്ഥമായ ആത്മീയ സൗഹൃദത്തെ വിശുദ്ധ ഫ്രാൻസീസ് ദെ സാലസ് ഇങ്ങനെ വിശദീകരിക്കുന്നു: "നിങ്ങളുടെ പരസ്പര പങ്കുവയ്ക്കൽ, ഉപവി, ഭക്തി, ക്രിസ്തീയ പരിപൂർണ്ണത എന്നിവയെപ്പറ്റി ആണെങ്കിൽ നിങ്ങളുടെ സുഹൃദ്ബന്ധം അതിശ്രേഷ്ഠമാണ്. അത് ദൈവത്തിലേക്ക് നയിക്കുന്നതാകയാൽ അത്യുത്തമമാണ്. നമ്മുടെ കർത്താവ് വിശുദ്ധ യോഹന്നാൻ, ലാസർ, മർത്താ, മഗ്ദലന എന്നിവരെ പ്രത്യേകമായ സുഹൃദ്ബന്ധത്തോടെ സ്നേഹിച്ചിരുന്നു. വി. പത്രോസ് വി. മർക്കോസിനെയും വി. പെട്രോനിലയേയും വി. പൗലോസ് വി. തിമോത്തിയേയും ആർദ്രമായി സ്നേഹിച്ചിരുന്നു. വി. അംബ്രോസ് വി. മോനിക്കയുടെ അസാമാന്യമായ പുണ്യം കണ്ട് അവളെ പ്രത്യേകമായി സ്നേഹിച്ചിരുന്നുവെന്നും ദൈവദൂതനെപ്പോലെ വി. അംബ്രോസിനെ വി. മോനിക്കാ സ്നേഹിച്ചിരുന്നുവെന്നും വി. ആഗസ്തീനോസ് സാക്ഷ്യപ്പെടുത്തുന്നു."

പരസ്പരം വളർത്തുന്ന പ്രാർത്ഥിക്കുന്ന തിരുത്തുന്ന ആത്മീയ സൗഹൃദത്തിന്റെ കുന്തിരിക്ക ഗന്ധം വൈദിക അൽമായ ബന്ധങ്ങളുടെ വഴികളിൽ പരക്കട്ടെ. ആമ്മേൻ.





good food
CATERERS
KANJIRAPALLY | MUNDAKAYAM
email: goodfoodcatererskply@gmail.com
fssai Lic. No. 11314005001794

Sinu George
Manjananickal
Call: 8281240084
8281240095

ആരോഗ്യം

# കുട്ടികളിൽ അർബുദം ക്രമാതീതമായി വർദ്ധിക്കുന്നു



**പ്രതിവർഷം 20 വയസ്സിനു താഴെ 3 ലക്ഷത്തിനുമേലെ പുതിയ ക്യാൻസർ രോഗികൾ ഉടലെടുക്കുന്നു. അതായത് ദിവസം 700 പുതിയ രോഗികൾ. പ്രതിദിനം 250 ക്യാൻസർ ശിശുമരണങ്ങൾ, പ്രതിവർഷം 80,000 മരണങ്ങൾ. അപകടങ്ങൾ കഴിഞ്ഞാൽ ശിശുമരണങ്ങളുടെ രണ്ടാമത്തെ കാരണം ക്യാൻസറാണ്.**

**ഡോ. അനിറ്റ് ജോസഫ് കാരയ്ക്കാട്ട്,**
ഗവ. മെഡിക്കൽ കോളേജ്, തിരുവനന്തപുരം

**ജീ**വിതത്തിൽ വളരെക്കുറച്ചു കാര്യങ്ങൾക്കു മാത്രമേ എനിക്ക് നിർബന്ധങ്ങളുള്ളൂ. അതിൽ ഒന്ന് സാധിക്കുന്നിടത്തോളം എല്ലാ ദിവസവും രാവിലെ പരിശുദ്ധ കുർബാനയിൽ പങ്കെടുക്കുക എന്നുള്ളതാണ്. തിരിച്ചറിവായ കാലം മുതൽ ഇന്നുവരെ ഇക്കാര്യത്തിൽ കാര്യമായ മുടക്കം സംഭവിക്കാൻ ഞാൻ ഇടയാക്കിയിട്ടില്ല. കഴിഞ്ഞ ഒരു വർഷത്തിലധികമായി ഒരുപക്ഷേ കേരളത്തിൽ ഏറ്റവും അധികം രോഗികളായ കുഞ്ഞുങ്ങളെ കൊണ്ടുവരുന്ന ശ്രീ അവിട്ടം തിരുന്നാൾ ആശുപത്രിയിലാണ് ഞാൻ ജോലി ചെയ്യുന്നത്. അതുകൊണ്ടുതന്നെ രാവിലത്തെ പ്രഭാതബലിയിലുള്ള എന്റെ ഒരു പ്രാർത്ഥനാനിയോഗം ഈ കുട്ടികളാണ്. പിന്നീട് രാത്രിയാകുന്നതുവരെ ഈ രോഗികളായ കുഞ്ഞുങ്ങളുടെ (ജനിച്ച് മണിക്കൂറുകളായ കുഞ്ഞുങ്ങൾ തുടങ്ങി 12 വയസ്സുവരെയുള്ള) ഇടയിലൂടെയുള്ള ഒരു ഓട്ടപ്രദക്ഷിണമാണ്. കരളലിയിക്കുന്ന സങ്കടകാഴ്ചകൾ. നിസ്സാരമായി നോക്കി നില്ക്കുന്ന മാതാപിതാക്കൾ. കരഞ്ഞു കലങ്ങിയ കണ്ണുകളുമായി ഓടിനടക്കുന്ന ബന്ധുക്കളും സ്വന്തക്കാരും. ഇടയ്ക്കും തലയ്ക്കും അങ്ങുമിങ്ങും പമ്മിയും പതുങ്ങിയും നടക്കുന്ന മരണക്കാഴ്ചകൾ. ഒന്നുമറിയാതെ ആരുടെയൊക്കെയോ കരതലങ്ങളിൽ മയങ്ങുന്ന കുഞ്ഞുങ്ങൾ. ഹൃദയഭേദകമായ കാഴ്ചകളാണിത്. ഈയൊരു ബലിയർപ്പണത്തിന്റെ പശ്ചാത്തലത്തിലല്ലാതെ ഒരു സാധാരണ മനുഷ്യന് ഇത്തരത്തിലുള്ള അനുഭവങ്ങളെ നേരിടേണ്ടിവരിക ബുദ്ധിമുട്ടുള്ള കാര്യമാണ്. കുട്ടികളിലെ അർബുദപഠനങ്ങൾ നടത്തുന്ന അമേരിക്കൻ സംഘടന (എസിസിഎം) സെപ്തംബർ മാസം പ്രത്യേകമായി കുട്ടികളിൽ കാണുന്ന അർബുദരോഗത്തെക്കുറിച്ചുള്ള അവബോധം ആൾക്കാരിൽ എത്തിക്കാൻ ആവശ്യപ്പെട്ടിരിക്കുന്നു.

**കുട്ടികളിൽ കണ്ടുവരുന്ന പ്രധാന ക്യാൻസറുകൾ ഇവയാണ്:–**

1. ലുക്കീമിയ/രക്താർബുദം
2. തലച്ചോറിനെയും നട്ടെല്ലിനെയും ബാധിക്കുന്ന ക്യാൻസർ.
3. ന്യൂറോബ്ലാസ്റ്റോമ
4. വിൽമ്സ് ട്യൂമർ (Wilms' Tumor)
5. ലിംഫോമ
6. റാബ് ഡോമയോ സാർക്കോമ
7. റെറ്റിനോ ബ്ലാസ്റ്റോമ
8. അസ്തികളെ ബാധിക്കുന്ന അർബുദം

***രോഗകാരണങ്ങൾ:*** – മിക്ക ക്യാൻസറിന്റെയും കാരണങ്ങൾ വ്യക്തമല്ല. എന്നാൽ കണ്ടുപിടിക്കപ്പെട്ട ചില കാരണങ്ങൾ ഇവയാണ്:–

1. ജനിതകമാറ്റങ്ങൾ:– ഇത് പാരമ്പര്യമാകാം, അല്ലെങ്കിൽ ഈ മാറ്റം ഗർഭാവസ്ഥയിൽ സംഭവിക്കാം.
2. ചില പാരമ്പര്യരോഗങ്ങളും രോഗലക്ഷണ വർഗൈക്യവും (Familial Syndroms)
3. റേഡിയേഷനു വിധേയരായ കുട്ടികളിൽ ക്യാൻസർ ഉണ്ടാകാനുള്ള സാധ്യതയുണ്ട്.

   ഉദാ: ഗർഭാവസ്ഥയിൽ അമ്മയ്ക്ക് എക്സ്റേ എടുക്കുന്നത്; ജനിച്ചതിനുശേഷം കുട്ടികൾക്ക് അമിതമായി സി.റ്റി. സ്കാൻ എടുക്കുന്നതും റേഡിയേഷന് അവരെ വിധേയരാക്കുന്നു.
4. മാതാപിതാക്കൾ ക്യാൻസർ ജന്യ വിഷാംശങ്ങൾക്ക് വിധേയരായാലും കുട്ടികൾക്ക് ക്യാൻസറുണ്ടാകാനുള്ള സാധ്യതയുണ്ട്. ഉദാ: മാതാപിതാക്കൾ അമിതമായി കീടനാശിനികൾക്ക് വിധേയരായാൽ, കുട്ടികളിൽ ലുക്കീമിയ, മസ്തിഷ്കാർബുദം, കിഡ്നി ക്യാൻസറുകൾ കൂടുതലായി കാണാറുണ്ട്.
5. അണുബാധ: വൈറൽ അണുബാധയും ചില ക്യാൻസറുകൾക്ക് കാരണമാകാം.
6. ഗർഭിണികൾ പുകവലിച്ചാലും നിഷ്ക്രിയ ധൂമ പാനത്തിന് (passive smoking – മറ്റുള്ളവർ പുക വലിക്കുന്ന പുക ശ്വസിച്ചാൽ) വിധേയരായാലും കുട്ടികളിൽ ക്യാൻസറുകളുണ്ടാകാം.

*രോഗലക്ഷണങ്ങൾ:–*

കുട്ടികളിൽ അധികം രോഗലക്ഷണങ്ങൾ കണ്ടുവരാറില്ല. എന്നാൽ മാതാപിതാക്കൾ ശ്രദ്ധിക്കേണ്ട ചില ലക്ഷണങ്ങൾ ഇവയാണ്.

1. ശരീരത്തിലെവിടെയെങ്കിലും പുതിയതായി ഒരു മുഴ കാണുക.
2. ഉത്സാഹക്കുറവും വിളർച്ചയും തളർച്ചയും.
3. ശരീരത്തിൽ പെട്ടെന്നു മുറിവുകൾ/ ചുവന്ന പാടുകൾ പ്രത്യക്ഷപ്പെടുക.
4. ശരീരത്തിന്റെ ഒരു ഭാഗത്ത് വിട്ടുമാറാത്ത വേദന പറയുക.
5. വിട്ടുമാറാത്ത പനിയോ മറ്റു രോഗങ്ങളോ.
6. നിരന്തരമായ തലവേദന, കൂടെക്കൂടെ ഛർദ്ദിക്കുകയും ചെയ്യുക.
7. കാഴ്ചയിൽ മാറ്റങ്ങൾ: പെട്ടെന്നു കാഴ്ച മങ്ങുന്നതായി പറയുക.
8. പെട്ടെന്നു അമിതമായി ശരീരതൂക്കം കുറയുക.
9. സാധാരണമായി വളർന്നുകൊണ്ടിരിക്കുന്ന കുട്ടി പെട്ടെന്ന് നടക്കാതാവുക.
10. ചുഴലി രോഗം ഉണ്ടാകുക.

**പ്രധാന ക്യാൻസറുകൾ ഇവയാണ്:–**

**1. ലുക്കീമിയ / രക്താർബുദം :–**

മജ്ജയിൽനിന്നും രക്തത്തിൽ നിന്നുമുള്ള ക്യാൻസറാണിത്. കുട്ടികളിലുള്ള ക്യാൻസറുകളുടെ 30% ലുക്കീമിയയാണ്. അതിൽതന്നെ ഏറ്റവും പ്രധാനപ്പെട്ടത് അക്യൂട്ട് ലിംഫോസൈറ്റിക് ലുക്കീമിയയും (എ എൽഎൽ); അക്യൂട്ട് മൈലോസൈറ്റിക് ലുക്കീമിയയുമാണ് (എഎംഎൽ).

പ്രധാനലക്ഷണങ്ങൾ: അസ്ഥികൾക്കും സന്ധികൾക്കും വേദന, അമിത ക്ഷീണം, ബലക്ഷയം, വിളർച്ച, രക്തസ്രാവം, ശരീരത്തിൽ ചുവന്ന പാടുകൾ, പനി, അമിതമായി ഭാരം കുറയുക.

**2. തലച്ചോറിനെയും നട്ടെല്ലിനെയും ബാധിക്കുന്ന ക്യാൻസർ:–**

ഇവ 26% ആണ് ഉള്ളത്. അതിൽ പ്രധാനം മസ്തിഷ്കാർബുദമാണ്. തലവേദന, ഓക്കാനം, ഛർദ്ദി, കാഴ്ച മങ്ങുകയോ രണ്ടായി കാണുകയോ ചെയ്യാം; തലകറക്കം, ചുഴലി, നടക്കാനും സാധനങ്ങൾ കൈയിൽ പിടിക്കാനും ബുദ്ധിമുട്ട് എന്നിവയാണ് പ്രധാനലക്ഷണങ്ങൾ.

**3. ന്യൂറോബ്ലാസ്റ്റോമ:–**

ഇവ 6% വരുന്നു. ന്യൂറൽ ക്രസ്റ്റ് കോശങ്ങളുടെ അമിത വളർച്ച മൂലമുണ്ടാകുന്ന 10 വയസ്സിനു താഴെയാണ് കണ്ടുവരുന്നത്. ശരീരത്തിന്റെ ഏതു ഭാഗത്തും തുടങ്ങാം. പ്രധാനമായും വയറ്റിനുള്ളിലാണ് കണ്ടുവരുന്നത്, അതിൽതന്നെ അഡ്രിനൽ ഗ്രന്ഥിയിൽ ആണ് ഏറ്റവും കൂടുതൽ നിശ്ചിതമായ രോഗലക്ഷണങ്ങൾ ഇല്ലാത്തതുകൊണ്ട് രോഗനിർണ്ണയം താരതമ്യേന ബുദ്ധിമുട്ടാണ്. ക്ഷീണം, പനി, ഭക്ഷണത്തോടു വിരക്തി എന്നീ രോഗലക്ഷണങ്ങൾ കൂടാതെ, അർബുദം സ്ഥിതി ചെയ്യുന്ന ശരീരഭാഗത്തിനും അത് പടർന്നിരിക്കുന്ന ഭാഗങ്ങൾക്കും അനുസരിച്ച് മറ്റു രോഗലക്ഷണങ്ങൾ ഇപ്രകാരമാണ്.

**ഉദരത്തിൽ ക്യാൻസറുള്ളപ്പോൾ:** വയറു വീർക്കലും, ശോധനക്കുറവും.

**മാറിൽ:** ശ്വാസോച്ഛ്വാസത്തിന് ബുദ്ധിമുട്ട്

**സുഷുമ്ന:** നടക്കാനും നിൽക്കാനും മുട്ടിലിഴയാനും ബുദ്ധിമുട്ട്.

മജ്ജ: വിളർച്ച

സാധാരണയായി വളരുന്ന കുട്ടികൾക്ക് പെട്ടെന്ന് കാലിനു ബലക്കുറവ് കാണിക്കുകയും, നടക്കാതാകുകയും ചെയ്യുന്നതായി കണ്ടുവരാറുണ്ട്.

**4. വിൽമ്സ് ട്യൂമർ (Wilms' Tumor):–**

കിഡ്നിയെ ബാധിക്കുന്ന ക്യാൻസറാണിത്. ഒന്നിനെയോ ചിലപ്പോൾ രണ്ടു കിഡ്നിയേയും ബാധിക്കാം. 3–4 വയസ്സിലാണ് പ്രധാനമായും കാണപ്പെടുന്നത്. വയറ്റിൽ വേദനയില്ലാത്ത മുഴയായി തുടങ്ങുന്നു. മിക്കപ്പോഴും കുട്ടിയെ കുളിപ്പിക്കുമ്പോൾ അമ്മ കണ്ടുപിടിച്ചാണ് ആശുപത്രിയിൽ വരുന്നത്. ചുരുക്കം ചില വയറു വേദനയായും, മൂത്രത്തിൽ രക്താംശം, ബ്ലഡ് പ്ലഷർ കൂടിയും വരാറുണ്ട്. മറ്റു ചിലർ പനി, തൂക്കക്കുറവ്, ക്ഷീണമായും വരുന്നു. ഇതോടൊപ്പം മറ്റു മൂത്രാശയ രോഗങ്ങളും മറ്റ് അവയവങ്ങളെ ബാധിക്കുന്ന രോഗലക്ഷണ വർഗൈക്യത്തിന്റെ ഭാഗമായും പ്രത്യക്ഷപ്പെടാറുണ്ട്.

**5. ലിംഫോമ**

മനുഷ്യശരീരത്തിന്റെ രോഗപ്രതിരോധ സംവിധാനത്തിന്റെ ഭാഗമായ ലിംഫോസൈറ്റുകൾ എന്ന ശ്വേതരക്താണുക്കളെ ബാധിക്കുന്ന ഒരുതരം രക്താർബുദമാണിത്. ലിംഫ് ഗ്രന്ഥികളിലോ, റ്റോൺസിൽസിലോ, തൈമസ് ഗ്രന്ഥിയിലോ മജ്ജയിലോ തുടങ്ങാം. ലിംഫ് ഗ്രന്ഥികളുടെ വീക്കമാണ് പ്രധാനപ്പെട്ട ആദ്യലക്ഷണം. ക്ഷീണം, തൂക്കക്കുറവ്, പനി, അമിതമായി വിയർക്കുക എന്നിവയാണ് മറ്റു ലക്ഷണങ്ങൾ.

***പ്രതിരോധമാർഗ്ഗങ്ങൾ:–***

1. മാതാപിതാക്കൾ പുകവലിയും പുകയില ഉത്പന്നങ്ങളും ഒഴിവാക്കുക.
2. ഗർഭിണികൾ പോഷകസമൃദ്ധമായ ആഹാരം കഴിക്കണം.
3. കുഞ്ഞുങ്ങൾക്ക് കുറഞ്ഞത് 9 മാസമെങ്കിലും മുലപ്പാൽ നല്കുക. ഇത് രോഗപ്രതിരോധശക്തി വർദ്ധിപ്പിക്കുന്നു.
4. പോഷകസമൃദ്ധമായ ആഹാരങ്ങൾ – പച്ചക്കറികളും പഴവർഗ്ഗങ്ങളും കുട്ടികൾക്കു നല്കുക.
5. അമിതമായ ഉപ്പും മധുരവും ആഹാരത്തിൽ കുറയ്ക്കുക. പിസ, ചീസ്സ് എന്നിവ പരമാവധി ഒഴിവാക്കുക.
6. മൊബൈൽ ഫോണിന്റെ ഉപയോഗം പരിമിതപ്പെടുത്തുക. കാരണം കുട്ടികളുടെ തലയോട്ടി വളരെ മൃദുലമായതിനാൽ, ഇത് തലച്ചോറിന്റെ വളർച്ചയെ ദോഷകരമായി ബാധിക്കും.
7. വീടിനുള്ളിൽ കളനാശിനികൾ, കീടനാശിനികൾ എന്നിവ ഉപയോഗിക്കുന്നത് കുറയ്ക്കുക.
8. കുട്ടികളെ പുറത്ത് കളിക്കാൻ അനുവദിക്കുക. മണ്ണിൽ കളിക്കുന്നതുവഴി അവർക്ക് നേരിയ അസുഖങ്ങളുണ്ടായാലും അത് അവരുടെ രോഗപ്രതിരോധശക്തിയെ വർദ്ധിപ്പിക്കും.
9. വിഷാംശങ്ങൾ കുറഞ്ഞ പച്ചക്കറികളും പഴവർഗ്ഗങ്ങളും കുട്ടികൾക്ക് കൊടുക്കുക. പറ്റുമെങ്കിൽ ഇവ വീട്ടിൽ ഉത്പാദിപ്പിക്കുക.

**ക്യാൻസർ ചികിത്സയുടെ അനന്തരഫലങ്ങൾ**

മുൻപുള്ള വർഷങ്ങളെ അപേക്ഷിച്ച് ക്യാൻസർ ചികിത്സയിലുള്ള പുരോഗതി കാരണം (പുതിയ ചികിത്സാരീതികളാൽ കുട്ടികളുടെ ക്യാൻസർ മരണങ്ങളുടെ എണ്ണം കുറഞ്ഞിട്ടുണ്ട്. എന്നാൽ ക്യാൻസർ ചികിത്സ പൂർത്തിയാക്കിയ കുട്ടികൾക്ക്:–

1. ചികിത്സയുടെ അനന്തരഫലമായി മറ്റു ക്യാൻസറുകൾ, ഹൃദ്രോഗങ്ങൾ, ശ്വാസകോശരോഗങ്ങൾ എന്നിവ ഭാവിയിൽ ഉണ്ടാകാനും നേരത്തെ മരണങ്ങൾ സംഭവിക്കാനും സാധ്യതയുള്ളതിനാൽ അവർക്ക് തുടർച്ചയായി ഡോക്ടറുടെ നിരീക്ഷണം ആവശ്യമാണ്.
2. ചില കുട്ടികൾക്ക് പെരുമാറ്റ മാറ്റങ്ങൾ, പഠനവൈകല്യങ്ങൾ, ഓർമ്മക്കുറവ്, ഭയം, ഉറക്കക്കുറവ് എന്നിവ ഉണ്ടാകാം. അതിനാൽ അവർക്ക് പ്രത്യേക കരുതൽ വീട്ടിലും സ്കൂളിലും ആവശ്യമാണ്.

ആദരാഞ്ജലികൾ



എം. ഡി. ജോസഫ് (അപ്പച്ചൻ)
മണ്ണിപ്പറമ്പിൽ, കുരിശുംമൂട്ടിൽ, കാഞ്ഞിരപ്പള്ളി

കേരള സഭയ്ക്കും കാഞ്ഞിരപ്പള്ളി രൂപതയ്ക്കും നൽകിയ നിസ്തുല സംഭാവനകൾക്കു മുമ്പിൽ ആദരാഞ്ജലികളോടെ

കാഞ്ഞിരപ്പള്ളി രൂപതാ കുടുംബം

# ഓർമ്മതൻ ഓടക്കുഴലൂതി ഓണനിലാവ് ചിരിച്ചു വന്നു



ഓണം വരവായ്... ഓർമ്മകളിൽ ബാല്യത്തിന്റെ പുനർ ജനിയായി.
അതിരാവിലെ പൂവേ പൊലി, പൂവേ പൊലി പാടിക്കൊണ്ട് തൊടികൾ തോറും പൂ ഇറുത്തു നടന്ന കാലം
കാക്കപ്പൂവും, കാപ്പിപ്പൂവും, വാരിക്കൂട്ടി പത്തുനാൾ പൂവിട്ട കാലം...

- പൂമരം പൂത്ത വഴിയിൽ കൂടി
മാമരചാർത്തിനിടയിൽ കൂടി
ഓർമ്മതൻ ഓടക്കുഴലൂതി
ഓണനിലാവു ചിരിച്ചുവന്നു
(പി. കുഞ്ഞിരാമൻനായർ)

### ഓണച്ചൊല്ലുകൾ

- അത്തം കറുത്താൽ ഓണം വെളുക്കും
- അത്തം പത്തോണം
- ഉത്രാടം ഉച്ചയാകുമ്പോൾ അച്ചിമാർക്കു വെപ്രാളം
- ഓണം കഴിഞ്ഞാൽ ഓലപ്പുര ഓട്ടപ്പുര
- ഓണം വരാനൊരു മൂലം വേണം

### ഓണവാക്കുകൾ


ഓണസദ്യ, ഓണക്കോടി,
ഓണപ്പുടവ, ഓണപ്പൂവ്,
ഓണപ്പൂക്കൂട, ഓണപ്പാട്ട്,
ഓണക്കാലം, ഓണക്കളി,
ഓണക്കാഴ്ച, ഓണത്തപ്പൻ,
ഓണവില്ല്, ഓണപ്പൊട്ടൻ,
ഓണപ്പരീക്ഷ, ഓണമയക്കം

## ഐതിഹ്യം

ഒന്നിലധികമുള്ള ഐതിഹ്യങ്ങളുള്ള ആഘോഷമാണ് ഓണം. പ്രധാന ഐതിഹ്യം മഹാബലിയുടേതാണ്. അസുരരാജാവും വിഷ്ണുഭക്തനുമായിരുന്ന പ്രഹ്ളാദന്റെ പേരക്കുട്ടിയായിരുന്നു മഹാബലി. മഹാബലി എന്ന വാക്കിനർത്ഥം 'വലിയ ത്യാഗം ചെയ്തവൻ' എന്നാണ്. ദേവന്മാരെപ്പോലും അസൂയപ്പെടുത്തുന്നതായിരുന്ന മഹാബലിയുടെ ഭരണകാലം. എങ്ങുമെല്ലാവർക്കും സമൃദ്ധിയായിരുന്നു. മഹാബലിയുടെ ഐശ്വര്യത്തിൽ അസൂയാലുക്കളായ ദേവന്മാർ മഹാവിഷ്ണുവിന്റെ സഹായം തേടി. മഹാബലി 'വിശ്വജിത്ത്' എന്ന യാഗം ചെയ്യവേ വാമനനായി അവതാരം എടുത്ത മഹാവിഷ്ണു ഭിക്ഷയായി മൂന്നടി മണ്ണ് ആവശ്യപ്പെട്ടു. ആകാശം മുട്ടെ വളർന്ന വാമനൻ തന്റെ കാൽപ്പാദം അളവുകോലാക്കി. ആദ്യത്തെ രണ്ടടിക്കു തന്നെ സ്വർഗ്ഗവും ഭൂമിയും പാതാളവും അളന്നെടുത്തു. മൂന്നാമത്തെ അടിക്കായി സ്ഥലമില്ലാതെ വന്നപ്പോൾ മഹാബലി തന്റെ ശിരസ് കാണിച്ചുകൊടുത്തു. ആണ്ടിലൊരിക്കൽ അതായത് ചിങ്ങമാസത്തെ തിരുവോണ നാളിൽ തന്റെ പ്രജകളെ സന്ദർശിക്കുന്നതിന് അനുവാദവും വാമനൻ മഹാബലിക്കു നൽകി. അങ്ങനെ ഓരോ വർഷവും തിരുവോണ നാളിൽ മഹാബലി തന്റെ പ്രജകളെ അദൃശ്യനായി സന്ദർശിക്കാൻ വരുന്നുയെന്നതാണ് ജനങ്ങളുടെയിടയിലുള്ള വിശ്വാസം.

### സങ്കടങ്ങൾ

- പൂക്കളങ്ങളിൽ പ്ലാസ്റ്റിക് പൂക്കൾ നിറയുന്നു.
- അണുകുടുംബങ്ങൾക്ക് ഓണസദ്യയൊരുക്കി വൻകിട ഹോട്ടലുകൾ കാത്തിരിക്കുന്നു.
- കുടുംബാംഗങ്ങൾ ഒന്നിച്ചിരുന്ന് വീട്ടിലൊരുക്കുന്ന ഓണസദ്യ പഴങ്കഥയാകുന്നു.



Ajo Pezhumkattil

വായനക്കാർക്ക് ദർശകന്റെ ഓണാശംസകൾ




- അരിമയിലോണപ്പാട്ടുകൾ പാടി
പെരുവഴിതാണ്ടും കേവല,രെപ്പൊഴു–
മരവയർ പട്ടിണിപെട്ടവർ, കീറി–
പ്പഴകിയ കൂറ പുതച്ചവർ ഞങ്ങൾ;
നരയുടെ മഞ്ഞുകൾ ചിന്നിയ ഞങ്ങടെ
തലകളിൽ മങ്ങിയൊതുങ്ങിയിരിപ്പൂ
നിരവധി പുരുഷായുസ്സിന്നപ്പുറ–
മാളിയൊരോണപ്പൊൻകിരണങ്ങൾ
(വൈലോപ്പിള്ളി)

ദർശകൻ
വാല്യം 6
ലക്കം 9

# അശ്ലീലകാഴ്ചകൾക്ക് പ്രതിവിധികളുണ്ടാവണം

**പോർണോഗ്രഫി** ഇന്ന് കൗമാര-യുവതലമുറയുടെ ആസക്തികളുടെ പട്ടികയിൽ ഒന്നാമത് എത്തിയിരിക്കുന്നു. അശ്ലീല കാഴ്ചകളോടുള്ള ആസക്തിയുടെ കാര്യത്തിൽ സെറാടോണിൻ, ഡോപ്പമിൻ എന്നിവയുടെ തുടരെത്തുടരെയുള്ള ശക്തമായ ഒഴുക്ക് തലച്ചോറിന്റെ രസതന്ത്രത്തെ ബാധിക്കുകയും അത് വലിയ അടിമത്തത്തിലേക്ക് നയിക്കുകയും ചെയ്യുന്നു. സാധാരണയായി കൗമാരത്തിലാണ് ഈ കുരുക്കിൽ കുട്ടികൾ വീഴുന്നത്. ലൈംഗികവിദ്യാഭ്യാസത്തിന്റെ അഭാവവും അനാരോഗ്യകരമായ കൂട്ടുകെട്ടുകളും ഹോർമോൺ വ്യതിയാനങ്ങളും പുത്തൻ മാധ്യമ സങ്കേതങ്ങളുടെ അനിയന്ത്രിത കടന്നുകയറ്റവും ഇതിന്റെ കാരണങ്ങളായിത്തീരുന്നു. മതബോധനഗ്രന്ഥത്തിന്റെ 2523 ഖണ്ഡിക ഇപ്രകാരം പറയുന്നു: "യാഥാർത്ഥ്യമോ ഭാവനാസൃഷ്ടിയോ ആയ ലൈംഗികക്രിയകളെ അവയുടെ പങ്കാളികളുടെ സ്വകാര്യതയിൽനിന്ന് വേർപെടുത്തി മറ്റുള്ളവരുടെ മുമ്പിൽ മനഃപൂർവം പ്രദർശിപ്പിക്കുന്നതാണ് "അശ്ലീലകല." ദമ്പതികളുടെ ഏറ്റവും രഹസ്യമായ പരസ്പരദാനത്തിന്റെ പ്രകടനമായ ദാമ്പത്യപ്രവൃത്തിയെ വികലമാക്കുന്നതിനാൽ അതു ശുദ്ധതയുടെ ഭഞ്ജനമാണ്. അതിൽ പങ്കെടുക്കുന്നവരുടെ (നടീനടന്മാർ, വില്പനക്കാർ, കാഴ്ചക്കാർ) മാഹാത്മ്യത്തെയും അതു വ്രണപ്പെടുത്തുന്നു; കാരണം, ഓരോരുത്തരും മറ്റുള്ളവർക്ക് അധമമായ സന്തോഷവും അന്യായമായ ലാഭവും പ്രദാനം ചെയ്യുന്ന ഒരു വസ്തുവായിത്തീരുന്നു. ഉൾപ്പെട്ടിരിക്കുന്ന എല്ലാവരെയും അത് ഒരു ഭാവനാലോകത്തിന്റെ മായാദർശനത്തിൽ ആഴ്ത്തിക്കളയുന്നു. അതു ഗൗരവപൂർണമായ ഒരു തെറ്റാണ്. അശ്ലീല വസ്തുക്കളുടെ ഉത്പാദനവും വിതരണവും ഭരണാധികാരികൾ തടയേണ്ടതാണ്." (ശാസ്ത്രീയ പഠനങ്ങൾക്ക് : http://theporneffect.com)

**പോർണോഗ്രാഫി: അടിമത്തത്തിൽ നിന്ന് രക്ഷപെടാൻ 9 വഴികൾ**

1-വിശുദ്ധകുർബാനയിൽ നിരന്തരം പങ്കെടുത്ത് നിരന്തരം കുമ്പസാരിച്ച് വിശുദ്ധീകരിക്കപ്പെടുക.

2- സ്വയം കുറ്റപ്പെടുത്താതിരിക്കുക, നിരാശ ഉപേക്ഷിക്കുക. എന്നാൽ പ്രശ്നത്തിന്റെ ഉത്തരവാദിത്വം സ്വയം ഏറ്റെടുക്കുക.

3- ആസക്തി വളർന്നത് സാവധാനമെന്നതു പോലെ സൗഖ്യപ്പെടലും സമയമെടുക്കുന്ന പ്രക്രിയയാണെന്ന് മനസ്സിലാക്കുക.

4 - ഈ ആസക്തിയിൽ നിന്ന് സ്വയം മോചിതമാകുക അസാദ്ധ്യമെന്നതു കൊണ്ട് വ്യക്തതയോടെ സഹായിക്കാനാവുന്ന സഹകാരികളെ കണ്ടെത്തുക.

5- പ്രത്യാശ കൈവെടിയാതിരിക്കുക, ദൈവത്തിൽ വിശ്വാസമർപ്പിച്ചും കുടുംബത്തിന്റെയും സുഹൃത്തുക്കളുടെയും പിന്തുണയോടെയും അനേകരീ ആസക്തിയിൽ നിന്ന് മോചിതരായിട്ടുണ്ടെന്നറിയുക.

6- മാറ്റ് ഫ്രാഡ് എന്ന കത്തോലിക്കാ സുവിശേഷകന്റെ പ്രഭാഷണങ്ങൾ കേൾക്കുന്നതും VICTORY എന്ന മൊബൈൽ ആപ്പ് ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കുന്നതും ഉപകാരപ്രദം.

7- വ്യായാമത്തിലും കായിക പ്രവർത്തനങ്ങളിലും താല്പര്യത്തോടെ ഇടപെടുക.

8 യുവദീപ്തി, ജീസസ് യൂത്ത് മുതലായ സഭാ സംഘടനകളിലെ സജീവമായ പങ്കാളിത്തവും നേതൃത്വവും സാദ്ധ്യതകളെ വളർത്തുന്നതിന് സഹായകമാകും.

9 - ഗുണകരവും ആരോഗ്യപ്രദവുമായ ചില ശീലങ്ങളും ഹോബികളും വളർത്തിയെടുക്കുക, അത് ക്രിക്കറ്റാവാം, യാത്രകളാവാം



**ഡോ. ചാക്കോച്ചൻ ഞാവള്ളിൽ**
മരിയൻ കോളേജ്, കുട്ടിക്കാനം

## പാപ്പായ്ക്കു പറയാനുള്ളത്



### ക്രിസ്ത്യാനി ദരിദ്രനാകാൻ വിളിക്കപ്പെടുന്നവനാണ്

"ദരിദ്രരാകാൻ, നമ്മെത്തന്നെ ഉപേക്ഷിക്കാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു; ദരിദ്രരോടുകൂടിയായിരിക്കാനും, അടിസ്ഥാന ആവശ്യങ്ങളുടെ കുറവുള്ളവരുമായി പങ്കുവയ്ക്കുവാനും, ക്രിസ്തുവിന്റെ ശരീരത്തെ സ്പർശിക്കുന്നത് എപ്രകാരമെന്നതും നാം അഭ്യസിക്കണം. ദരിദ്രരെക്കുറിച്ച് സംസാരിക്കുന്ന നല്ല ക്രൈസ്തവനല്ല; അവരെ അഭിമുഖീകരിക്കുന്നവനാണ്, അവരുടെ കണ്ണുകളിലേക്കു നോക്കുന്നവനാണ്, അവരെ സ്പർശിക്കുന്നവനാകണം ക്രിസ്ത്യാനി"

"സ്നേഹിക്കുക എന്നതിനർത്ഥം അഴുക്കു പുരണ്ട കരങ്ങൾ ഗ്രഹിക്കുവാനുള്ള വ്യഗ്രതയും ദയനീയാവസ്ഥയിൽ ആയിരിക്കുന്നവരുടെ കണ്ണുകളിലേക്ക് ഉറ്റുനോക്കിക്കൊണ്ട് 'എനിക്ക്, നീ യേശുവാണ്' എന്ന് പറയുവാനുള്ള പ്രാപ്തിയും ആർജ്ജിക്കുകയാണ്."

### രോഗികൾ ഒറ്റയ്ക്കല്ല

"രോഗം കണ്ടുമുട്ടലിനും പങ്കുവയ്ക്കലിനും ഐക്യദാർഢ്യത്തിനും അവസരമൊരുക്കുന്നു. ഈയൊരു അവബോധവുമായി യേശുവിനെ മുഖാഭിമുഖം ദർശിച്ച രോഗാതുരർ പുനരുദ്ധരിക്കപ്പെട്ടു. സർവോപരി തങ്ങളെ കേൾക്കുന്നു, ആദരിക്കുന്നു, സ്നേഹിക്കുന്നു, എന്നവർക്ക് അനുഭവപ്പെട്ടു. രോഗം ഉണ്ടാകുമ്പോൾ തനിച്ചാണെന്ന് ആർക്കും തോന്നാതിരിക്കട്ടെ! ഒരു ഭാരമാണെന്നും ഒരിക്കലും തോന്നാതിരിക്കട്ടെ! ഓടി രക്ഷപെടാനുള്ള ആവശ്യകതയും രോഗികളിൽ ഒരാൾക്കും അനുഭവപ്പെടാതിരിക്കട്ടെ. ദൈവികനയനങ്ങളിൽ രോഗികൾ ഓരോരുത്തരും അമൂല്യരാണ്."

## അറിയിപ്പ്

ദർശകനിൽ പ്രസിദ്ധീകരിക്കാനുള്ള വാർത്തകൾ, ചിത്രങ്ങൾ, പരസ്യങ്ങൾ എന്നിവ എല്ലാ മാസവും 15-ാം തീയതിക്കു മുമ്പായി ദർശകൻ ഓഫീസിൽ എ ത്തിക്കേണ്ടതാണ്. അല്ലാത്തവ പ്രസിദ്ധീകരിക്കുന്നതല്ല. പ്രസിദ്ധീകരിക്കാൻ തരുന്നവ തിരികെ നൽകുന്നതല്ല.

## മദ്യവിരുദ്ധ സമിതി - ഫൊറോനാ ഡയറക്ടേഴ്സ്

കാഞ്ഞിരപ്പള്ളി രൂപതയിലെ മദ്യവിരുദ്ധപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവ് താഴെപ്പറയുന്ന വൈദികരെ ഫൊറോനാ ഡയറക്ടേഴ്സ് ആയി നിയമന പത്രം നൽകി അധികാരപ്പെടുത്തി.

1. ഫാ. ജോസഫ് കുന്നിപ്പുരയിടത്തിൽ - കാഞ്ഞിരപ്പള്ളി, 2. ഫാ. മാത്യു വാണിയപ്പുരയ്ക്കൽ - എരുമേലി, 3. ഫാ. തോമസ് പരിന്തിരിക്കൽ - മുണ്ടക്കയം, 4. ഫാ. റോബിൻസ് മറ്റത്തിൽ - പൊൻകുന്നം, 5. ഫാ. ജോൺ മഞ്ഞനാനി - പത്തനംതിട്ട, 6. ഫാ. സിൽവാനോസ് മഠത്തിനകം - റാന്നി, 7. ഫാ. വർഗീസ് കാഞ്ഞമല - അണക്കര, 8. ഫാ. ജോർജ് കൊച്ചുപറമ്പിൽ - കട്ടപ്പന, 9. ഫാ. ദേവസ്യ തൂമ്പുങ്കൽ - കുമളി, 10. ഫാ. തോമസ് പ്ലാത്തറവയലിൽ - ഉപ്പുതറ

# ഓണത്തിന് ജൈവ പച്ചക്കറികളുമായി കുട്ടി കർഷകർ

**ഓ**ണത്തിന് ഒരുമുറം പച്ചക്കറി എന്ന കൃഷി വകുപ്പിന്റെ സംരഭത്തിന് മുമ്പേ ഒരു മരം പച്ചക്കറിയുമായി കുട്ടികർഷകർ രംഗത്ത്.

കട്ടപ്പന സ്വരാജ് സയൺ പബ്ലിക് സ്കൂളിലെ ഒന്നാം ക്ലാസിലെയും നാലാം ക്ലാസിലെയും വിദ്യാർത്ഥികളായ ടോമും ജോയലുമാണ് പച്ചക്കറി കൃഷിയിൽ മികവ് തെളിയിച്ചത്. ലബ്bക്കട കൊച്ചുപറമ്പിൽ സെബാസ്ററ്യൻറെയും ലിൻസിയുടെയും മക്കളായ ടോമും ജോയലും സ്കൂളിൽ പോകുന്നത്തിനു മുമ്പും സ്കൂൾ കഴിഞ്ഞു വരുന്ന സമയങ്ങളിലും ഒഴിവു ദിനങ്ങളിലുമാണ് വിനോദങ്ങൾ ഒഴിവാക്കി കൃഷിക്കായി സമയം നീക്കി വയ്ക്കുന്നു. പൂർണ്ണമായും ജൈവരീതിയിൽ കൃഷി ചെയ്യുന്ന ഇവർ ചാണകവും ചാരവും വേപ്പിൻ പിണ്ണാക്കുമാണ് വളമായി നൽകുന്നത് . ഗോമൂത്ര-കാന്താരി മിശ്രിതവും മാലിമുളക് ലായനിയും പഴങ്കഞ്ഞി വെള്ളവും കീടങ്ങളെ തുരത്തുവാൻ മാതാപിതാക്കളുടെ സഹായത്തോടെ ഇവർ ഉപയോഗിക്കും . വീടിന്റെ പരിസരങ്ങളും മുൻവശവുമാണ് പൂചെടികൾ വേണ്ടന്നുവച്ചു പച്ചക്കറികൾക്കായി ഇവർ കണ്ടെത്തിയിരിക്കുന്നത് കൂടാതെ നുറിലധികം ഗ്രോബാഗുകളിലും പച്ചക്കറികൾ വളർത്തുന്നു ഉള്ളി, സവോള, ഉരുളക്കിഴങ്ങു ,പാവൽ, പയർ, തക്കാളി , കാബേജ്,പച്ചമുളക്,വഴുതന ,മുരിങ്ങ , അഗത്തിചീര , കാരറ്റ് ,ബീട്രൂട്ട് , തുടങ്ങി ഇരുപത്തഞ്ചിൽ പരം ഇനം പച്ചക്കറികൾ ഇവർ നട്ടു വളർത്തുന്നു.



*ടോമും ജോയലും തങ്ങളുടെ കൃഷിയിടത്തിൽ.*

പിതാവ് സെബാസ്റ്റ്യൻ കുട്ടിക്കാനം മരിയൻ കോളേജ് ജീവനക്കാരനാണ് മാതാവ് ലിൻസി മുരിക്കാട്ടുകുടി ഗ വ.സ്കൂളിലെ അധ്യാപികയാണ് വീട്ടിലെ ഉപയോഗത്തിന് ശേഷംലഭിക്കുന്ന പച്ചക്കറികൾ മാതാപിതാക്കളുടെ സ്ഥാപനങ്ങളിലെ സഹപ്രവർത്തകർക്ക് നൽകുകയാണ് ചെയ്യുന്നത്. പുർണമായും ജൈവ രീതിയിൽ കൃഷി ചെയ്യുന്നതിനാൽ ആവശ്യക്കാർ ഏറെ ഉണ്ട് എന്നതും ഈ കുട്ടികൾക്ക് പ്രോത്സാഹനമാകുന്നു ഓണത്തിന് ഒരുമുറമല്ല അനേകം മുറം പച്ചക്കറികൾ വിളവെടുക്കുകയാണ് ഈ മിടുക്കന്മാർ



Youth Special

# യുദ്ധം ജയിക്കുന്ന പ്രണയം; പ്രണയം പരാജയപ്പെടുന്ന ജീവിതം

**ബം**ഗളൂരു സാറ്റലൈറ്റ് ബസ്സ്റ്റാൻഡിൽ നിന്ന് സാധാരണ പോലെ മാനന്തവാടിക്ക് ബസ് (മൈസൂർ ബസ്) കയറി. സീറ്റ് അന്വേഷിച്ചു നടന്നിട്ട് ആകെ ബാക്കിയുള്ള ഒരു സീറ്റ് ഒരു മുസ്ലിം വനിതയുടെ സമീപത്താണുണ്ടായിരുന്നത്. അവരോട് അനുവാദം ചോദിച്ച് അവിടിരുന്നു. തല മൂടി കറുത്ത കുപ്പായമണിഞ്ഞ അവർ കുറച്ചു കഴിഞ്ഞപ്പോൾ ബാഗിൽ നിന്നും കടലയുടെ പാക്കറ്റ് എടുത്ത് കഴിക്കാൻ തുടങ്ങി. അല്പസമയം കഴിഞ്ഞപ്പോൾ പതിയെ ചാരിയിരുന്ന് ഉറങ്ങാൻ ശ്രമിക്കുന്ന എന്റെ നേരെ അവർ ആ പാക്കറ്റ് നീട്ടി. അപരിചിതത്വത്തിന്റെ ചളിപ്പിൽ ഞാൻ ആദ്യം നിഷേധിച്ചെങ്കിലും പിന്നീട് അതിൽ നിന്നും മൂന്നാലെണ്ണം എടുത്തു. എന്നിട്ട് ചോദിച്ചു, 'മലയാളിയാണോ?' സംസാരിക്കാൻ വലിയ താല്പര്യം അവർ ആദ്യം കാണിച്ചില്ലെങ്കിലും സാവധാനം ഓരോ കാര്യങ്ങൾ ചോദിച്ചും പറഞ്ഞും എന്റെ ജോലിയിലേക്കെത്തി. ജോലിയല്ല, ഞാനൊരു കത്തോലിക്കാ പുരോഹിതനാണ്, എന്നു പറഞ്ഞു. പെട്ടെന്ന് അവർ ആ കറുത്ത മുഖാവരണം ഉയർത്തി, അവിശ്വസനീയം എന്നൊരു മുഖഭാവത്തിൽ അവർ ചോദിച്ചു, 'അച്ചനാണൊ???' സിവിൽ ഡ്രെസ്സിൽ ആയിരുന്ന എനിക്ക് എന്തോ ഒരു കുറവ് തോന്നി... ഞാൻ പറഞ്ഞു, 'അതെ'. ഒരു തിളക്കമോ നനവോ പോലെ എന്തോ അവരുടെ കണ്ണുകളിൽ ഞാൻ കണ്ടു. പതിയെ അവർ മുഖം തിരിച്ചു. പുറത്തെ കാഴ്ചകളിലേക്ക്...

രണ്ടര മണിക്കൂറോളം നീണ്ട ആ യാത്രയിൽ സാവധാനം വീണ്ടും അവർ എനിക്ക് മുഖം തന്നു. നനഞ്ഞൊട്ടിയ കൺപീലികൾ ഞാൻ കണ്ടു. അവർ കരഞ്ഞിട്ടുണ്ടെന്നത് എന്റെ തോന്നലാണോ എന്ന് ചിന്തിക്കുമ്പോൾ തന്നെ അവർ പറഞ്ഞ വാക്കുകളിൽ എല്ലാമുണ്ടായിരുന്നു. ഒരു ക്രൈസ്തവ കുടുംബത്തിൽ പിറന്ന പെൺകുട്ടി എങ്ങനെ ഈ കറുത്ത കുപ്പായത്തിന്റെ മറയ്ക്കുള്ളിൽ അടച്ചിടപ്പെട്ടു എന്ന ചോദ്യത്തിന് എല്ലാ കഥകളിലുമെന്നത് പോലെ ഒരു ഗാഢപ്രണയത്തിന്റെ പശ്ചാത്തലമുണ്ടായിരുന്നു. വിവാഹം കഴിക്കാൻ തീരുമാനിച്ച് വീട്ടുകാരോട് എതിരിട്ടു പോരുമ്പോൾ തനിക്ക് അയാൾ വാഗ്ദാനം ചെയ്ത പൂർണസ്വാതന്ത്ര്യത്തിൽ അവൾക്ക് ഉറപ്പുണ്ടായിരുന്നു. മതം മാറണ്ട, മക്കളെ ക്രിസ്ത്യാനികളാക്കി വളർത്താം, പഠനം തുടരാം, ജോലിക്ക് പോകാം... എന്നിങ്ങനെ തേനിൽ പൊതിഞ്ഞെറിഞ്ഞിട്ട എല്ലാ വാക്കുകളും വാഗ്ദാനങ്ങളും ഓരോന്നോരോന്നായി ലംഘിക്കപ്പെടുന്നത് നിറകണ്ണുകളോടെ അവൾ കണ്ടുനിന്നത്രേ. ഇരുപത്തിരണ്ടാമത്തെ വയസിൽ വീട് വിട്ടു. ഇന്ന് മുപ്പത്തിയഞ്ച്. പതിമൂന്നു വർഷങ്ങൾക്കിപ്പുറം ജീവിതം ഒരു ശൂന്യത മാത്രമാണെന്നും നിരാശയാണ് സ്ഥായിഭാവമെന്നും ആ കണ്ണുകളും രോഗബാധിതമായ ശരീരവും ഏറ്റുപറഞ്ഞു (മരുന്ന് കഴിക്കുന്നത് കൃത്യസമയത്തു വേണമത്രേ... മൊബൈലിൽ അലാറം വച്ചിട്ടുണ്ട്).

സാഹിത്യഭംഗിയിൽ അവർ പറഞ്ഞ കഥയല്ല ഇത്. കേട്ട വാക്കുകളെല്ലാം കൊരുത്തെടുത്തതും ബാക്കി പരിചയം കൊണ്ട് ഊഹിച്ചെടുത്തതുമാണ്. ഒരു വൈദികനെ കണ്ട സന്തോഷത്തിൽ ക്രമമില്ലാതെ കുറച്ചൊക്കെ മനസ് തുറന്ന് അവർ ഏതോ ലോകത്തിലേക്ക് സാവധാനം മുഴുകിപ്പോകുന്നത് കൺകോണുകളിലൂടെ ഞാൻ കണ്ടിരുന്നു. നഷ്ടസ്വപ്നങ്ങളേയും സൗഭാഗ്യങ്ങളെയും ആ മനസ് വല്ലാതെ കൊതിക്കുന്നുണ്ട്. വിട്ടിറങ്ങിപ്പോന്ന വീട് അവരെ പ്രലോഭിപ്പിക്കുന്നുണ്ട്. അപ്പന്റെയും അമ്മയുടെയും കരുതലുള്ള ആ പഴയ സ്നേഹത്തിനായി ഹൃദയം തുടിക്കുന്നുണ്ട്. രാവിലെ എഴുന്നേറ്റ് പള്ളിയിലേക്കോടാൻ കാലുകൾ കുതിക്കുന്നു. ഉച്ചത്തിൽ പാട്ടു പാടാൻ കുർബാന കൈക്കൊള്ളാൻ, കുമ്പസാരിക്കാൻ, സിമിത്തേരിയിൽ പോയി പ്രാർത്ഥിക്കാൻ, കൂട്ടുകാരോടൊത്ത് പാറി നടന്ന പഴയ നാട്ടുവഴികളിൽ ഒരിക്കലൂടെ ഓടി നടക്കാൻ....

ഒരിറ്റു കണ്ണീരിൽ എല്ലാം അലിഞ്ഞില്ലാതാകുന്നു...

ഒരു ദീർഘനിശ്വാസത്തിൽ വേദനകളെ അവർ ലയിപ്പിച്ചു കളയുന്നു.

പതിയെ വീണ്ടും ബസിന്റെ സീറ്റിലേക്ക് ചാരുമ്പോഴാണ് ഫേസ്ബുക്കിൽ ഈ പോസ്റ്റ് പൊന്തിവരുന്നത്. 24 വയസ്സുള്ള പാലാക്കാരി നസ്രാണി പെൺകുട്ടി വീണ്ടും മലപ്പുറത്തേക്ക്.... വർഷങ്ങൾക്കപ്പുറം ഏതെങ്കിലുമൊരു അന്യസംസ്ഥാന ബസിൽ ഒരു വൈദികന്റെ ചാരത്തിരുന്ന് ഒരിറ്റ് കണ്ണീരൊഴുക്കാൻ ഇവൾക്ക് കഴിയുമോ? വേണ്ടിയിരുന്നില്ല കുഞ്ഞേ...

ശിരസ്സ് താഴ്ത്തി... നിശബ്ദരായി... സാവധാനം... കൊല്ലാൻ കൊണ്ട് പോകുന്ന കുഞ്ഞാടുകളെപ്പോലെ പെൺകുട്ടികൾ ഇറങ്ങിപ്പോവുകയാണ്... ഹൃദയവേദനയോടെ നാം നോക്കി നിൽക്കുകയും...

അവർ ഉറങ്ങാൻ തുടങ്ങിയിരിക്കുന്നു....

**നോബിൾ തോമസ് പാറയ്ക്കൽ**

# ശുദ്ധമായ ദാഹജലം കിട്ടാതെ ഇരുനൂറുകോടി ജനങ്ങൾ



**ലോ**കജനസംഖ്യയിൽ പത്തിൽ മൂന്നുപേർ ശുദ്ധമായ ദാഹജലം കിട്ടാതെയും പത്തിൽ ആറുപേർ ശുചീകരണസംവിധാനങ്ങളുടെ അപര്യാപ്തതമൂലവും വലയുന്നു. ലോകാരോഗ്യസംഘടനയുടെയും (WHO) യുനിസെഫിന്റെയും റിപ്പോർട്ടിലാണ് ഇതു പറയുന്നത്. ഇതിൽ ഒരു വർഷം 3,61,000 കുഞ്ഞുങ്ങൾ ശുദ്ധജലം കിട്ടാതെ മരിക്കുന്നു. ജലമാർഗം പകരുന്ന കോളറ, മഞ്ഞപ്പിത്തം, ടൈഫോയിഡ് എന്നീ രോഗങ്ങൾ മൂലമാണ് ഇവർ മരിക്കുന്നത്. 84.4 കോടി ജനങ്ങൾ ഇന്നുവരെയും ജീവിതത്തിൽ ശുദ്ധജലം കിട്ടാത്തവരാണ്. അതിൽ 26.3 കോടി ജനങ്ങൾ അരമണിക്കൂറിലേറെ നടന്നാണ് വെള്ളം സംഭരിക്കുന്നത്. 15.9 കോടി ജനങ്ങൾ നദികളിലെയോ തടാകങ്ങളിലെയോ ശുദ്ധീകരിക്കാത്ത വെള്ളം കുടിക്കുന്നു. 60 കോടിജനത്തിന് സ്വന്തം ശൗചാലയങ്ങൾ ഇല്ല. നഗരവാസികളായ 89.2 കോടി ജനങ്ങൾക്ക് കുളിമുറികൾ ഇല്ല. തുറസ്സായ സ്ഥലങ്ങളാണ് ശരണം. ലോകാരോഗ്യസംഘടനയുടെയും യുനിസെഫിന്റെയും വാർഷിക റിപ്പോർട്ടിലാണ് ഈ വിവരങ്ങൾ പുറത്തുവിട്ടത്.



ചെങ്ങളം സെന്റ് ആന്റണീസ് തീർഥാടന ദൈവാലയത്തിൽ നടന്ന ഫാ. അലക്സാണ്ടർ വയലുങ്കലിന്റെ ഒന്നാം ചരമവാർഷിക ദിനത്തിലെ ശ്രാദ്ധനേർച്ച വെഞ്ചരിപ്പ് കാഞ്ഞിരപ്പള്ളി രൂപത പ്രൊക്യുറേറ്റർ ഫാ. മാർട്ടിൻ വെള്ളിയാംകുളം നിർവഹിക്കുന്നു.

## അനുയോജ്യമായ കളർ ചെയ്ത് സന്ദർഭം വ്യക്തമാക്കുക

നിങ്ങളുടെ വിലാസത്തോടൊപ്പം ഫോൺ നമ്പരും ഇടവകയുടെ പേരും ചേർക്കാൻ മറക്കരുതേ.
ദർശകൻ, പി.ബി. നമ്പർ 22, കാഞ്ഞിരപ്പള്ളി – 686 507.
ശരിയുത്തരം അയയ്ക്കുന്നവരിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ആകർഷകമായ സമ്മാനം. മത്സരം 15 വയസിൽ താഴെയുള്ളവർക്ക് മാത്രം.
കഴിഞ്ഞ ലക്കത്തെ വിജയികൾ: 1) റോസ് റോബിൻ, കാഞ്ഞിരത്തുംമൂട്ടിൽ, അന്ത്യാർതൊളു. 2)അനി മറിയം ബിജു, ചിറ്റേടത്ത്, ഇളങ്ങുളം. 3)ജിൽസ് സണ്ണി, പനച്ചിക്കുന്നേൽ, എരത്വാപ്പുഴ.



വര: ജോയി നിരപ്പേൽ

കവർസ്റ്റോറി

1-ാം പേജിൽ നിന്നു തുടർച്ച...

# അഭ്യസ്ത വിദ്യരുടെ തൊഴിലില്ലായ്മ രൂക്ഷം...

**മാത്യു എബ്രഹാം**
സാമ്പത്തികശാസ്ത്രജ്ഞൻ

"കഴിഞ്ഞ 4 വർഷമായി ഗൾഫിൽ ആയിരുന്നു. സാമ്പത്തികമാന്ദ്യം മൂലം ജോലി പോയി. ഇപ്പോൾ നാട്ടിൽ ഒരു ചെറുകിട ബിസിനസ് തുടങ്ങാൻ കേന്ദ്രസർക്കാരിന്റെ വായ്പയ്ക്കായി അപേക്ഷിച്ചിട്ട് കാത്തിരിക്കുന്നു. ഏതാനും വർഷങ്ങളായി ഇതിലൂടെ അലഞ്ഞുതിരിയുന്നു.'' (ഗൾഫിൽനിന്നു തിരിച്ചു വന്ന പ്രവാസി)

"അഞ്ചരലക്ഷം രൂപാ ബാങ്കു വായ്പയെടുത്ത് പഠിച്ചിറങ്ങി. ഇപ്പോൾ ബാങ്ക് കോച്ചിംഗിനു പോകുന്നു. മാസാമാസം ലോൺ തിരിച്ചടയ്ക്കാനാവാതെ ബുദ്ധിമുട്ടുന്നു" (ഐ.ടി. പ്രൊഫഷണൽ).

"രണ്ടു പി.ജി.വരെ ചെയ്തു. ഇപ്പോൾ പി.എസ്.സി. കോച്ചിംഗിനു പോകുന്നു. പലതും എഴുതിയെങ്കിലും ഇതുവരെ ഒന്നും ശരിയായില്ല." (പി.ജി. വിദ്യാർത്ഥിനി). ഒട്ടും ആശാവഹമല്ലാതെയാണ് കേരളത്തിലെ യുവജനങ്ങൾ പഠിച്ചിട്ടിറങ്ങുന്നത്. പ്രത്യേകിച്ച് വിദേശങ്ങളിൽ പരിചയക്കാരില്ലാത്തവരും സാമ്പത്തികബുദ്ധിമുട്ടുകൾ ഉള്ളവരും. ഓട്ടോമൊബൈൽ, മെറ്റൽ, തുകൽ, ടെക്സ്റ്റൈൽസ്, ഗതാഗതം, ഐടി എന്നീ പ്രധാന വ്യവസായ മേഖലകളിൽ രാജ്യത്ത് കഴിഞ്ഞ 2 വർഷങ്ങളായി എട്ടു ശതമാനമാണ് വളർച്ച കുത്തനെ കുറഞ്ഞത്. തൊഴിൽ മന്ത്രാലയം ഔദ്യോഗികമായി സ്ഥിരീകരിച്ച കണക്കുകളിൽ ഈ മേഖലകളിലെല്ലാം തന്നെ അനേകർക്ക് തൊഴിൽ നഷ്ടമായതായി ചൂണ്ടിക്കാട്ടുന്നു. ജിഎസ്ടി, നോട്ടുനിരോധനം വന്നതോടെ ഇത് വളരെ രൂക്ഷവുമായി.

**ഞെട്ടിപ്പിക്കുന്ന കണക്കുകൾ**

2011 ലെ സെൻസസനുസരിച്ച് കേരളജനസംഖ്യ 3.34 കോടിയാണ്. ഇത് 2030 ആകുമ്പോൾ ഏകദേശം 3.80 ആകും. പക്ഷേ, ഇതിനനുസരിച്ചു തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നില്ല. ഓരോ വർഷവും 17 നും 25 നും ഇടയിൽ പ്രായമുള്ള അഞ്ചുലക്ഷത്തോളം വരുന്ന കേരളയുവജനങ്ങളാണ് തൊഴിൽ അന്വേഷിച്ചിറങ്ങുന്നത്. ജനസംഖ്യാനുപാതികമായി തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ഇവിടുത്തെ രാഷ്ട്രീയ - സാമൂഹ്യ - സാമ്പത്തിക വ്യവസ്ഥിതികൾ പരാജയപ്പെട്ടുപോകുന്നു. കേരളത്തിലെ ജനങ്ങൾ ഏറിയപങ്കും കാർഷികമേഖലയിലൂടെ ഉപജീവനം നടത്തുന്നവരാണ്. നാല്പത്തിയെട്ടു ശതമാനം ജനങ്ങളും കൃഷിയിടങ്ങളെ ആശ്രയിച്ച് ജീവിക്കുന്നവരാണ്. എന്നാൽ ആളോഹരി വരുമാനം പന്ത്രണ്ടോ പതിമൂന്നോ ആണ് കാർഷികമേഖലയുടെ സ്വന്തം!! ഇത് മറ്റെല്ലാ വ്യവസായങ്ങളിൽനിന്നുള്ളതിനെക്കാളും വളരെയേറെ താഴെയാണുതാനും. ഇന്ന് വിദ്യാർത്ഥികൾ ഏറ്റവും കൂടുതൽ തെരഞ്ഞെടുക്കുന്നത് ഐ.ടി. മേഖലയാണ് ഈ മേഖലയിൽനിന്നു തന്നെ രാജ്യത്ത് ഒരു വർഷം 10 ലക്ഷം വിദ്യാർത്ഥികളാണ് പഠിച്ചിറങ്ങുന്നത്. എന്നാൽ തൊഴിൽ ലഭിക്കുന്നവർ അതിൽ വളരെ കുറവാണുതാനും. കേരളത്തിന്റെ സാമ്പത്തികശക്തിയുടെ അടിത്തറയെന്നത് വിദേശനാണ്യമായിരുന്നു. എന്നാൽ ഗൾഫ് - യൂറോപ്പ് മേഖലകളിലെ വിദേശനയങ്ങൾ പ്രത്യേകിച്ച്, സ്വദേശിവത്കരണംമൂലം തൊഴിലവസരങ്ങൾ അനവധി നഷ്ടപ്പെട്ടു. കേന്ദ്രപ്രവാസികാര്യമന്ത്രാലയം പുറത്തുവിട്ട കണക്കനുസരിച്ച് കഴിഞ്ഞ 3 വർഷങ്ങളായി നിതാഖാത്ത് മൂലം കേരളത്തിൽ തൊഴിൽ നഷ്ടപ്പെട്ടവർ അഞ്ചരലക്ഷത്തോളം പേരാണ്.

**തെറ്റും ശരിയും**

കഴിഞ്ഞ പത്തുവർഷങ്ങളായി ഐ.ടി., മെഡിസിൻ എന്നിവ ആഢ്യത്തം തുളുമ്പുന്ന ജോലികളായി കണ്ട് അതിലേക്ക് കുട്ടികളെ വഴിതിരിച്ചുവിട്ട മാതാപിതാക്കളുടെ തീരുമാനം ഒരു പരിധിവരെ ശരിയായിരുന്നു. എന്നാൽ ഇനിയങ്ങോട്ട് പുനർവിചിന്തനം നടത്തേണ്ടിയിരിക്കുന്നു. മുകളിൽ സൂചിപ്പിച്ച കണക്കുകൾ തന്നെ ഉദാഹരണം. പുതിയ തൊഴിലവസരങ്ങളും അഭിരുചികളും അനുസരിച്ച് നല്ല തെരഞ്ഞെടുപ്പുകൾ കുട്ടികൾ നടത്തട്ടെ. ഉദാഹരണത്തിന് **റോബോട്ടിക് - ഓട്ടോമേഷൻ** (യന്ത്രവത്കൃത സഹായത്തോടുകൂടിയുള്ള തൊഴിലിടങ്ങളെല്ലാം റോബോട്ടിക് സാങ്കേതിക വിദ്യയുമായി ബന്ധിപ്പിച്ച് കൂടുതൽ ഗുണമേന്മയും കാര്യക്ഷമവുമാക്കുകയാണിവിടെ.) **ലോജിസ്റ്റിക്സ്** (ജി.എസ്.ടി. നിലവിൽവന്നതോടുകൂടി ഈ മേഖലയിൽ വൻസാധ്യതകൾക്കാണ് കളമൊരുങ്ങിയിരിക്കുന്നത്.) **ഡാറ്റാ അനലിസ്റ്റിക്സ്** (ഡാറ്റകൾ പരിശോധിച്ച് ഓരോ മേഖലയ്ക്കും ഉപകാരപ്രദമായ വിവരങ്ങൾ ക്രോഡീകരിച്ച് തങ്ങളുടെ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഉപയോഗിക്കത്തക്ക രീതിയിൽ മാറ്റിയെടുക്കുന്ന പ്രക്രിയയാണ് ഡാറ്റ അനലിസ്റ്റിക്സ്) **ആരോഗ്യരംഗം** (ടെലിമെഡിസിൻ, വാർദ്ധക്യകാല പരിചരണം, മെഡിക്കൽ ടൂറിസം എന്നിവയാണ് ഈ മേഖലയിൽ ഇനി ശ്രദ്ധിക്കാവുന്ന സാധ്യതകൾ) മറ്റ് സമുദായങ്ങളെ അപേക്ഷിച്ച് സർക്കാർ സർക്കാരേതര ജോലികളോട് മുഖം തിരിച്ചുനിന്ന ക്രൈസ്തവ കുടുംബങ്ങളുടെ നിലപാടുകൾ അടിമുടി മാറ്റപ്പെടേണ്ടതുണ്ട്. കേരളത്തിലും - കേന്ദ്രത്തിലും സർക്കാർ തലത്തിൽ സൃഷ്ടിക്കപ്പെടുന്ന അനവധി തൊഴിൽ അവസരങ്ങൾ ഇന്നുണ്ട്. അതിനെ ലക്ഷ്യം വച്ചുള്ള പി.എസ്.സി., യു.പി.എസ്.സി കോച്ചിങ്ങുകളും സജീവമാക്കേണ്ടിയിരിക്കുന്നു. ചെറിയ ജോലികൾ ലഭിച്ചാൽ അതിൽ സംതൃപ്തരാകാതെ അതിനൊപ്പം തന്നെ ഇത്തരം കോച്ചിങ്ങുകളും നടത്തുന്നതും യോഗ്യതാ പരീക്ഷകൾക്ക് നന്നായി ഒരുങ്ങുന്നതും ഉചിതമാണ്. വൊക്കേഷണൽ കോഴ്സുകളിലേക്ക് പ്രത്യേകിച്ച് കായികാധ്വാനം ആവശ്യമായി വരുന്ന മേഖലകളിലേക്ക് കുട്ടികളെ വഴിതിരിച്ചുവിടണം. ഉദാഹരണത്തിന് നിർമ്മാണമേഖലകൾ, ഓട്ടോമൊബൈൽ, മെക്കാനിക്കൽ. ഈ മേഖലകളിൽ കേരളത്തിൽ ഇന്ന് എഴുപത്ശതമാനവും അന്യസംസ്ഥാനക്കാരാണ് ജോലി ചെയ്യുന്നത്. പുത്തൻ സാമൂഹ്യവ്യവസ്ഥിതിയിൽ സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങൾ വിവേകത്തോടുകൂടി നാം കണ്ടെത്തേണ്ടിയിരിക്കുന്നു. ഏതു ചെറിയ തൊഴിലും ചെയ്യാനും അതിന്റെ മാന്യതയിൽ പരസ്പരം ബഹുമാനിക്കാനും നാം വളരേണ്ടിയിരിക്കുന്നു. തൊഴിൽ ഏതായാലും മനുഷ്യമഹിമയാണ് വലുത്.

**"മാതാപിതാക്കൾ തങ്ങളുടെ പുത്രീപുത്രന്മാർക്കു നല്കുന്ന ഭാവി സമ്മാനമാണ് തൊഴിൽ. അത് സമൂഹത്തിന്റെ പൈതൃകമാണ്. മുതിർന്ന ജീവിതത്തിലെ അവരുടെ സ്വാതന്ത്ര്യമായ പറന്നുയരലിനു തുടക്കം കുറിക്കുവാൻ നാം അവർക്കുനല്കുന്ന ഒന്നാമത്തെ സമ്മാനമാണത്"** (2017 ജൂൺ 28-ാം തീയതി വേൾഡ് കോൺഫഡറേഷൻ ഓഫ് വർക്കേഴ്സ് യൂണിയന്റെ പ്രതിനിധികളുമായി പരിശുദ്ധ പിതാവു നടത്തിയ സംവാദത്തിൽനിന്ന്)

# തൊഴിലും തൊഴിലിടങ്ങളും സന്തോഷഭരിതമാകട്ടെ

**ടോംസ് ആന്റണി**

ഏതു തൊഴിൽ തെരഞ്ഞെടുക്കണം ? എങ്ങനെ മനസ്സിനിണങ്ങുന്ന തൊഴിൽ സ്വായത്തമാക്കണം ? ഇക്കാര്യങ്ങൾ ചിന്തിക്കുമ്പോൾ ഇന്നത്തെ ചെറുപ്പക്കാർ പലരും അസ്വസ്ഥതയും, ആശങ്കയും പ്രകടിപ്പിക്കാറുണ്ട്. നമ്മുടെ സ്വപ്നങ്ങൾക്കനുസൃതമായ ഒരു തൊഴിൽ ലഭിക്കുക എന്നത് ഒരു ഭാഗ്യം തന്നെയാണ്.

അംബരചുംബിയായ ഒരു സ്റ്റാർ ഹോട്ടലിനു മുന്നിലൂടെയായിരുന്നു രണ്ടു ചെറുപ്പക്കാർക്ക് തങ്ങൾ പഠിക്കുന്ന സ്ഥാപനത്തിലേക്ക് പോകേണ്ടിയിരുന്നത്. പ്രൗഢമായ ആ ഹോട്ടലിലേക്ക് അവരിലൊരു ചെറുപ്പക്കാരൻ സാകൂതം വീക്ഷിക്കുക പതിവായിരുന്നു. ആഡംബരകാറിൽ കോട്ടും ടൈയുമൊക്കെ ഇട്ട് ഒരാൾ ആ ഹോട്ടലിലേക്ക് എല്ലാ ദിവസവും വന്നിറങ്ങും. "ആരാണയാൾ"? ചെറുപ്പക്കാരിലൊരാൾ അന്വേഷിച്ചു. ആ ഹോട്ടലിലെ സപ്ലയറാണ്. നല്ല വരുമാനം! നല്ല ഒരു തുക ടിപ്പ് ആയി കിട്ടും. മാസം ലക്ഷങ്ങളുടെ വരുമാനം. ആ ചെറുപ്പക്കാരന്റെ മനസ്സിൽ ഒരു ആഗ്രഹമുദിച്ചു. എങ്ങനെയും പഠിച്ചു മിടുക്കനായി ഈ ഹോട്ടലിലെ സപ്ലയറായി മാറണം. കൂട്ടുകാർ തമ്മിൽ പിരിഞ്ഞു.

ഏതാനും വർഷങ്ങൾക്കു ശേഷം ഈ ചെറുപ്പക്കാരൻ ആ ഹോട്ടലിലെ സപ്ലൈയറായി മാറി. ആഡംബര കാർ, കോട്ട്, ടൈ എന്നിവയുടെ അകമ്പടിയോടെ അയാൾ അഭിമാനപൂർവ്വം ജോലിചെയ്തുപോന്നു. ഒരിക്കൽ ആ ഹോട്ടലിനു മുന്നിൽ ഒരു ബോർഡ് പ്രത്യക്ഷപ്പെട്ടു. ''രാജ്യത്തെ ഏറ്റവും ഉയർന്ന ഉദ്യോഗസ്ഥന് ഈ ഹോട്ടലിലേക്ക് സ്വാഗതം.'' ചെറുപ്പക്കാരനു സന്തോഷമായി. രാജ്യത്തെ ദിശാബോധത്തോടെ നയിക്കുന്ന മിടുക്കനായ രാജ്യത്തെ ഏറ്റവും ഉയർന്ന ഉദ്യോഗസ്ഥൻ ഈ ഹോട്ടലിൽ വരുന്നു. അദ്ദേഹത്തെ ഒന്ന് കാണാമല്ലോ എന്ന് വിചാരിച്ചിരിക്കുമ്പോൾ ഹോട്ടൽ മാനേജർ ഈ ചെറുപ്പക്കാരനെ അദ്ദേഹത്തെ സ്വീകരിക്കാനും, ഭക്ഷണം നൽകുവാനുമുള്ള ചുമതല ഏല്പിച്ചു. ചെറുപ്പക്കാരന്റെ സന്തോഷം ഇരട്ടിയായി.

അത്യധികം സ്നേഹാദരങ്ങളോടെ ആ ചെറുപ്പക്കാരൻ ആ രാജ്യത്തെ ഏറ്റവും ഉയർന്ന ഉദ്യോഗസ്ഥനെ സ്വീകരിച്ചു. ഭക്ഷണം നൽകി. ഉദ്യോഗസ്ഥന് വലിയ സന്തോഷമായി. അദ്ദേഹം നല്ല ഒരു തുക 'ടിപ്പ്' ആയി ചെറുപ്പക്കാരന് നൽകി. ചെറുപ്പക്കാരൻ അത്ഭുതപ്പെട്ടു. ഇത്ര വലിയ തുക ഇന്നുവരെ തനിക്ക് ടിപ്പ് ആയി ആരും തന്നിട്ടില്ല. അദ്ദേഹത്തിന് തെറ്റിയതാവാം എന്നുകരുതി തുകയുടെ പകുതി തിരിച്ചുകൊടുക്കുവാൻ ഒരുങ്ങിയപ്പോൾ ആ ഉദ്യോഗസ്ഥൻ പുഞ്ചിരിച്ചുകൊണ്ട് ചെറുപ്പക്കാരനോട് പറഞ്ഞു. "സ്നേഹിതാ, വർഷങ്ങൾക്കു മുമ്പ് ഈ ഹോട്ടലിനുമുന്നിൽ നിന്നോടൊപ്പം നിന്നത് ഞാനാണ്. നീ ഈ ഹോട്ടലിലെ സപ്ലയർ ആകാൻ ആഗ്രഹിച്ചു. പക്ഷേ ഞാൻ 'ടിപ്പ്' കൊടുക്കുന്ന ഈ രാജ്യത്തെ ഏറ്റവും ഉയർന്ന ഉദ്യോഗസ്ഥനായിത്തീരാൻ ആഗ്രഹിച്ചു.".

**കൊച്ചുകൊച്ചു സ്വപ്നങ്ങളല്ല തൊഴിൽ മേഖലയിൽ നമ്മെ നയിക്കേണ്ടത്. തൊഴിൽ മേഖലയിൽ നാം ഉയർന്ന സ്വപ്നങ്ങൾ കാണണം. നമ്മുടെ കഴിവിനും, അഭിരുചിക്കും, സാധ്യതകൾക്കും പറ്റുന്ന തരത്തിൽ പരമാവധി ഉയരങ്ങൾ കീഴടക്കുവാൻ സാധിക്കുമ്പോഴാണ് ഒരു വ്യക്തി തൊഴിൽ രംഗത്ത് വിജയിച്ചു എന്ന് പറയാനാകുന്നത്.**

നമ്മുടെ നാട്ടിൽ സിവിൽ സർവ്വീസ് ഉൾപ്പെടെയുള്ള ഉയർന്ന മേഖലകളിൽ പ്രശോഭിക്കാൻ കഴിവുള്ള ഒത്തിരി ചെറുപ്പക്കാരുണ്ട്. പക്ഷേ അവരൊക്കെ പെട്ടെന്നുള്ള വരുമാനം തേടി മറ്റുമേഖലകളിലേക്ക് ദിശമാറി സഞ്ചരിക്കുന്നു എന്നത് ദുഃഖകരമാണ്. ഡോക്ടറാകുവാൻ പാടവമുള്ള എത്രയോപേർ നേഴ്സിംഗ് മേഖല തെരഞ്ഞെടുത്തു ! ഇഷ്ടമില്ലാത്ത കോഴ്സിനും, ജോലിക്കും പോയി ജീവിതത്തോടുതന്നെ വിരക്തിയായവർ ഒട്ടേറെപ്പേർ !

എന്തിനാണ് നാം തൊഴിൽ ചെയ്യുന്നത്? നാം നമ്മോടുതന്നെ ചോദിക്കേണ്ട ഒരു ചോദ്യമാണ്. വരുമാനം മാത്രമാണ് നമ്മുടെ തൊഴിലിന്റെ ലക്ഷ്യമെങ്കിൽ ആ തൊഴിൽ നമുക്ക് പലപ്പോഴും വിരസത ജനിപ്പിക്കും. മറിച്ച് വരുമാനത്തോടൊപ്പം സൗഹൃദത്തിനുള്ള അവസരം, മറ്റുള്ളവരെ സഹായിക്കാനുള്ള അവസരം, എല്ലാറ്റിനുമുപരി ജീവിതവിജയം നേടാനുള്ള അവസരം എന്നിങ്ങനെ തൊഴിലിനെ മാറ്റുമ്പോഴാണ് തൊഴിൽ അർത്ഥപൂർണ്ണമാകുന്നത്.

**നമുക്കെല്ലാവർക്കും വിവിധതരം ഹോബികളുണ്ട്. നന്നായി ചിത്രം വരയ്ക്കുന്നവരുണ്ട്; സ്പോർട്സിനോട് താൽപര്യമുള്ളവരുണ്ട്; അദ്ധ്യാപനകല സ്വായത്തമാക്കിയവരുണ്ട്; രോഗികളെ ശുശ്രൂഷിക്കാൻ താല്പര്യമുള്ളവരുണ്ട്; സംഘടനാ മികവുള്ളവരുണ്ട്; നേതൃത്വവാസനയുള്ളവരുണ്ട്; ഏതെങ്കിലും സംരംഭം ഏറ്റെടുത്തു വിജയിപ്പിക്കാൻ കഴിവുള്ളവരുണ്ട്; അങ്ങനെ വിവിധ കഴിവുകൾ സ്വായത്തമാക്കിയിട്ടുള്ളവരാണ് നാം ഓരോരുത്തരും. ഈ കഴിവുകളെ നമ്മുടെ തൊഴിലുമായി കൂട്ടിയിണക്കാൻ കഴിഞ്ഞാൽ നമ്മുടെ തൊഴിൽ സന്തോഷഭരിതമാകും.**

ഓരോരുത്തരും തങ്ങളുടെ അഭിരുചികൾക്കനുസരിച്ചു മാത്രമേ തൊഴിൽ മേഖല തെരഞ്ഞെടുക്കാവൂ. അഭിരുചികൾ കണ്ടെത്താനുള്ള അനേകം ശാസ്ത്രീയമാർഗ്ഗങ്ങൾ ഇന്ന് നിലവിലുണ്ട്. അവയെ കാര്യക്ഷമമായി പ്രയോജനപ്പെടുത്തുകയും വേണം.

അതായത് നമ്മുടെ ഹോബികളെ തൊഴിലാക്കി മാറ്റുവാൻ നമുക്കു കഴിയുമോ? അഥവാ നമ്മുടെ തൊഴിലിനെ ഹോബിയാക്കി മാറ്റാൻ നമുക്ക് കഴിയുമോ? ഇതിൽ ഏതെങ്കിലുമൊന്നിൽ നാം വിജയിച്ചാൽ നമ്മുടെ തൊഴിൽ ജീവിതം ആഹ്ലാദഭരിതമായിത്തീരും. അല്ലെങ്കിൽ ഏറ്റവും ദുരിതം പിടിച്ച ഒന്നായി നമ്മുടെ തൊഴിലും, തൊഴിലിടങ്ങളും മാറും.

**നമ്മുടെ കഴിവുകളേയും, സാധ്യതകളേയും സൗഹൃദവലയങ്ങളെയും തൊഴിൽമേഖലയിൽ ഫലപ്രദമായി വിനിയോഗിക്കാൻ കഴിഞ്ഞാൽ തൊഴിൽ രംഗത്ത് നാം വിജയിച്ചു എന്നർത്ഥം. നമുക്ക് വേണ്ടത് അർപ്പണബുദ്ധിയുള്ള, മൂല്യബോധമുള്ള, അഴിമതിരഹിതമായ, സാമൂഹികപ്രതിബദ്ധതയുള്ള തൊഴിലും, തൊഴിൽ രംഗങ്ങളുമാണ്.**

കേരളത്തിലെ ഒരു ഉയർന്ന ഉദ്യോഗസ്ഥനോട് അദ്ദേഹത്തിന്റെ മകൻ ഒരിക്കൽ ചോദിച്ചു.

"പപ്പാ, ഞാൻ ആരാകണമെന്നാണ് പപ്പായുടെ ആഗ്രഹം.?"

മകന് ഒരിക്കലും പ്രതീക്ഷിക്കാത്ത ഉത്തരമാണ് ലഭിച്ചത്.

"മോൻ ആരായാലും കുഴപ്പമില്ല. ഒരു അദ്ധ്യാപകനോ, മറ്റേതെങ്കിലും തൊഴിലിലോ ചെയ്യുന്ന ഒരുവനോ ആയാൽ മതി. നീ അദ്ധ്യാപകവൃത്തിയാണ് സ്വീകരിക്കുന്നതെങ്കിൽ ആ നാട്ടിലെ ഏറ്റവും മിടുക്കനായ, നലംതികഞ്ഞ, കുട്ടികളെ ആത്മാർത്ഥമായി സ്നേഹിക്കുന്ന സമർപ്പണബോധമുള്ള അദ്ധ്യാപകൻ ആര് എന്ന് ആ നാട്ടിൽ തിരക്കിയാൽ എന്റെ മോന്റെ പേര് പപ്പായ്ക്ക് കേൾക്കണം."

അതെ. നാം ഏത് തൊഴിൽ മേഖല തെരഞ്ഞെടുത്താലും ആ രംഗത്തെ ഏറ്റവും മിടുക്കരാകാൻ, സമർപ്പണ മനോഭാവമുള്ളവരും മൂല്യബോധമുള്ളവരുമാകാൻ നമുക്കു കഴിയണം.

തൊഴിലിടങ്ങൾ നമ്മുടെ രണ്ടാമത്തെ വീടാണ്. തൊഴിൽ ദുരിതപൂർണ്ണമായാൽ അത് നമ്മുടെ ജീവിതത്തിന്റെ ആനന്ദത്തെയാണ് തല്ലിക്കെടുത്തുന്നത്. നല്ല തൊഴിൽ കണ്ടെത്തുവാൻ, കണ്ടെത്തിയ തൊഴിലിൽ അഭിമാനത്തോടെ തുടരാൻ, ആ രംഗത്ത് കൂടുതൽ അഭിവൃദ്ധി പ്രാപിക്കാൻ, തൊഴിലിടങ്ങളെ സന്തോഷപൂർണ്ണമാക്കാൻ, അതുവഴി ജീവിതം കരുപ്പിടിപ്പിക്കാൻ നമുക്ക് കഴിയട്ടെ.

കവർസ്റ്റോറി

## തൊഴിലില്ലായ്മ: പ്രതിവിധിക്ക്

# സ്വയംതൊഴിൽ സംരംഭങ്ങളും, സാധ്യതകളും

**ഫാ. റോബിൻ പേണ്ടാനത്ത്**
(മരിയൻ കോളേജ്,
സാമൂഹിക പ്രവർത്തനവിഭാഗം അധ്യാപകൻ)

സ്വകാര്യവത്ക്കരണത്തിന്റെയും, ഉദാരവത്ക്കരണത്തിന്റെയും, ആഗോളകരാറുകളുടെയും ഫലമായി കമ്പോളം ഏതാനും ചില കോർപ്പറേറ്റുകളുടെ നിയന്ത്രണത്തിലായി. രാഷ്ട്രീയപാർട്ടികളും, ഭരണസംവിധാനവും അവരുടെ നിയന്ത്രണത്തിലായി. ഉപഭോക്താവ് എങ്ങനെ ചിന്തിക്കണമെന്നു പോലും കലാപരമായി കോർപ്പറേറ്റുകൾ തീരുമാനിക്കുന്നു. നിലവാരവും, വിശ്വാസ്യതയും, പരിസ്ഥിതി ധാർമ്മികതയും കാറ്റിൽ പറത്തി തെറ്റായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കോർപ്പറേറ്റുകൾ കമ്പോളത്തിൽ വിറ്റഴിക്കുന്ന 80% ഉല്പന്നങ്ങളും സാധാരണക്കാരന് സ്വയം ഉല്പാദിപ്പിക്കാവുന്നവയാണ്. ഇവിടെയാണ് സ്വയംതൊഴിൽ സംരംഭങ്ങളുടെ സാധ്യത.

ഇന്ന് ആഗോളതലത്തിലും ദേശീയ, പ്രാദേശിക മേഖലയിലും വളരെ പെട്ടെന്ന് വളർന്നുകൊണ്ടിരിക്കുന്ന ഒന്നാണ് സംരംഭങ്ങൾ. ഒരു കാലഘട്ടത്തിൽ പ്രചോദനം, പ്രോത്സാഹനം, ബോധവത്ക്കരണം, പദ്ധതികൾ എന്നിവയ്ക്കായിരുന്നു മുൻഗണന. എന്നാൽ ഇന്ന് Innovation, Entrepreneur എന്നിവയ്ക്കാണ് മുൻഗണന. ദൗർഭാഗ്യവശാൽ ഇന്ത്യ ഇക്കാര്യത്തിൽ 67-ാം സ്ഥാനത്താണ് നിൽക്കുന്നത്. ഇതിന് മാറ്റമുണ്ടാക്കാൻ സർക്കാർ തലത്തിൽ ആകർഷകമായ ധാരാളം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അവ കണ്ടെത്തുന്നതിനും പ്രാവർത്തികമാക്കുന്നതിനും പുതിയ തലമുറയെ സജ്ജമാക്കുന്നതിനാവശ്യമായ പരിശീലനം സ്കൂൾ തലത്തിൽ ആരംഭിക്കേണ്ടതുണ്ട്. സംരംഭകത്വം എന്നത് ജീവിതശൈലിയായി മാറ്റുന്ന തലമുറയെ വാർത്തെടുക്കേണ്ടതാണ്.

***നന്മകൾ***

* ഉപഭോക്താവ് ഉല്പാദകനും വിതരണക്കാരനുമാകുന്നു.
* സാമ്പത്തിക പുരോഗതി ഉറപ്പുവരുത്തുന്നു.
* കമ്പോള ചൂഷണം നിയന്ത്രിക്കാനാകുന്നു.
* കർഷക ഉല്പന്നങ്ങളെ "VALUE ADDED" ആക്കാൻ കഴിയുന്നു.
* തൊഴിൽ രഹിതരുടെ എണ്ണം കുറയ്ക്കാനാകുന്നു.
* തൊഴിൽ ദാതാക്കളാകാൻ കഴിയുന്നു.
* ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉയർത്താനാകുന്നു.
* പാർശ്വവൽക്കരിക്കപ്പെട്ടവരുടെ കൂട്ടായ്മ വളർത്താനാകുന്നു.
* കോർപ്പറേറ്റു മേലാളിത്തം അവസാനിപ്പിക്കാനാകുന്നു.

**പ്രതിസന്ധികളും പരിഹാരവും**

സംരംഭകർ നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി തനതായ ഒരു 'BRAND' ഇല്ല എന്നതാണ്. കോർപ്പറേറ്റുകളോ സമാനമായ സംവിധാനങ്ങളോ പുതിയതായി ആരംഭിക്കുന്ന സംരംഭങ്ങളെ ഭയത്തോടെയാണ് കാണുന്നത്. അതിനാൽ തന്നെ ഏതുവിധത്തിലും തകർക്കാൻ ശ്രമിച്ചുകൊണ്ടിരിക്കും.

ആളുകളുടെ മനോഭാവത്തിൽ മാറ്റം വരാൻ ഉണ്ട്. സ്വയംതൊഴിൽ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്ന, അവരുടെ ഉല്പന്നങ്ങൾ കമ്പോളത്തിൽ കണ്ടാൽ മുൻഗണനാക്രമത്തിൽ വാങ്ങുന്ന ധാർമ്മികത രൂപപ്പെടാനുണ്ട്.

കമ്പോള വ്യാപനത്തിന്റെ ഫലമായുള്ള മത്സരത്താൽ മാർക്കറ്റിങ് വലിയൊരു പ്രതിസന്ധിയാണ്. പല സംരംഭകരും പരാജയപ്പെടുന്നത് ഇവിടെയാണ്. "മാർക്കറ്റ് കണ്ട് ഉല്പാദനം" എന്ന തത്വത്തിൽ ഉറച്ചുനിന്നുകൊണ്ടുവേണം സംരംഭം ആരംഭിക്കാൻ.

മേൽപറഞ്ഞ പ്രതിസന്ധികൾ മുന്നിൽ കണ്ടുകൊണ്ട് 100% ഉല്പാദകരുടെയും 100% ഉപഭോക്താവിന്റെയും നന്മ ഉറപ്പുവരുത്തിക്കൊണ്ട് 2013 ൽ കുട്ടിക്കാനം മരിയൻ കോളേജിൽ അഭി. മാർ മാത്യു അറയ്ക്കൽ പിതാവ് ഉദ്ഘാടനം ചെയ്ത സംരംഭമാണ് "മരിയൻ സ്മാർട്ട് പ്ലസ്" കർഷക ഉല്പന്നങ്ങളെയും സംരംഭകരുടെ ഉല്പന്നങ്ങളെയും ബ്രാൻഡ് ചെയ്ത് വിപണിയിൽ എത്തിക്കുകയാണ് ഇതിന്റെ ലക്ഷ്യം. 30-ൽ അധികം സംരംഭങ്ങൾ ആരംഭിക്കുന്നതിനും 500 ൽ അധികം ആളുകൾക്ക് തൊഴിൽ നൽകുന്നതിനും, ആയിരക്കണക്കിന് ഉപഭോക്താക്കളെ സഹായിക്കുന്നതിനും ഇതിലൂടെ സാധിച്ചു. മാർക്കറ്റിംഗ് പ്രയാസമുള്ള ഉല്പന്നങ്ങൾ കോളേജിലെ മാർക്കറ്റിംഗ് വിഭാഗത്തിന്റെ പിൻതുണയോടെ കമ്പ്യൂട്ടർ വിഭാഗത്തിന്റെ സഹായത്തോടെയും ഡിജിറ്റൽ മാർക്കറ്റിംഗ് ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്തുവരുന്നു.

ആഴ്ചയിൽ 8,000 രൂപയോളം സമ്പാദിക്കുന്നവരാണ് ഇതിന്റെ ഗുണഭോക്താക്കളിൽപലരും.

1. കറിമസാലകൾ നിർമ്മിക്കുന്ന കുട്ടിക്കാനം യൂണിറ്റ് അംഗങ്ങൾ.
2. കുടനിർമ്മാണ പരിശീലനം നേടുന്ന അരയാഞ്ഞലിമണ്ണ് ഇടവകാംഗങ്ങൾ.
3. LED ബൾബ് നിർമ്മാണത്തിൽ ഏർപ്പെടുന്നവർ.






സാമ്പത്തിക വിപ്ലവത്തിനുള്ള സമകാലിക ആയുധമാണ് സ്വയം സംരംഭങ്ങൾ. പല പിന്നോക്ക രാജ്യങ്ങളിലും പരീക്ഷിച്ചു വിജയിച്ച ഇത്തരം മാതൃകകൾ നാം ഇനിയും പ്രയോഗിച്ചു തുടങ്ങണം. അലസമായി കളയുന്ന സമയം നമുക്കും സമൂഹത്തിനും പ്രയോജനപ്രദമാകുംവിധം മാറ്റാം. ഇതിനൊന്നും കഴിയാത്തവർ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്ന മനോഭാവത്തിലേക്ക് മാറണം. ചെറുസംരംഭകരുടെ ഉല്പന്നങ്ങൾ വാങ്ങുന്നത് ഉപവിപ്രവർത്തനത്തിന്റെ ഭാഗമാണെന്ന് പറഞ്ഞു തുടങ്ങേണ്ടതുണ്ട്. അങ്ങനെ ഓരോ പഞ്ചായത്തും, ഇടവകയും, സമൂഹവും, "കോർപ്പറേറ്റു ഫ്രീ, മാർക്കറ്റ് ഫ്രീ, സ്വയം പര്യാപ്തതാ പ്രദേശമാക്കുന്നതിനുള്ള വിപ്ലവത്തിൽ നമുക്കൊരുമിച്ച് കൈകോർക്കാം.

# വർത്തമാനകാല വെല്ലുവിളികളെ നേരിടാൻ സഭ സജ്ജമാകണം: മാർ ജോർജ് ആലഞ്ചേരി

കൊച്ചി: സാമൂഹ്യ, സാംസ്കാരിക, ആധ്യാത്മിക രംഗങ്ങളിൽ ജനങ്ങൾ നേരിടുന്ന വെല്ലുവിളികളെ നേരിടാൻ പ്രാർഥനാമനസോടെ അവധാനപൂർവം ഒരുങ്ങണമെന്ന് മാർ ജോർജ് ആലഞ്ചേരി. സീറോ മലബാർ സഭ സിനഡ് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മാർ ആലഞ്ചേരി.

സിനഡിന്റെ ഇരുപത്തിയഞ്ചാമതു സമ്മേളനത്തിന്റെ രണ്ടാം സെഷനാണു സഭയുടെ ആസ്ഥാനകാര്യാലയത്തിൽ നടന്നത്. സഭാപരവും സാമൂഹികവുമായ വിവിധ വിഷയങ്ങൾ ചർച്ച ചെയ്ത സിനഡിൽ സഭയിലെ 49 മെത്രാന്മാർ പങ്കെടുത്തു.

രാജ്യം നേരിടുന്ന മത, സാമൂഹ്യ പ്രതിസന്ധികളെക്കുറിച്ചു ചർച്ച ചെയ്യാൻ സിനഡ് പ്രതിജ്ഞാബദ്ധമാണെന്നു മേജർ ആർച്ച്ബിഷപ് ഉദ്ഘാടന സന്ദേശത്തിൽ പറഞ്ഞു. വിശ്വാസജീവിതം അർഥപൂർണമാക്കുന്നതിനൊപ്പം സാമൂഹ്യപ്രതിബദ്ധതയോടെ പൊതുവിഷയങ്ങളിൽ ക്രിയാത്മക ഇടപെടൽ നടത്താനും സഭാമക്കൾ ശ്രദ്ധിക്കണമെന്നും അദ്ദേഹം ഓർമിപ്പിച്ചു.

ദീർഘകാലം കത്തോലിക്ക കോൺഗ്രസ് പ്രസിഡന്റായിരുന്ന എം.ഡി. ജോസഫ് മണ്ണിപ്പറമ്പിലിന്റെ നിര്യാണത്തിൽ സിനഡ് അനുശോചനം രേഖപ്പെടുത്തി.


*കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടന്ന സീറോ മലബാർ സഭ സിനഡ് മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്യുന്നു.*



# മിടുക്കരെക്കാത്ത് നിരവധി സ്കോളർഷിപ്പുകൾ



പ്രഫ. ചാർലി കട്ടക്കയം
(ദേവഗിരി കോളജ്, ഫോൺ: 9447315674)

**പഠനത്തിൽ മുൻപന്തിയിൽ നിൽക്കുന്നവർക്കായി നിരവധി സ്കോളർഷിപ്പുകൾ ലഭ്യമാണ്. ഓൺലൈനായി അപേക്ഷ നൽകണം. സ്കൂൾ തലത്തിൽ അധ്യാപകരുടെ സേവനം ലഭിക്കുമെങ്കിലും കോളജ് തലത്തിൽ ഇത് ലഭിച്ചെന്ന് വരില്ല. അർഹതയുള്ളവർ താൽപര്യമെടുത്ത് ഓൺലൈൻ അപേക്ഷ പൂരിപ്പിച്ച് ആവശ്യമായ രേഖകൾ സഹിതം സ്ഥാപന മേധാവി വഴി അപേക്ഷിക്കണം. സ്കൂൾതലം മുതൽ ലഭ്യമാകുന്ന വിവിധ സ്കോളർഷിപ്പുകൾ ഒറ്റനോട്ടത്തിൽ**

## ഇൻസ്പയർ

● പ്ലസ്ടുവിൽ ഏറ്റവും ഉയർന്ന മാർക്ക് ലഭിക്കുന്ന രാജ്യത്തെ പതിനായിരത്തോളം പേർക്ക് സയൻസിൽ ബിരുദ പഠനത്തിന് മാത്രം. തുടർന്ന് സയൻസിൽ പിജി പഠനത്തിനും ലഭിക്കും. വരുമാന പരിധിയോ മറ്റ് നിബന്ധനകളോ ഇല്ല. കേന്ദ്രസർക്കാരിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് സയൻസ് ആന്റ് ടെക്നോളജിയുടെതാണ് സ്കോളർഷിപ്പ്. വർഷം 80,000രൂപ.
www.inspiredst.gov.in

## ഹയർ എജ്യുക്കേഷൻ

● പ്ലസ്ടു മാർക്കിന്റെ അടിസ്ഥാനത്തിൽ വരുമാന പരിധിയില്ലാതെ ഡിഗ്രി പഠനത്തിനും തുടർന്ന് പിജി പഠനത്തിനും. എല്ലാ ഡിഗ്രി കോഴ്സുകൾക്കും ബാധകം. 50 ശതമാനം പൊതുവിഭാഗത്തിനും ബാക്കി 50 ശതമാനം മറ്റ് വിഭാഗക്കാർക്കുമായി നൽകുന്നു.
ഹയർ എജ്യുക്കേഷൻ ഡിപ്പാർട്ട്മെന്റാണ് സ്കോളർഷിപ്പ് നൽകുന്നത്. ഡിഗ്രി ഒന്നാം വർഷം 12000, രണ്ടാം വർഷം 18000, മൂന്നാം വർഷം 24000, പിജി ഒന്നാം വർഷം 40000, രണ്ടാം വർഷം 60000 എന്നിങ്ങനെയാണ് സ്കോളർഷിപ്പ് തുക.
www.dcescholarship.kerala.gov.in

## പ്രതിഭ

● പ്ലസ്ടുവിന് 90 ശതമാനത്തിന് മുകളിൽ മാർക്ക് നേടി ഡിഗ്രിക്ക് സയൻസ് വിഷയങ്ങളിൽ ചേരുന്നവർക്ക് അപേക്ഷിക്കാം. വരുമാന പരിധിയില്ല. ഈ സ്കോളർഷിപ്പ് ലഭിക്കുന്നവർക്ക് മറ്റ് സ്കോളർഷിപ്പുകൾ ലഭിക്കില്ല.
കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ആന്റ് ടെക്നോളജി ആണ് സ്കോളർഷിപ്പ് നൽകുന്നത്. ഡിഗ്രി ഒന്നാം വർഷം 12000, രണ്ടാം വർഷം 18000, മൂന്നാം വർഷം 24000, പിജി ഒന്നാം വർഷം 40000, രണ്ടാം വർഷം 60000.
www.kscstc.kerala.gov.in

## സെൻട്രൽ സെക്ടർ

● പ്ലസ്ടു മാർക്കിന്റെ അടിസ്ഥാനത്തിൽ ഡിഗ്രി കോഴ്സിനും പ്രഫഷണൽ കോഴ്സുകൾക്കും പഠിക്കുന്നവർക്ക് അപേക്ഷിക്കാം. വാർഷിക വരുമാനം ആറുലക്ഷം രൂപയിൽ താഴെ ആയിരിക്കണം. 50 ശതമാനം സ്കോളർഷിപ്പ് പെൺകുട്ടികൾക്ക്. കേന്ദ്ര മാനവ വിഭവശേഷി വകുപ്പാണ് സ്കോളർഷിപ്പ് നൽകുന്നത്. ഓരോ വർഷവും ഒരു ലക്ഷത്തോളം പേർക്ക് നൽകുന്നു. ഡിഗ്രിക്ക് എല്ലാ വർഷവും 12000 രൂപയും പിജി പഠനകാലത്ത് 24000 രൂപയും ലഭിക്കും.
www.dcescholarship.kerala.gov.in

## മെറിറ്റ് കം മീൻസ്

● മെറിറ്റ് അടിസ്ഥാനത്തിൽ രാജ്യത്തെ ന്യൂനപക്ഷ ഡിഗ്രി, പിജി വിദ്യാർഥികൾക്ക്. വാർഷിക വരുമാനം രണ്ടര ലക്ഷം രൂപയിൽ താഴെ. നൽകുന്നത് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം. കേരളത്തിൽ 5000 പേർക്ക് സ്കോളർഷിപ്പ് ലഭിക്കും.
www.dtc.kerala.gov

## സ്റ്റേറ്റ് മെറിറ്റ്

● പ്ലസ്ടു മാർക്കിന്റെ അടിസ്ഥാനത്തിൽ ബിരുദ/പിജി പഠനത്തിന്. വാർഷിക വരുമാനം ഒരുലക്ഷം രൂപയിൽ താഴെയായിരിക്കണം.
സ്റ്റേറ്റ് ഹയർ എജ്യുക്കേഷൻ ഡിപ്പാർട്ട്മെന്റാണ് സ്കോളർഷിപ്പ് നൽകുന്നത്. ഡിഗ്രിക്ക് വർഷംതോറും 10000 രൂപയും പിജിക്ക് 18000 രൂപയും ലഭിക്കും.
www.dcescholarship.kerala.gov.in

## സുവർണ ജൂബിലി

● ബിപിഎൽ വിഭാഗക്കാർക്ക് മാത്രം. ഗവൺമെന്റ്/എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന എല്ലാ ഡിഗ്രി/പിജി വിഷയക്കാർക്കും അപേക്ഷിക്കാം. ഓരോ സ്ഥാപനത്തിനും നിശ്ചിത എണ്ണം സ്കോളർഷിപ്പ് മാറ്റിവച്ചിരിക്കുന്നു. മെറിറ്റ് അടിസ്ഥാനത്തിൽ കേരളത്തിൽ 10000 പേർക്ക് സ്കോളർഷിപ്പ് നൽകുന്നു. ഡയറക്ടറേറ്റ് ഓഫ് കോളജ് എജ്യുക്കേഷൻ ആണ് സ്കോളർഷിപ്പ് നൽകുന്നത്. ഓരോ വർഷവും 10000 രൂപ ലഭിക്കും.
www.dcescholarship.kerala.gov.in

## പോസ്റ്റ് മെട്രിക്

● സംസ്ഥാനത്തെ ന്യൂനപക്ഷ വിദ്യാർഥികൾക്ക് മാത്രം. വാർഷിക വരുമാനം രണ്ടര ലക്ഷം രൂപയിൽ താഴെയായിരിക്കണം. പ്ലസ്ടു, ഡിഗ്രി, പിജി, പിഎച്ച്ഡി തുടങ്ങി എല്ലാ കോഴ്സുകാർക്കും അപേക്ഷിക്കാം. അംഗീകൃത അൺഎയ്ഡഡ് സ്ഥാപനങ്ങളിലെ കുട്ടികളെയും പരിഗണിക്കും. സംസ്ഥാന സർക്കാരാണ് സ്കോളർഷിപ്പ് നൽകുന്നത്. മാസംതോറും 1000 രൂപയും കോഴ്സ് ഫീസും ലഭിക്കും.
www.dcescholarship.kerala.gov.in.

## അസ്പയർ

● പിജി, എംഫിൽ, പിഎച്ച്ഡി കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് ഹ്രസ്വകാല റിസർച്ച് പ്രൊജക്ട് ചെയ്യുന്നതിന് ലഭിക്കുന്ന സ്കോളർഷിപ്പാണിത്. മറ്റ് നിബന്ധനകൾ ഇല്ല. പിജിക്കാർക്ക് 8000, എംഫിൽകാർക്ക് 10000, പിഎച്ച്ഡിക്കാർക്ക് 32000 എന്ന ക്രമത്തിൽ ലഭിക്കും.
www.dcescholarship.kerala.gov.in

## വിദ്യാ സമുന്നതി

● മുന്നോക്ക വിഭാഗങ്ങളിലെ, വാർഷിക വരുമാനം രണ്ടുലക്ഷം രൂപയിൽ താഴെയുള്ളവർക്ക് ഹൈസ്കൂൾ/പ്ലസ്ടു/ഡിഗ്രി/പിജി തലങ്ങളിൽ എല്ലാ വിഷയക്കാർക്കും അപേക്ഷിക്കാം. ഡിഗ്രി തലത്തിൽ 3000 പേർക്കും പിജി തലത്തിൽ 2000 പേർക്കും സ്കോളർഷിപ്പ് നൽകുന്നു. പ്ലസ്ടു തലത്തിൽ 14000 പേർക്കും ലഭിക്കും. ഹയർ സെക്കൻഡറി തലത്തിൽ വർഷം 3000 രൂപയും ഡിഗ്രിക്കാർക്ക് വർഷം 5000 രൂപയും പിജിക്കാർക്ക് വർഷം 6000 രൂപയും ലഭിക്കും. കേരള സ്റ്റേറ്റ് വെൽഫെയർ കോർപ്പറേഷൻ ഫോർ ഫോർവേഡ് കമ്മ്യൂണിറ്റീസ് ആണ് സ്കോളർഷിപ്പ് നൽകുന്നത്.
www.kswcfc.org



## സ്നേഹപൂർവം

● പിതാവോ മാതാവോ ജീവിച്ചിരിപ്പില്ലാത്ത കുട്ടികൾക്ക് അപേക്ഷിക്കാം. മറ്റ് നിബന്ധനകൾ ഇല്ല. പ്ലസ്ടു, ഡിഗ്രി, പിജി തലത്തിൽ ലഭ്യമാണ്.
കേരള സർക്കാറിന്റെ സോഷ്യൽ വെൽഫെയർ ഡിപ്പാർട്ട്മെന്റ്. മാസം 1000 രൂപ വീതം ലഭിക്കും.
www.snehapoorvamonline.gmail.com

## പിജി മെറിറ്റ്

● ഡിഗ്രി തലത്തിൽ ഒന്നും രണ്ടും റാങ്ക് കരസ്ഥമാക്കി പിജിക്ക് ചേരുന്നവർക്ക്. (ഗ്രേഡ് രീതിയിൽ പഠനം നടത്തിയവർ അതാത് യൂണിവേഴ്സിറ്റിയിൽ നിന്നും ലഭിക്കുന്ന ഒന്നും രണ്ടും സ്ഥാനങ്ങൾ കാണിക്കുന്ന പൊസിഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മതി). മറ്റ് നിബന്ധനകൾ ഇല്ല.
യുജിസി ആണ് സ്കോളർഷിപ്പ് നൽകുന്നത്. വർഷം 20000 രൂപ ലഭിക്കും.
www.ugc.ac.in

## വികലാംഗർക്ക്

● ഗവൺമെന്റ്/എയ്ഡഡ് സ്ഥാപനങ്ങളിലെ അന്ധ-ബധിര-വികലാംഗ വിദ്യാർഥികൾക്ക് മാത്രം. വാർഷിക വരുമാനം രണ്ടര ലക്ഷത്തിൽ താഴെ ആയിരിക്കണം. അന്ധ വിദ്യാർഥികൾക്ക് ഇത് നാലര ലക്ഷം രൂപയാണ്. ഇ-ഗ്രാന്റ് ലഭിക്കുന്നവർക്ക് സ്കോളർഷിപ്പ് ലഭിക്കില്ല. പ്ലസ്ടു, ഡിഗ്രി, പിജി തലത്തിൽ ലഭ്യമാണ്. പഠന കാലത്തെ മുഴുവൻ ഫീസും ഹോസ്റ്റൽ ചെലവും ലഭിക്കും.
www.kswcfc.org

## പിജി ഒറ്റ പെൺകുട്ടി

● പിജി കോഴ്സിന് ചേരുന്ന, വീട്ടിലെ ഒറ്റ പെൺകുട്ടികൾക്ക് മാത്രം. സഹോദരനോ സഹോദരിയോ പാടില്ല. (ഇരട്ടകൾക്കും ലഭിക്കും). മറ്റ് നിബന്ധനകൾ ഇല്ല. യുജിസി നൽകുന്ന സ്കോളർഷിപ്പാണിത്. വർഷം 30000 രൂപ ലഭിക്കും.
www.ugc.ac.in

## മുണ്ടശേരി

● സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ നിന്ന് എസ്എസ്എൽസി/പ്ലസ്ടു പരീക്ഷകളിൽ എ പ്ലസ് നേടിയ ന്യൂനപക്ഷ വിഭാഗങ്ങളിലെ ബിപിഎൽ വിഭാഗക്കാർക്ക് അപേക്ഷിക്കാം.
മൈനോറിറ്റി വെൽഫെയർ ഓർഗനൈസേഷനാണ് സ്കോളർഷിപ്പ് നൽകുന്നത്. ഒരാൾക്ക് 10000 രൂപ ലഭിക്കും.
www.minoritywelfare.kerala.gov.in

## പ്രീ മെട്രിക്

● ഗവൺമെന്റ് അംഗീകൃത സ്കൂളുകളിൽ ഒന്നു മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിഭാഗക്കാർക്ക് അപേക്ഷിക്കാം. കുടുംബ വാർഷിക വരുമാനം ഒരുലക്ഷം രൂപയിൽ താഴെയായിരിക്കണം. പരീക്ഷകളിൽ 50 ശതമാനത്തിലധികം മാർക്കും ലഭിച്ചിരിക്കണം. സംസ്ഥാന സർക്കാരാണ് സ്കോളർഷിപ്പ് നൽകുന്നത്. ഒന്നു മുതൽ അഞ്ചുവരെ ക്ലാസുകാർക്ക് വർഷം 1000 രൂപയും ആറു മുതൽ 10 വരെ ക്ലാസുകാർക്ക് 5000 രൂപയും ലഭിക്കും.
www.scholarships.gov.in

## ഹിന്ദി സ്കോളർഷിപ്പ്

● പഠിക്കുന്ന കോഴ്സിൽ ഹിന്ദി ഒരു വിഷയമായി പഠിക്കുന്ന വിദ്യാർഥികൾക്ക് അപേക്ഷിക്കാം. മറ്റ് നിബന്ധനകൾ ഇല്ല. മാസം 500 രൂപ വീതം ലഭിക്കും.
www.dcescholarship.kerala.gov.in

## സി.എച്ച്. മുഹമ്മദ് കോയ

● ലാറ്റിൻ, പരിവർത്തിത ക്രിസ്ത്യൻ, മുസ്‌ലിം വിഭാഗങ്ങളിലെ കുട്ടികൾക്ക് ഡിഗ്രി/പിജി പഠനത്തിന്. വാർഷിക വരുമാനം ആറുലക്ഷം രൂപയിൽ താഴെയായിരിക്കണം.പഠനകാലത്ത് ഓരോ വർഷവും 5000 രൂപ ലഭിക്കും. ഹോസ്റ്റലിൽ താമസിക്കുന്നവരാണെങ്കിൽ സ്റ്റൈപന്റായി വർഷം 12000 രൂപ ലഭിക്കും.
www.dcescholarship.kerala.gov.in

## എൻസിസി സീനിയർ

● പ്ലസ്ടു പഠന കാലത്ത് എൻസിസിയിൽ അംഗമായിരിക്കുകയും 80 ശതമാനത്തില ധികം ഹാജരും 65 ശതമാനത്തിലധികം മാർക്കും ലഭിച്ച് ഡിഗ്രിക്ക് ചേരുന്നവർക്ക്. സ്കോളർഷിപ്പായി 12000 രൂപ ലഭിക്കും.
www.nccscholarship.org

## കെവിപിവൈ

● അടിസ്ഥാന ശാസ്ത്ര വിഷയങ്ങളിലെ ഡിഗ്രി/പിജി പഠനത്തിന്. പ്ലസ് വൺ, പ്ലസ്ടു ക്ലാസുകളിൽ പഠിക്കുമ്പോൾ കെവിപിവൈ പരീക്ഷ എഴുതി പാസാകണം. പ്ലസ്ടുവിന് 80 ശതമാനം മാർക്കും നേടണം. മറ്റ് നിബന്ധനകൾ ഇല്ല.
കിഷോർ വൈജ്ഞാനിക് പ്രോത്സാഹൻ യോജനയാണ് ഫെലോഷിപ്പ് നൽകുന്നത്. ഡിഗ്രി പഠനകാലത്ത് മാസം 5000 രൂപയും പിജി പഠന കാലത്ത് മാസം 7000 രൂപയും ലഭിക്കും. ആഗസ്റ്റ് 31-ന് മുമ്പ് അപേക്ഷിക്കണം.
www.kvpy.org.in

## യൂണിവേഴ്സിറ്റി മെറിറ്റ്

● യൂണിവേഴ്സിറ്റി തലത്തിൽ ഡിഗ്രിക്ക് ഉയർന്ന മാർക്ക് വാങ്ങി പിജി പഠനം നടത്തുന്നവർക്ക്. മറ്റ് നിബന്ധനകൾ ഇല്ല. അതാത് യൂണിവേഴ്സിറ്റികൾ നൽകുന്നു. വിവരങ്ങൾ അതാത് യൂണിവേഴ്സിറ്റികളുടെ വെബ്സൈറ്റിൽ ലഭ്യമാണ്.

ക്രിസ്തീയ കുടുംബം - 8

കൊച്ചുറാണിയും തിരുക്കുടുംബവും

# മരണം തുടർക്കഥയായപ്പോഴും തളരാതെ നിന്നു ഈ കുടുംബം

**റവ. ഡോ. ഫിലിപ്പ്സ് വടക്കേക്കളം**
വികാരിജനറാൾ, ചങ്ങനാശേരി അതിരൂപത

1866 സെപ്റ്റംബർ 20-ാം തീയതി, മരിയക്കും, പൊളീനും, ലെയോണിക്കും, ഹെലനും ശേഷം മാർട്ടിൻ ദമ്പതികൾക്ക് ഒരു ആൺകുഞ്ഞ് പിറന്നു. മരിയ ജോസഫ് ലൂയി എന്ന് അവർ അവനെ വിളിച്ചു. ഒരു ആൺകുഞ്ഞിനെ ലഭിച്ച അമ്മയുടെ സന്തോഷത്തിന് അതിരില്ലായിരുന്നു. കുടുംബത്തിനുവേണ്ടി ബലിയർപ്പിക്കാനും വിദൂരങ്ങളിൽ പോയി പുറജാതികളോട് സുവിശേഷം പ്രസംഗിക്കാനും പ്രാപ്തനായ ഒരു മിഷനറി വൈദികനെ മാതാപിതാക്കൾ ഈ കുഞ്ഞിൽ സ്വപ്നം കാണുവാൻ തുടങ്ങി. വലിയ ആനന്ദത്തോടെ സെലി തന്റെ സഹോദരന് എഴുതി: “ഹോ, ഇതൊരു സുന്ദരക്കുട്ടനാണ്; വലുപ്പവും ബലവുമുണ്ട്. ഇതിലും നല്ല ഒരു കുഞ്ഞിനെ സങ്കല്പിക്കാൻപോലും സാധിക്കുന്നില്ല; എന്റെ പൊന്നുമോൻ ജോസഫ്. ഞാൻ എന്റെ നിധി കണ്ടെത്തിയിരിക്കുന്നു.” തന്റെ കൊച്ച് ഒരു വൈദികനായി വിശുദ്ധ ബലിയർപ്പിക്കുന്നത് അവൾ സ്വപ്നം കാണാൻ തുടങ്ങി. ആ വൈദികനുവേണ്ടിയുള്ള കുർബാനക്കുപ്പായം നല്ല ലേസ് കൊണ്ട് താൻ നിർമ്മിക്കുന്നതും അവൾ ഭാവനയിൽ കണ്ടു.

താമസിയാതെ, ഈ ദിവാസ്വപ്നങ്ങൾ ഉടഞ്ഞുപോയി. തനിക്കു മുലപ്പാൽ കുറവായിരുന്നതിനാൽ ഏകദേശം 8 മൈൽ അകലെയുള്ള സെമാലെ എന്ന ഗ്രാമത്തിലെ കൊച്ചുറോസ എന്ന സ്ത്രീയുടെ പക്കൽ മുലയൂട്ടാൻ കുഞ്ഞിനെ ഏല്പിച്ചുവെങ്കിലും പ്രയോജനമുണ്ടായില്ല. ഫെബ്രുവരി 14-ാം തീയതി ആ കുഞ്ഞിനെ അവർക്കു നഷ്ടപ്പെട്ടു. മനോവേദനയിൽ പിടഞ്ഞ സെലി, തന്റെ ഭർത്താവിന്റെ ആഴമുള്ള വിശ്വാസത്തിൽ ബലം കണ്ടെത്തി. പിറ്റേദിവസം തന്റെ ചേച്ചി ഇലൈസല് മാൻസിൽനിന്നും തന്റെ അനുജത്തിയെ ആശ്വസിപ്പിച്ചുകൊണ്ട് എഴുതി:

“എന്റെ കുഞ്ഞു സഹോദരി, നീ അയച്ചിരുന്ന ടെലിഗ്രാം എനിക്ക് ഇന്നലെ വൈകുന്നേരം ലഭിച്ചു. നമ്മുടെ കുഞ്ഞുമാലാഖ അപ്പോൾതന്നെ സ്വർഗ്ഗത്തിൽ എത്തിയിരുന്നു. നിന്നെ എങ്ങനെയാണ് ആശ്വസിപ്പിക്കേണ്ടതെന്ന് എനിക്കറിഞ്ഞുകൂടാ. ഞാനും ആശ്വാസം തേടുകയാണ്. എങ്കിലും, ദൈവതിരുമനസിനു മുന്നിൽ ഞാൻ തല കുനിക്കുന്നു. ദൈവം തന്നു, ദൈവം എടുത്തു; ദൈവത്തിന്റെ നാമം സ്തുതിക്കപ്പെടട്ടെ...”




ഒരു ആൺകുട്ടിയെ ലഭിക്കുക എന്നതായിരുന്നു സെലിയുടെ ഏറ്റവും വലിയ ആഗ്രഹം. അവനെ ഒരു വൈദികനാക്കണം. അവന്റെ ദിവ്യബലിയിൽ പങ്കെടുക്കണം. അവനിലൂടെ ആത്മാക്കൾ രക്ഷപ്പെടണം. കളങ്കമില്ലാത്ത, പരിശുദ്ധമായ ആഗ്രഹങ്ങൾ. അവൾ വീണ്ടും മുട്ടിപ്പായി പ്രാർത്ഥിച്ചു. ദൈവം ഈ പാവം സ്ത്രീയുടെ പ്രാർത്ഥന കേട്ടു. 1867 ഡിസംബർ 19-ാം തീയതി അവൾക്ക് ഒരു പുത്രൻ ജനിച്ചു-മരിയ ജോസഫ് ജീൻ ബാപ്റ്റിസ്റ്റ്. സെമാലെയിലെ കൊച്ചുറോസതന്നെയാണ് ഈ കുഞ്ഞിനെയും മുലയൂട്ടുന്നത്. താമസിയാതെ ഈ കുട്ടിയും മാതാപിതാക്കളെ ദുഃഖത്തിൽ ആഴ്ത്തിക്കൊണ്ട് 1868 ഏപ്രിൽ 24-ാം തീയതി കടന്നുപോയി. വിവരമറിഞ്ഞ ഇലൈസാ ചേച്ചി ആശ്വാസവും പ്രതീക്ഷയും പകർന്നുകൊണ്ട് കുഞ്ഞനുജത്തിക്ക് എഴുതി:

“പ്രിയ സഹോദരി, ദൈവത്തിന്റെ വഴികൾ നിഗൂഢങ്ങളാണ്. ജീവിതത്തിൽ നാം കാണുന്നത് ദുഃഖങ്ങളുമാണ്. പക്ഷേ, നാം അനുഭവിക്കുന്ന സഹനത്തിന് ഒടുവിൽ ആനുപാതികമായ സന്തോഷം അനുഭവിക്കുവാൻ ദൈവം ഇടയാക്കും. നീയിപ്പോൾ കണ്ണീരിൽ വിതയ്ക്കുന്നു; നാളെ സന്തോഷത്തിൽ കൊയ്യും. നമ്മെ മുറിപ്പെടുത്തുന്നവന്റെ കൈയിൽ മുറുകെപ്പിടിക്കുക. അവൻ തന്നെയാണ് നമ്മെ സുഖപ്പെടുത്തുന്നതും. പ്രാവിൻകൂടിന്റെ ഉടമസ്ഥൻ പ്രാവിനെ പിടിക്കാൻ വരുമ്പോൾ പ്രാക്കൾ തടസം നിൽക്കാറില്ല. എന്നാൽ, ഉടമസ്ഥനല്ലാത്തവൻ വരുമ്പോൾ അവ പ്രതികരിക്കുന്നു. ഇവിടെ, പ്രാവിൻകൂടിന്റെ ഉടമസ്ഥൻതന്നെയാണ് തന്റെ പ്രാവിൻകുഞ്ഞിനെ പിടിക്കാൻ വന്നത്, തന്റെ ഭവനത്തിലേക്കു കൊണ്ടുപോകുന്നതിനുവേണ്ടി അതുകൊണ്ട് നമുക്കു ദൈവഹിതം ആശ്ലേഷിക്കാം.”

അടിക്കടി ഉണ്ടായ വേർപാടുകൾ മാർട്ടിൻ ദമ്പതികളെ ദൈവപരിപാലനയിലേക്ക് കൂടുതൽ അടുപ്പിക്കാൻ കാരണമായി. ഈ വേർപാടിനുശേഷം ഒരു അപ്പസ്തോലനുവേണ്ടിയുള്ള പ്രാർത്ഥനയിൽ അവർ ബലം പിടിച്ചില്ല. ദൈവം തരുന്ന ഏതൊരു കുഞ്ഞിനെയും രണ്ടു കൈയും നീട്ടി സ്വീകരിക്കുന്നതിന് തയ്യാറായി. തന്റെ നാത്തൂൻ സെലിൻ ഫോർണിക്ക് സെലി മാർട്ടിൻ എഴുതി: “ഇപ്പോഴും മൂന്നോ നാലോ കുട്ടികൾ ഉള്ളതിൽ ഞാൻ നിരാശപ്പെടുന്നില്ല” വിശുദ്ധ യൗസേപ്പിതാവ് അവരുടെ വിശ്വാസത്തിന് കോട്ടം വരാതെ അവരെ സംരക്ഷിച്ചു. (തുടരും)

പുരാതന മരിയൻ തീർത്ഥാടനകേന്ദ്രമായ
കാഞ്ഞിരപ്പള്ളി പഴയപള്ളിയിൽ



എട്ടുനോമ്പാചരണവും
പരിശുദ്ധ മാതാവിന്റെ
പിറവിത്തിരുനാളും

2017 ആഗസ്റ്റ് 31 മുതൽ സെപ്റ്റംബർ 8 വരെ

ദൈവാനുഭവം

# ചില കാര്യങ്ങൾ നാം അനുഭവത്തിലൂടെയേ പഠിക്കൂ!

**പകുതി വലിച്ച സിഗരറ്റിലേക്ക് ഞാനൊന്നു നോക്കി. അതിന്റെ പുക വായ നിറഞ്ഞ് ഉള്ളിലേക്ക് അരിച്ചിറങ്ങുകയാണ്. ഞാൻ ആ സിഗരറ്റ് ജനാലയിലൂടെ പുറത്തേക്ക് വലിച്ചെറിഞ്ഞു. ഭാര്യയുടെ മുന്നിലെത്തി ശപഥമെടുത്തു: "ഇനി ജീവിച്ചിരിക്കുന്നിടത്തോളം കാലം പുകവലി ഉണ്ടാവില്ല."**



ഡോ.സിബി മാത്യൂസ് IPS

**1994** ൽ ഞാൻ തിരുവനന്തപുരം മെഡിക്കൽ കോളേജിനു സമീപം വാങ്ങിയിരുന്ന ഹൗസിംഗ് പ്ലോട്ടിൽ വീടുപണി ആരംഭിച്ചു. ഒക്ടോബർ മാസത്തിൽ താമസമാരംഭിച്ചു. അതേ മാസംതന്നെ ഞങ്ങൾ ആദ്യമായി ഒരു നവീകരണ ധ്യാനത്തിൽ പങ്കുചേരുന്നതിനായി തൃശൂർ ജില്ലയിലെ മുരിങ്ങൂരിലെ 'ഡിവൈൻ ധ്യാനകേന്ദ്രത്തിൽ' എത്തി. ഏതാണ്ട് ഇതേ സമയത്താണ് ഞങ്ങളുടെ കുടുംബത്തോട് വളരെയേറെ വാത്സല്യമുണ്ടായിരുന്ന മലങ്കര കത്തോലിക്കാസഭയിലെ ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗറിയോസ് തിരുമേനി ദിവംഗതനായത്. സീറോ മലബാർ സഭയിലെ ചങ്ങനാശ്ശേരി അതിരൂപതയിൽപ്പെട്ട വ്യക്തിയാണ് ഞാനെങ്കിലും ബനഡിക്ട് തിരുമേനിയുമായി അടുത്ത സ്നേഹബന്ധമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ദേഹവിയോഗം എന്നെയും കുടുംബത്തെയും വേദനിപ്പിച്ചിരുന്നു.

മുരിങ്ങൂർ ധ്യാനകേന്ദ്രത്തിൽ അഞ്ചുദിവസം നീളുന്ന ധ്യാനത്തിൽ സംബന്ധിക്കുന്നതിനായി ഞായറാഴ്ചയാണ് ഞങ്ങളെത്തിയത്. അവിടെ വലിയ തിരക്കുണ്ട്. അക്കാലത്ത് ഓരോ ആഴ്ചയും ഏകദേശം പതിനായിരത്തോളം വരുന്ന ജനങ്ങളാണ് ധ്യാനത്തിൽ പങ്കെടുത്തിരുന്നത്. പലരും രണ്ടും മൂന്നും ആഴ്ച തുടർച്ചയായി പങ്കെടുത്തിരുന്നു. വലിയ രോഗശാന്തികൾ ഉണ്ടാവുന്നതായി ജനങ്ങൾ വിശ്വസിച്ചിരുന്നു.

എനിക്കും ഭാര്യയ്ക്കും ധ്യാനകേന്ദ്രത്തിന്റെ ഗസ്റ്റ്ഹൗസായി ഉപയോഗിക്കുന്ന ഒരു വീടാണ് താമസത്തിനായി നൽകിയിരുന്നത്. തറയിൽ തഴപ്പായ വിരിച്ചായിരുന്നു കിടപ്പ്. അതേ വീടിന്റെ ഒന്നാം നിലയിൽ ആ ദിവസങ്ങളിൽ സാഹിത്യകാരൻ കാക്കനാടന്റെ സുഹൃത്തെന്നു സ്വയം പരിചയപ്പെടുത്തിയ നാടകസാഹിത്യകാരൻ തോപ്പിൽ രാമചന്ദ്രൻ നായരുണ്ടായിരുന്നു. മദ്യാസക്തി വിട്ടുമാറാൻ സുഹൃത്തുക്കൾ അദ്ദേഹത്തെ കൊണ്ടുവന്നു താമസിപ്പിച്ചിരിക്കുകയാണത്രെ.

ധ്യാനകേന്ദ്രം ഡയറക്ടർ ഫാദർ ജോർജ് പനയ്ക്കലായിരുന്നു. വലിയ ധ്യാനഹാളിലേക്ക് രാവിലെ തന്നെ പ്രാർത്ഥനയ്ക്കായി ഞങ്ങളെത്തി. ഹാളിന്റെ പിൻനിരയിലാണ് എനിക്കൊരു സീറ്റ് കിട്ടിയത്. പുതുതായി എത്തിയ ആളുകൾക്കുള്ള നിർദേശം എന്ന നിലയിൽ ധ്യാനത്തിനു മുന്നേ ധ്യാനകേന്ദ്രം ഡയറക്ടർ ജോർജ് പനയ്ക്കൽ എല്ലാവരോടുമായി പറഞ്ഞു: "ധ്യാനത്തിന്റെ ദിവസങ്ങളിൽ പുകവലിയും മദ്യപാനവും ഉപേക്ഷിക്കണം. മദ്യക്കുപ്പികളോ, പുകയില ഉത്പന്നങ്ങളോ കയ്യിലുള്ളവർ ധ്യാനഹാളിന്റെ മുൻഭാഗത്ത് ഈ സ്റ്റേജിനോടു ചേർന്നുള്ള വലിയ പ്ലാസ്റ്റിക് ബക്കറ്റുകളിൽ അത് നിക്ഷേപിക്കേണ്ടതാണ്."

പുകവലി ഉപേക്ഷിക്കണമെന്ന നിർദേശം എനിക്ക് സ്വീകാര്യമായിരുന്നില്ല. എന്റെ കൈയിലുണ്ടായിരുന്ന സിഗരറ്റ് ഞാൻ ബക്കറ്റിൽ നിക്ഷേപിക്കാനൊന്നും പോയില്ല. ആ സമയത്ത് എന്റെ മനസ്സിൽ തോന്നിയത് ഇതാണ്; "ഇയാളെന്തിനാ പുകവലി നിർത്തുവാൻ പറയുന്നത്, പ്രസംഗമോ പ്രാർത്ഥനയോ ഒക്കെ നടത്തിയാൽപ്പോരേ?!"

ഞാനേതായാലും പുകവലി ഉപേക്ഷിക്കാൻ ഉദ്ദേശിക്കുന്നില്ലെന്ന് ഉറപ്പിച്ചു.

രാത്രി ഒമ്പതുമണിയോടെ അന്നത്തെ പരിപാടികൾ അവസാനിച്ചു. ഞാൻ താമസസ്ഥലത്തു ചെന്ന് രാവിലെതൊട്ട് പിടിച്ചുനിന്നത് പരിഹരിക്കാനെന്നോണം രണ്ടുമൂന്നു സിഗരറ്റ് വലിച്ച് രസിച്ചു തീർത്തു.

രണ്ടാമത്തെയും മൂന്നാമത്തെയും ദിവസവും പുകവലിക്കുന്നതിനെതിരെ പനയ്ക്കലച്ചൻ സംസാരിച്ചു. "പുകവലി ഉപേക്ഷിക്കാതെ നിങ്ങൾക്ക് ദൈവാനുഭവം ലഭിക്കുകയില്ല", പനയ്ക്കലച്ചൻ ഇതു തുടർന്നുകൊണ്ടിരുന്നു.

ഞാനാണെങ്കിൽ പത്തുപതിനഞ്ചു വർഷമായി സിഗരറ്റു വലി ആസ്വദിച്ചുകൊണ്ടിരിക്കുന്ന ഞാൻ ഏതായാലും ഒരു വൈദികന്റെ വാക്കുകേട്ട് 'പുകവലി നിർത്താൻ പോകുന്നില്ല' എന്ന് വാശിപിടിച്ചിരുന്നു.

"ആരൊക്കെയാണ് പുകവലി ഉപേക്ഷിച്ചത്?" പനയ്ക്കലച്ചൻ ചോദിച്ചു.

ഞാൻ ഒന്നും മിണ്ടാതെ പിന്നിൽ അങ്ങനെതന്നെ ഇരുന്നു. ആരൊക്കെയോ കൈകൾ ഉയർത്തുന്നു. ഇതിലൊന്നും വലിയ കാര്യമില്ലെന്ന മട്ടിലായിരുന്നു എന്റെ ഇരിപ്പ്.

മൂന്നാം ദിവസം അച്ചന്റെ വാക്കുകൾക്ക് കുറച്ചുകൂടി ശക്തിയുള്ളതായി എനിക്കു തോന്നി. ദൈവാനുഭവം അന്വേഷിച്ച് വന്നവർ പുകവലി ഉപേക്ഷിക്കാതെ അത് നേടുകയില്ല. "ആരൊക്കെയാണ് പുകവലി ഉപേക്ഷിച്ചത്?"

ആ ചോദ്യം കേട്ടപ്പോൾ ഞാൻ ചുറ്റും നോക്കി. അച്ചന്റെ ചോദ്യം കേൾക്കുമ്പോൾ ഉയർത്തുന്ന കൈകളായിരുന്നില്ല ഞാൻ കണ്ടത്. എന്റെ ചുറ്റും കൂടിയിരിക്കുന്നവർ, അവരിലേക്ക് ഞാൻ നോക്കി. ഹാളിന്റെ ഏറ്റവും പിന്നിൽ അലസന്മാരുടെയും ഉറക്കം തൂങ്ങുന്നവരുടെയും കൂട്ടത്തിൽ ഞാൻ. ക്ലാസുകളിൽ ഒന്നാം സ്ഥാനം നേടിയിരുന്നപ്പോൾ എന്റെ തലയെത്ര ഉയർന്നിരുന്നതാണ്. കേസുകൾ ഓരോന്നായി തെളിയിക്കുന്ന സമയത്ത് ഞാനെത്ര അഭിമാനത്തോടെയാണ് നിന്നിരുന്നത്, എന്നിട്ടിപ്പോൾ മദ്യാസക്തരായവരുടെകൂടെ, മുക്തി നേടാനാവാതെ തലകുമ്പിട്ടിരിക്കുന്നവരുടെകൂടെ ഞാനും...!

ഞാൻ എന്നിലേക്കുതന്നെ നോക്കി. സ്വയം ചോദിച്ചുതുടങ്ങി:

"നീ എന്തിനാണ് ഇവിടെ വന്നത്? ഈ കൂട്ടത്തിൽ തലകുമ്പിട്ടിരിക്കുവാനായിരുന്നോ? ദൈവാനുഭവം തേടിയല്ലേ?"

അന്നു രാത്രി ധ്യാനപരിപാടികൾ കഴിഞ്ഞ് മുറിയിലേക്കെത്തിയ ഞാൻ ഒരു സിഗരറ്റിന് തീ കൊളുത്തി ജനാലയോട് ചേർന്നു നിന്ന് ആലോചിച്ചു. ഈ സമയത്ത് എന്റെ ഭാര്യ അടുത്തെത്തി പരുഷമായി പറഞ്ഞു: "നിങ്ങൾ ഈ ചെയ്യുന്നത് ശരിയല്ല. ധ്യാനകേന്ദ്രത്തിൽ പുകവലി പാടില്ലെന്ന് അറിയാഞ്ഞിട്ടല്ലോ?"

ഇവിടെ രാത്രി സിഗരറ്റും പുകച്ച് ഇരുന്നിട്ട്, ആരെങ്കിലും പുകവലിക്കുന്നുണ്ടോ എന്ന് അച്ചൻ ചോദിക്കുമ്പോൾ അറിയാത്ത മട്ടിൽ ഇരിക്കുക. മോശമല്ലേയിത്?

ഭാര്യയ്ക്ക് പിന്നാലെ പനയ്ക്കലച്ചന്റെ വാക്കുകളും എന്റെ ചെവിയിൽ മുഴങ്ങി.

പകുതി വലിച്ച സിഗരറ്റിലേക്ക് ഞാനൊന്നു നോക്കി. അതിന്റെ പുക വായ നിറഞ്ഞ് ഉള്ളിലേക്ക് അരിച്ചിറങ്ങുകയാണ്. ഞാൻ ആ സിഗരറ്റ് ജനാലയിലൂടെ പുറത്തേക്ക് വലിച്ചെറിഞ്ഞു. ഭാര്യയുടെ മുന്നിലെത്തി ശപഥമെടുത്തു: "ഇനി ജീവിച്ചിരിക്കുന്നിടത്തോളം കാലം പുകവലി ഉണ്ടാവില്ല."

പിറ്റേന്നു രാവിലെ ഏഴുമണിക്ക് ധ്യാനഹാളിലെത്തി. പിൻഭാഗത്തിരുന്നപ്പോൾ എനിക്ക് അസ്വസ്ഥത തോന്നി. ഞാൻ ഹാളിന്റെ വശത്തുള്ള നടപ്പാതയിലൂടെ മുന്നോട്ടു നടന്നു. എവിടെയെങ്കിലും ഒരു സീറ്റ് ഒഴിഞ്ഞിട്ടുണ്ടെങ്കിൽ എന്ന് ഞാൻ ആഗ്രഹിച്ചിരുന്നു. സ്റ്റേജിൽനിന്നും ഏതാണ്ട് 50 അടി മാറി ഒരു കസേര കിട്ടി. ഞാനതിൽ ഇരുന്നു. ഞാൻ മനസ്സ് പൂർണ്ണമായും ധ്യാനത്തിലേക്ക് സമർപ്പിച്ചു. പനയ്ക്കലച്ചന്റെ വാക്കുകളിലേക്ക് കണ്ണും കാതും മനസ്സും നൽകി. പ്രത്യേക കാരണമൊന്നുമില്ലാതെ എന്റെ കണ്ണുകൾ നിറഞ്ഞൊഴുകാൻ തുടങ്ങി. കയ്യിൽ കരുതിയിരുന്ന തൂവാല എന്റെ കണ്ണീരു വീണ് കുതിർന്നു.

ഉച്ചയ്ക്കുള്ള ആരാധനാസമയത്തും ഞാൻ അതേയിരിപ്പു തുടർന്നു. വേദിയിൽ ബത്‌ലഹേം താഴ്‌വരയിലെ പച്ചപ്പുകൾ തെളിയുന്നു. ആട്ടിൻപറ്റങ്ങൾ പതിയെ കുന്നിറങ്ങി വരുന്നു. അവ എന്റെ അടുത്തേക്കാണ് നീങ്ങിനീങ്ങി വരുന്നത്. അവയുടെ പിന്നിൽ മലയുടെ ചെരിവിലൂടെ ഒരു സൂര്യപ്രഭ തെളിഞ്ഞുവരുന്നു. പൂവു വിരിയുന്നതുപോലെ ചുണ്ടുകളിൽ മന്ദസ്മിതം വരുത്തി യേശുക്രിസ്തു നിൽക്കുന്നു. ഞാൻ ആ കാഴ്ചകളിലേക്ക് കണ്ണെടുക്കാതെ നോക്കിയിരുന്നു.

ഒരു സ്വപ്നത്തിൽ നിന്നെന്നപോലെ ഞാനുണർന്നു. വേദിയിലേക്ക് സൂക്ഷിച്ചുനോക്കി. ചെമ്മരിയാടുകൾ കുന്നിറങ്ങിപ്പോയ ചെമ്മൺമലയുടെ അടിവാരംപോലെ അവ്യക്തമായിരുന്നു ചിത്രങ്ങൾ. ഞാൻ വീണ്ടും വീണ്ടും സൂക്ഷിച്ചുനോക്കി. അല്ല, എന്റെ തോന്നലായിരുന്നു എല്ലാം. ഞാൻ കണ്ട ചിത്രത്തിനോടു സാമ്യമുള്ള ഒരു ചിത്രംപോലും അവിടെയെങ്ങും കണ്ടില്ല.

വൈകിട്ട് വിശുദ്ധ കുർബ്ബാന, വൈദികൻ വിശ്വാസികൾക്കു നൽകുന്ന സമയം. വീണ്ടും യേശുക്രിസ്തു ആ വൈദികന്റെ സ്ഥാനത്ത് നിൽക്കുന്ന ദൃശ്യവും ഞാൻ കണ്ടു.

ശനിയാഴ്ച ധ്യാനവും കഴിഞ്ഞ് തിരികെ വീട്ടിലേക്ക് മടങ്ങുമ്പോൾ എന്റെ മനസ്സ് അസ്വസ്ഥമായിരുന്നില്ല. എന്റെ ഉള്ളിലെ ചോദ്യങ്ങൾക്ക് ഉത്തരം കിട്ടിയിരുന്നു.

"ഞാൻ സത്യസന്ധതയോടും നീതിബോധത്തോടെയും ആത്മാർത്ഥമായി ജോലി ചെയ്തിട്ടും എന്തുകൊണ്ട് നിരന്തരമായി ശത്രുക്കൾ, പീഡനങ്ങൾ ഉണ്ടാകുന്നു?"

"ദുഷ്ടത പ്രവർത്തിക്കുന്നവർക്ക് ഉയർച്ചയും എന്നെപ്പോലുള്ളവർക്ക് സഹനവുമാണോ ദൈവത്തിന്റെ നീതി?"

എന്റെ ഈ ചോദ്യങ്ങൾക്ക് ദൈവം എനിക്ക് ഉത്തരം നൽകിയതായി എനിക്കു തോന്നി. "നീ ഇത്തരത്തിൽ ഒരു പോലീസുദ്യോഗസ്ഥനായിരിക്കുക എന്നതാണ് ഈശ്വരൻ നിനക്കു നൽകിയ നിയോഗം. പ്രതിസന്ധികളിലും നിനക്ക് ഈശ്വരന്റെ സംരക്ഷണം ലഭിക്കും. വിശ്വാസത്തോടെ മുന്നോട്ടു നടക്കുക."

എന്നും കൂടെയുണ്ടാവും എന്ന് തോളിൽ തട്ടി ആരോ പറയുന്നതുപോലെ എനിക്കു തോന്നി. ആരോ എന്നത് ദൈവം തന്നെയാണെന്ന് ഞാനുറപ്പിച്ചു.

മടങ്ങിയെത്തിയതിനുശേഷം ഞാൻ പതിവായി രാവിലെ ബൈബിൾ വായിക്കുവാൻ തുടങ്ങി. രാവിലെ എഴുന്നേറ്റാൽ അഞ്ചുമിനിട്ടെങ്കിലും ബൈബിൾ വായിച്ചതിനുശേഷമാണ് പത്രവും മറ്റും വായിക്കുന്നത്. യാത്രയിലാണെങ്കിൽ മനഃപാഠമാക്കിയ ബൈബിൾ വാക്യങ്ങൾ ഓർമ്മിച്ചെടുത്ത് അവ ഉരുവിട്ടതിനുശേഷം മാത്രം ദിനകൃത്യങ്ങൾ ആരംഭിക്കും. എന്റെ ജീവിതശൈലികളെയും ജീവിതത്തെയും മാറ്റിമറിച്ചത് ധ്യാനകേന്ദ്രത്തിലേക്ക് പോകാനുള്ള തീരുമാനമായിരുന്നു.

*(നിർഭയം എന്ന ആത്മകഥയിൽ നിന്ന്)*

## സ്വർഗത്തിലെ ഒന്നാം പിറന്നാൾ



**കെ.സി. തോമസ്**
**കളയത്തുംമൂട്ടിൽ, ചെമ്മണ്ണ്**

ജനനം: 29-01-1942    മരണം: 02-09-2016

Reji Kizhakkethalackal - 9447090450
Santhosh Mookilikattu - 9447572691


Engagement | Wedding | Birthday | Housewarming | Farewell Party

Manna
CATERERS & EVENT PLANNERS

Near Civil Station,
KANJIRAPALLY
e-mail : mannacatereskply@gmail.com

കംപ്യൂട്ടർ രംഗത്തെ നൂതന വിപ്ലവങ്ങൾ

# വില്ലൻ ഗെയിമുകളുടെ കാലം




**ഡോ. ജൂബി മാത്യു**
അസി. പ്രൊഫസർ, അമൽജ്യോതി കോളേജ്

**എ**വിടെ തിരിഞ്ഞൊന്നു നോക്കിയാലും അവിടെയെല്ലാം ഗെയിമിംഗ് മാത്രം എന്ന സ്ഥിതിയാണ് ഇപ്പോൾ. ട്രെയിനിലും ബസ്സിലും റോഡിലും, എന്തിന്, ആഹാരം കഴിക്കുമ്പോൾ വരെയും ഗെയിമിംഗിൽ മുഴുകിയിരിക്കുകയാണ് ഇന്നത്തെ കുട്ടികളും മുതിർന്നവരും. കുട്ടികളുടെ വാശികൾ പരിഹരിക്കാനുള്ള ഒരു എളുപ്പമാർഗ്ഗമായി മാതാപിതാക്കൾ മൊബൈൽ ഫോണിലെ ഗെയിമുകളെ മാറ്റിക്കഴിഞ്ഞു.

**ബ്ലൂവെയിൽ**

ബ്ലൂ വെയിൽ ഗെയിം അല്ലെങ്കിൽ ബ്ലൂവെയിൽ ചലഞ്ച് ഒരു ഇന്റർനെറ്റ് ഗെയിമാണ്. 50 ദിവസത്തേക്ക് 50 ചലഞ്ചുകൾ ഏറ്റെടുത്ത് പൂർത്തിയാക്കുന്ന ചലഞ്ച്. അന്ത്യം ആത്മഹത്യയിലേക്കാണ് നയിക്കുന്നത്. ആത്മഹത്യയുമായി ബന്ധപ്പെട്ട് കിടക്കുന്ന ബീച്ചെഡ് വെയിൽസ് എന്ന വാക്കിൽനിന്നാണ് "ബ്ലൂ വെയിൽ" എന്ന വാക്ക് ഉണ്ടായത്. അതായത് കടൽത്തീരത്ത് നീലതിമിംഗലങ്ങൾ, കൂർത്ത കൊമ്പുകൾ മണലിൽ കുത്തിതാഴ്ത്തി മരണത്തിലേക്കു പോകുന്ന പ്രതിഭാസം യൂറോപ്പിൽ കണ്ടുവരാറുണ്ട്. അതുകൊണ്ടാണ് ഈ ഗെയിമിംഗിന് ഇത്തരം ഒരു പേരിടാൻ കാരണം. 2013 -ൽ റഷ്യൻ മന:ശാസ്ത്ര പഠനവിദ്യാർത്ഥിയായ ഫിലിപ്പ് ബുഡേകിൻ ആണ് ഈ ഗെയിം വികസിപ്പിച്ചെടുത്തത്.

**പോക്കിമോൻ**

ആപ്ലിക്കേഷൻ ഉപയോഗിച്ച് കളിക്കാവുന്ന ഏറ്റവും പുതിയ ഫോൺ ഗെയിമാണ് പോക്കിമോൻ. പോക്കിമോൻ കാർട്ടൂണുകൾ നേരത്തെതന്നെ എല്ലാവർക്കും പരിചിതമാണ്. മറ്റ് വീഡിയോ ഗെയിമുകളിൽനിന്ന് വ്യത്യസ്തമായി മൊബൈൽ ക്യാമറയും ഗ്ലോബൽ പൊസിഷൻ സിസ്റ്റവും (GPS) ഓൺ ചെയ്തുവച്ചാണ് ഗെയിം കളിക്കേണ്ടത്. അതിനാൽതന്നെ കളിക്കുന്ന സ്ഥലം നമ്മുടെ പരിസരമായി മാറും. പരിസരം ദൃശ്യമാകുന്ന സ്ക്രീനിലാണ് കളിയിലെ കഥാപാത്രങ്ങൾ വരുന്നത്.

ആഷ് എന്ന കുട്ടിച്ചാത്തനും അവന്റെ കൂട്ടുകാരും നടത്തുന്ന സാഹസികയാത്രകളാണ് പോക്കിമോൻ കഥകൾ. പോക്കിമോൻ ഗെയിമിൽ കഥാപാത്രമായ പിക്കാച്ചുവിനെ തേടി കുന്നിലും മലയിലും കയറിപോകാനും ക്ഷമയോടെ കാത്തിരിക്കാനും ലക്ഷക്കണക്കിന് ആളുകളാണ് ലോകത്തുള്ളത്.

വീടിന് പരിസരത്ത് കളി തുടങ്ങിയാൽ വാതിലിന് പിന്നിലോ, കർട്ടന്റെ മറവിലോ ഒക്കെ കഥാപാത്രങ്ങൾ ഒളിച്ചിരിക്കും. അവരെ പിടികൂടാനുള്ള നീക്കം തുടങ്ങുമ്പോൾ, നിങ്ങൾ അറിയാതെ കഥാപാത്രങ്ങൾ റോഡിലേക്കും വിദൂര സ്ഥലങ്ങളിലേക്കും നീങ്ങും. വഴികളിലും പുഴകളിലും കടലിലുമൊക്കെ പോക്കിമോനെ കണ്ടെന്നിരിക്കും. അത് പിടിക്കാൻ പോയാൽ വൻദുരന്തമായിരിക്കും ഫലം. പോക്കിമോൻ കുട്ടികളുടെ സുരക്ഷയ്ക്ക് ഏറെ ഭീഷണിയാണെന്നാണ് വിദഗ്ധരുടെ വിലയിരുത്തൽ.


ലഹരിവസ്തുക്കൾക്ക് അടിമയാകുന്നതുപോലെയാണ് സൈബർലോകത്തെ മൊബൈൽ ഫോൺ, ഓൺലൈൻ ഗെയിമുകൾ, സമൂഹമാധ്യമങ്ങൾ എന്നിവയിൽ അടിമയാകുന്നത്. സാഹസികത കാണിക്കാൻ ഏറ്റവുമധികം വെമ്പുന്ന പ്രായമാണ് ടീനേജ്. സുഹൃത്തുക്കളുടെ ഇടയിൽ ധീര പരിവേഷം കിട്ടുമെന്ന തോന്നലും അവരെ ഇത്തരം കളികളിലേക്ക് ആകർഷിക്കുന്നു. സൈബർ ലോകത്തിന് അതിർവരമ്പുകളില്ല. ബുദ്ധിയുറയ്ക്കാത്ത സമയത്തുപോലും കുട്ടികൾക്ക് മൊബൈൽ ഫോണും കമ്പ്യൂട്ടറും നൽകി ഇന്റർനെറ്റിന്റെ അടിമകളാക്കി മാറ്റുന്ന പ്രവണത കൂടിവരികയാണ്. ആരുടെയും മാനസികനില തകരാറിലാക്കി മരണത്തിലേക്കു വരെ തള്ളിയിടുന്ന കൊലയാളി ഗെയിമുകൾക്കെതിരെ ജാഗ്രത പാലിക്കണം. ഗെയിമുകളുടെ ലോകത്തുനിന്ന് മാറി മണ്ണിന്റെയും മരങ്ങളുടെയും മണവും അനുഭൂതിയും അറിയുന്ന ഓണക്കാലമാവട്ടെ നമ്മുടെ കുട്ടികൾക്ക് ഈ അവധിക്കാലം.

# ഇന്ത്യയുടെ നീലാകാശത്ത് അസഹിഷ്ണുതയുടെ കാർമേഘങ്ങൾ നിറയുമ്പോൾ

രാഷ്ട്രീയം

**പ്രഫ. റോണി കെ. ബേബി**

**ശിശു മരണനിരക്കിലും അനാരോഗ്യത്തിലും ഇന്ത്യ സോമാലിയയുടെയും മുന്നിലെത്തി എന്ന വാർത്ത ലോകാരോഗ്യസംഘടനയുടെ കണക്കുകളിലൂടെ ഈയിടെ പുറത്തുവന്നിരുന്നു. പുതിയ റാങ്കിംഗിൽ സോമാലിയ 144 – ാമത് നിൽക്കുമ്പോൾ ഇന്ത്യയുടെ സ്ഥാനം 155 ആണ്.**



**ജ**വഹർലാൽ നെഹ്രു തന്റെ പ്രശസ്തമായ ഗ്രന്ഥം 'ഇന്ത്യയെ കണ്ടെത്തൽ' (The Discovery of India) അവസാനിപ്പിക്കുന്നത് ഇങ്ങനെയാണ് "ഇന്ത്യ ജീവിച്ചാൽ പിന്നെ ആരു മരിക്കും. ഇന്ത്യ മരിച്ചാൽ പിന്നെ ആരു ജീവിക്കും" വളരെ ദുഃഖകരം എന്നു പറയട്ടെ. വൈവിധ്യങ്ങളുടെ മനോഹാരിതകൊണ്ട് സമ്പന്നമായിരുന്ന ഇന്ത്യയുടെ നീലാകാശത്ത് ഇന്ന് അസഹിഷ്ണുതയിൽനിന്നും രൂപം കൊള്ളുന്ന അശാന്തിയുടെ കാർമേഘങ്ങൾ രൂപം കൊള്ളുകയാണ്. ബ്രിട്ടീഷുകാർ ഇന്ത്യയെ രണ്ടായി ആണ് വിഭജിച്ചിരുന്നതെങ്കിൽ ഇന്നത്തെ ഭരണാധികാരികൾ അതിനെ പല തുണ്ടുകളും, തുരുത്തുകളുമായി വിഭജിച്ചുകൊണ്ടിരിക്കുകയാണ്. ഐതിഹാസികമായ ഒരു സ്വാതന്ത്ര്യസമരത്തിന്റെ പശ്ചാത്തലത്തിൽ രൂപം കൊണ്ട ഇന്ത്യയുടെ ദേശീയതയും, ദേശീയ ബോധവും മതേതരത്വം, ജനാധിപത്യം തുടങ്ങിയ പുരോഗമന ആശയങ്ങൾ കൊണ്ട് സമ്പന്നമായിരുന്നു എങ്കിൽ ഇന്ന് ആ ആശയങ്ങളെയെല്ലാം തകർത്തെറിഞ്ഞ് നൂറ്റാണ്ടുകൾക്ക് അപ്പുറമുള്ള ജാതിയുടെയും മതത്തിന്റെയും പേരിൽ തല്ലുന്ന, കലഹിക്കുന്ന, അസഹിഷ്ണുതയുടെ ഗോത്രവർഗ്ഗസംസ്ക്കാരത്തിലേക്ക് തിരിച്ചുപോവുകയാണ് ഇന്ത്യ. ശാസ്ത്രസാങ്കേതികതയുടെ ഉച്ചകോടിയിൽ നിൽക്കുമ്പോൾ മനുഷ്യനെ മൃഗത്തിന്റെ പേരിൽ തല്ലിക്കൊല്ലുന്ന മറ്റ് ഏതൊരു രാജ്യമുണ്ട് ഇന്ന് ഈ ലോകത്ത് ?

രാജ്യത്ത് വലിയ പ്രതിസന്ധികൾ ഉരുണ്ടുകൂടുകയാണ്. രാജ്യത്തിന്റെ അതിർത്തികളിൽ വലിയ വെല്ലുവിളികൾ ഉയരുന്നു, കഴിഞ്ഞ വർഷം മാത്രം കടക്കെണിയിൽപ്പെട്ട് ആത്മഹത്യ ചെയ്തത് പതിനായിരക്കണക്കിന് കർഷകരാണ്. രാജ്യത്തെ വ്യാവസായിക ഉൽപ്പാദനത്തിൽ വലിയ ഇടിവാണ് ഉണ്ടായിരിക്കുന്നത്. കറൻസി പിൻവലിക്കൽ രാജ്യത്തിന്റെ ആഭ്യന്തരവളർച്ചയെ പിന്നോട്ടടിപ്പിച്ചിരിക്കുന്നു. രാജ്യത്തെ ബാങ്കുകളിലെ നിക്ഷേപം കഴിഞ്ഞ ഇരുപത്തിയഞ്ച് വർഷത്തെ ഏറ്റവും കുറഞ്ഞ നിലയിലേക്ക് എത്തിയിരിക്കുന്നു. തൊഴിലില്ലായ്മയും അസംഘടിത തൊഴിൽ മേഖലയിലെ പ്രശ്നങ്ങളും ദിനം പ്രതി വർദ്ധിച്ചുവരുന്നു. രാജ്യത്തെ സമ്പദ്‌വ്യവസ്ഥയിൽ ഗുരുതരമായ പ്രശ്നങ്ങൾ ഉണ്ട് എന്ന് കേന്ദ്രധനകാര്യമന്ത്രി അരുൺ ജയ്റ്റ്ലിക്ക് സമ്മതിക്കേണ്ടി വന്നത് ഈ പശ്ചാത്തലത്തിലാണ്.

സാമൂഹ്യ, ആരോഗ്യ, വിദ്യാഭ്യാസമേഖലകളിലും പുതിയ വെല്ലുവിളികൾ ഉയരുകയാണ്. ഉത്തർപ്രദേശ് മുഖ്യമന്ത്രിയായ യോഗി ആദിത്യനാഥിന്റെ സ്വന്തം നിയോജകമണ്ഡലമായ ഗോരഖ്പൂരിൽ പ്രാണവായു കിട്ടാതെ എഴുപതിൽപരം പിഞ്ചുകുഞ്ഞുങ്ങൾ പിടഞ്ഞുമരിക്കേണ്ടിവന്നു എന്നത് ഹൃദയഭേദകമായ കാര്യമാണ്. രാജ്യത്തെ 'പശുബെൽറ്റ്' എന്നറിയപ്പെടുന്ന ഗുജറാത്ത്, രാജസ്ഥാൻ, മധ്യപ്രദേശ്, ഛത്തീസ്ഗഢ് തുടങ്ങിയ സംസ്ഥാനങ്ങളിൽ ശിശു ആരോഗ്യനിരക്കിൽ ഗുരുതരമായ വീഴ്ചയാണ് ഉണ്ടായിരിക്കുന്നത്. ശിശു മരണനിരക്കിലും അനാരോഗ്യത്തിലും ഇന്ത്യ സോമാലിയയുടെയും മുന്നിലെത്തി എന്ന വാർത്ത ലോകാരോഗ്യസംഘടനയുടെ കണക്കുകളിലൂടെ ഈയിടെ പുറത്തുവന്നിരുന്നു. പുതിയ റാങ്കിംഗിൽ സോമാലിയ 144-ാമത് നിൽക്കുമ്പോൾ ഇന്ത്യയുടെ സ്ഥാനം 155 ആണ്.

പാഠപ്പുസ്തകങ്ങളെ കാവിവൽക്കരിക്കുന്നതിനും ഭരണകൂടത്തിന്റെ പ്രത്യയശാസ്ത്രം കുത്തിനിറയ്ക്കുന്നതിനുമുള്ള ആസൂത്രിത ശ്രമങ്ങൾ നടക്കുന്നു. ദേശീയ വിദ്യാഭ്യാസനയം രൂപീകരിക്കുന്നതിന് നിയോഗിച്ച ടി.വി.ആർ. ബാലസുബ്രഹ്മണ്യം കമ്മറ്റിയുടെ ശുപാർശകളിൽ ശക്തമായ ഹിന്ദുത്വദർശനങ്ങൾ ഇല്ല എന്ന് മനസ്സിലാക്കി കസ്തൂരിരംഗന്റെ നേതൃത്വത്തിൽ പുതിയ കമ്മറ്റിയെ നിയോഗിച്ചുകഴിഞ്ഞിരിക്കുന്നു. ആർ.എസ്.എസ്. സർസംഘചാലക് മോഹൻ ഭഗവതിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ രാജ്യത്തെ കേന്ദ്ര, സംസ്ഥാന സർവ്വകലാശാലകളുടെ വൈസ്ചാൻസിലർമാർക്കുവേണ്ടി പഠനശിബിരങ്ങൾ നടത്തപ്പെടുന്നു. മഹാരാഷ്ട്രയിലെ സ്കൂൾ പാഠപ്പുസ്തകങ്ങളിൽ നിന്നും മുഗൾ ചരിത്രം നീക്കം ചെയ്യുന്നു. ഗുജറാത്തിലെ പാഠപ്പുസ്തകങ്ങളിൽ യേശുക്രിസ്തുവിനെ ദുർദേവനായി ചിത്രീകരിക്കുന്നു. മഹാത്മാഗാന്ധിക്കും, നെഹ്രുവിനും പകരം വി.ഡി. സവത്കറും, ദീൻദയാൽ ഉപാധ്യായയും, ഡോ. ശ്യാമപ്രസാദ് മുഖർജിയുമൊക്കെ സ്വാതന്ത്ര്യസമരസേനാനികളായി ചിത്രീകരിക്കപ്പെടുന്നു.

ഇന്ന് രണ്ടുതരം ഇന്ത്യ രൂപം കൊള്ളുകയാണ്. രാജ്യം തങ്ങളുടേത് മാത്രമാണ് എന്നും മതന്യൂനപക്ഷങ്ങൾക്കും, ദളിതർക്കും ഈ രാജ്യത്ത് ജീവിക്കാൻ അവകാശമില്ല എന്ന് ചിന്തിക്കുന്നവരുടെ ഇന്ത്യ ഒരുവശത്ത്, തങ്ങൾ രാജ്യത്തിനുവേണ്ടി ആണ് എന്നും എല്ലാവർക്കും അവകാശപ്പെട്ടതാണ് ഈ രാജ്യം എന്ന് ചിന്തിക്കുന്നവരുടെ ഇന്ത്യ മറുവശത്ത്. ഈ പോരാട്ടത്തിൽ ആരു വിജയിക്കും എന്നതിനെ ആശ്രയിച്ചിരിക്കുന്നു. ഈ മഹത്തായ രാജ്യത്തിന്റെ ഭാവി.

# പ്രമേഹം : അറിയേണ്ടതെല്ലാം

**ഡോ. ബിബിൻ ജോസ് MBBS, MD**
മേരി ക്വീൻസ് ആശുപത്രി
26-ാം മൈൽ

നമ്മുടെ ശരീരത്തിലെ പാൻക്രിയാസ് ഗ്രന്ഥിക്ക് ഇൻസുലിൻ ഉല്പാദിപ്പിക്കുവാനുള്ള ശേഷി കുറയുന്നതുകൊണ്ട് വരുന്ന ഒരു അസുഖമാണ് പ്രമേഹം.

**പാൻക്രിയാസ് ഗ്രന്ഥി**

- സാധാരണഗതിയിൽ പാൻക്രിയാസ് ഗ്രന്ഥിയിലെ ബീറ്റാ സെല്ലുകളാണ്. നമ്മുടെ ശരീരത്തിനാവശ്യമായ ഇൻസുലിനെ ഉത്പാദിപ്പിച്ച് രക്തത്തിലെ രക്തത്തിലെ പഞ്ചസാരയുടെ അളവ് കുറയ്ക്കുന്നത്.
- പ്രായമാകുമ്പോഴും മറ്റു പല പാരമ്പര്യജന്യമായ തകരാറുകൾ കൊണ്ടും പാൻക്രിയാസിന്റെ ശേഷി പതിയെ കുറയുന്നു.
- അച്ഛനോ, അമ്മയ്ക്കോ പ്രമേഹമുണ്ടെങ്കിൽ മക്കൾക്ക് 50% വരെ സാധ്യതയുണ്ട്.
- അങ്ങനെ സാധാരണഗതിയിൽ ഉത്പാദിപ്പിക്കുന്ന ഇൻസുലിന്റെയും അളവ് കുറഞ്ഞുപോകുന്നു.
- പലർക്കും പലവിധത്തിലാണ് പാൻക്രിയാസിലെ ബീറ്റാസെല്ലുകളുടെ നാശം സംഭവിക്കുകയും ഇൻസുലിന്റെ തോത് കുറയുകയും ചെയ്യുക.

**ചികിത്സാമാർഗ്ഗങ്ങൾ**

- ചിലർക്ക് ഗുളികകൾകൊണ്ട് രക്തത്തിലെ പഞ്ചസാരയുടെ അളവ് കുറയ്ക്കുവാനാകും.
- ചിട്ടയായ വ്യായാമമുറകളും, നിശ്ചിത അളവിലുള്ള ഭക്ഷണവും അത്യന്താപേക്ഷിതമാണ്.
- ഏറ്റവും ഫലപ്രദവും സൈഡ് ഇഫക്ട് കുറഞ്ഞതുമായ മാർഗ്ഗം ഇൻസുലിൻ കൃത്യമായി എടുക്കുക എന്നതാണ്.
- അവരവരുടെ ഭക്ഷണത്തിലെ പഞ്ചസാരയുടെ അളവിനനുസരിച്ച് ഇൻസുലിന്റെ അളവ് നിശ്ചയിക്കേണ്ടതാണ്.
- നമ്മുടെ ശരീരത്തിൽ എന്തു കുറവാണോ അത് പുറമെനിന്നും കൊടുക്കുന്നു എന്നതാണ് ഇതിന്റെ വിശദീകരണം.

**പ്രമേഹരോഗികൾ പാലിക്കേണ്ട ഭക്ഷണക്രമം: ഉപയോഗിക്കാവുന്നത്**
ഇലക്കറികൾ, ക്ലിയർസൂപ്പ്, സാലഡ്, പാട കളഞ്ഞ പാൽ, മോര്, സോഡ, തക്കാളി ജ്യൂസ്, നാരങ്ങാവെള്ളം (പഞ്ചസാര ചേർക്കാതെ)

**മിതമായി ഉപയോഗിക്കാവുന്നത്**
തവിടോടുകൂടിയ ധാന്യങ്ങൾ, പയറുവർഗ്ഗങ്ങൾ, ബദാം, അണ്ടിപ്പരിപ്പ്, നിലക്കടല (10 ഗ്രാമിന് ചുവടെ) പഴങ്ങളിൽ പേരയ്ക്ക, തണ്ണിമത്തൻ, ആപ്പിൾ, മുസംബി, സബേർജിൽ, ചെറുപഴം(100 ഗ്രാം വരെ) മുട്ടയുടെ വെള്ള, കോഴിയിറച്ചി (ആഴ്ചയിൽ ഒരിക്കൽ) മത്സ്യം (അയല, മത്തി, ചെറുമത്സ്യങ്ങൾ എന്നിവ)

**ഒഴിവാക്കേണ്ടവ**
1. പഞ്ചസാര, തേൻ, വെല്ലം, ഗ്ലൂക്കോസ്
2. ലഡു, ബർഫി, പായസം, പുഡ്ഡിംഗ്
3. മൈദ, കൂവപ്പൊടി, ചോളപ്പൊടി
4. ഉണക്കമുന്തിരി, ഈന്തപ്പഴം, ആപ്രിക്കോട്ട്, അത്തിപ്പഴം, ജ്യൂസുകൾ, ക്രീം ബിസ്ക്കറ്റുകൾ
5. പന്നിയിറച്ചി, പോത്തിറച്ചി, ആട്ടിറച്ചി, കരൾ, തലച്ചോറ്, മുട്ടയുടെ മഞ്ഞ
6. ഉരുളക്കിഴങ്ങ്, ചേന, ചേസ്, കപ്പ, മധുരക്കിഴങ്ങ് എന്നിവ

**വ്യായാമം**
വേഗത്തിലുള്ള നടത്തം, നീന്തൽ, യോഗ, സൈക്ലിങ്ങ് ഇവയിൽ ഏതെങ്കിലും ദിവസം അരമണിക്കൂറെങ്കിലും ചെയ്യുക. ആരോഗ്യമാണ് ജീവിതത്തിലെ ഏറ്റവും വലിയ ലക്ഷുറി അത് നഷ്ടമായാൽ എത്ര പണം കൊടുത്താലും തിരിച്ചുപിടിക്കാൻ പറ്റാതെ വന്നേക്കാം. അത് എനിക്കോ നിങ്ങൾക്കോ എപ്പോൾ വേണമെങ്കിലും സംഭവിക്കാം. അതിനാൽ ആരോഗ്യം സംരക്ഷിക്കാനും അസുഖം വരുമ്പോൾ ഏറ്റവും നല്ല ചികിത്സ ലഭ്യമാക്കാനും തന്നെയാണ് മറ്റെന്തിനെക്കാളും പ്രാധാന്യം നൽകേണ്ടത്.

# വിദ്യാഭ്യാസ വാർത്തകൾ

**യുജിസി–നെറ്റ് നവംബർ 5 ന്**

മാനവിക-ഭാഷാ വിഷയങ്ങളിലും മറ്റും ഫെലോഷിപ്പോടെ ഗവേഷണപഠനത്തിനുള്ള ജൂനിയർ റിസർച്ച് ഫെലോഷിപ്പിനും (ജെആർഎഫ്), സർവ്വകലാശാലകളിലും കോളേജുകളിലും അസിസ്റ്റന്റ് പ്രൊഫസർ യോഗ്യതാനിർണ്ണയത്തിനും യുജിസിയുടെ ആഭിമുഖ്യത്തിൽ നാഷണൽ എലിജിബിലിറ്റി ടെസ്റ്റ് (യുജിസി-നെറ്റ്) നവംബർ 5 ന് നടക്കും. സിബിഎസ്ഇ നടത്തുന്ന ടെസ്റ്റിൽ അസിസ്റ്റന്റ് പ്രൊഫസർ യോഗ്യതാ നിർണ്ണയ പരീക്ഷയ്ക്ക് മാത്രമോ ജെആർഎഫ് ഉൾപ്പെടെ ഇവ രണ്ടിനുംകൂടിയോ അപേക്ഷിക്കാവുന്നതാണ്. അപേക്ഷാസമർപ്പണത്തിന് ആധാർ നമ്പർ വേണം.

അപേക്ഷ ഓൺലൈനായി www.cbse net.nic.in എന്ന വെബ്സൈറ്റിലൂടെ ഇപ്പോൾ സമർപ്പിക്കാം. 2017 സെപ്റ്റംബർ 11 വരെ ഓൺലൈൻ അപേക്ഷകൾ സ്വീകരിക്കും. ഇതിനുള്ള നിർദ്ദേശങ്ങൾ വെബ്സൈറ്റിലുണ്ട്.

**'ഐഐഎം–ക്യാറ്റ് നവംബർ 26ന്'**

പ്രമുഖ മാനേജ്മെന്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളായ ഇരുപത് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റുകളുടെ (ഐഐഎമ്മുകൾ) പോസ്റ്റ് ഗ്രാഡുവേറ്റ്പ്രോ ഗ്രാമുകളിലേയ്ക്കും പതിമൂന്ന് ഐഐഎമ്മുകളുടെ മാനേജ്മെന്റ് ഫെലോ പ്രോഗ്രാമുകളിലേയ്ക്കുമുള്ള കോമൺ അഡ്മിഷൻ ടെസ്റ്റ് (ഐഐഎം-ക്യാറ്റ് 2017) ദേശീയതലത്തിൽ നവംബർ 26 ഞായറാഴ്ച നടക്കും. കോഴിക്കോട്, തിരുച്ചിറപ്പള്ളി, ബാംഗ്ലൂർ, വിശാഖപട്ടണം, അഹമ്മദാബാദ്, ലക്നൗ, നാഗ്പൂർ, റായ്പൂർ, അമൃത്സർ, ബോധ്ഗയ, കൽക്കത്ത, ഇൻഡോർ, ജമ്മു, കശിപൂർ, റാഞ്ചി, രോഹ്തക്, സാമ്പൽപൂർ, ഷില്ലോംഗ്, സിർമൗർ, ഉദയ്പൂർ എന്നിവിടങ്ങളിലാണ് ഐഐഎമ്മുകൾ ഉള്ളത്. PGP, PGPFABM, PGPEM, PGPPM, PGDM, PGPHRM, PGPABM, PGPBM, FPM മുതലായ കോഴ്സുകളിലേക്കുള്ള പ്രവേശനം ക്യാറ്റ് സ്കോർ പരിഗണിച്ചാണ്.

ഐഐഎമ്മുകൾക്ക് പുറമെ മറ്റ് നിരവധി ബിസിനസ് സ്കൂളുകളും എംബിഎ ഉൾപ്പെടെയുള്ള മാനേജ്മെന്റ് പിജി പ്രവേശനത്തിനുള്ള സ്ക്രീനിംഗിന് ക്യാറ്റ് സ്കോർ ഉപയോഗിക്കാറുണ്ട്. പ്രസ്തുത സ്ഥാപനങ്ങളുടെ ലിസ്റ്റ് ക്യാറ്റ് വെബ്സൈറ്റിലുണ്ട്. ഐഐഎം-ക്യാറ്റ് 2017 സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്കും അപ്ഡേറ്റുകൾ അറിയുന്നതിനും www.iimcat.ac.in എന്ന വെബ്സൈറ്റ് നിരന്തരം സന്ദർശിക്കണം.



*കാഞ്ഞിരപ്പള്ളിയിൽ പുതിയതായി ആരംഭിച്ച പരിയാരത്ത് സിൽക്ക്സിന്റെ ഉദ്ഘാടനം അഭി. മാർ മാത്യു അറയ്ക്കൽ പിതാവ് നിർവഹിക്കുന്നു. കടയുടമ സെബാസ്റ്റ്യൻ പരിയാരത്ത് സമീപം.*



കാഞ്ഞിരപ്പള്ളി രൂപത യുവദീപ്തി എസ്.എം.വൈ.എം. ന്റെ നേതൃത്വത്തിൽ നടന്ന അണക്കര ഫൊറോന ടീൻഫെസ്റ്റ് ഫൊറോന വൈസ് പ്രസിഡന്റ് മരിയ സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്യുന്നു.



**അഭിനന്ദനങ്ങൾ**
വിശ്വാസജീവിതപരിശീലനരംഗത്ത് 25 വർഷം പൂർത്തിയാക്കിയ ശ്രീ. ജോഷി അബ്രാഹം വാണിയപ്പുരയ്ക്ക് വഞ്ചിമല സെന്റ് ആന്റണീസ് കുടുംബാംഗങ്ങളുടെ പ്രാർത്ഥനാശംസകൾ.

## ഭാരതസഭാ ചരിത്രം

ഞാൻ നിങ്ങളുടെ സഭയെ സ്നേഹിക്കുന്നു.
കാരണം എനിക്കവളുടെ ചരിത്രം അറിയാം. – കാർഡിനൽ ടിസ്സറാങ്

# പഴയകൂറ്റ് സമുദായവും പുത്തൻകൂറ്റ്സമുദായവും

**ഫാ. തോമസ് തെക്കേമുറി**
വികാരി, ക്രിസ്തുരാജ് ഇടവക, വലിയതോവാള

(തുടർച്ച)

മാർത്തോമ്മാ നസ്രാണികളുടെ ചരിത്രത്തിലെ ഏറ്റവും വേദനാജനകവും, സംഭവബഹുലവുമായ ഏടുകളാണല്ലോ കഴിഞ്ഞ ലക്കങ്ങളിൽ നാം മനസ്സിലാക്കിക്കൊ ണ്ടിരുന്നത്.

പാശ്ചാത്യ മിഷണറിമാരുടെ അമിതാവേശപ്രദവും വിവേകരഹിതവുമായ ഇടപെടൽ 16-ാം നൂറ്റാണ്ടുകാലംവരെ ഒരൊറ്റ സമൂഹമായി കെട്ടുറപ്പോടെ ജീവിച്ചിരുന്ന, കേരളത്തിന്റെ സാമൂഹിക-രാഷ്ട്രീയ-സാംസ്കാരിക മേഖലകളിൽ വലിയ സ്വാധീനം ഉണ്ടായിരുന്ന മാർത്തോമ്മാ നസ്രാണി സമൂഹത്തെ വലിയ പിളർപ്പിലേക്ക് നയിച്ചു. ഇത് നമ്മുടെ സഭയ്ക്ക് താങ്ങാവുന്നതിലും അധികമായിരുന്നു. പാശ്ചാത്യവത്കരണത്തിന്റെ പരിണിതഫലമാണ് ഇന്നും പല ക്രൈസ്തവ സമൂഹങ്ങളായി മാർത്തോമ്മാ നസ്രാണികൾ നിലനില്ക്കുന്നതിന് ഇടയാക്കിയത്. കേരളത്തിലെ യാക്കോബായ ഓർത്തഡോക്സ് സഭകളുടെ ആവിർഭാവത്തിന്റെ കാരണവും മറ്റൊന്നല്ല. അതിന്റെ ചരിത്രം ചുരുക്കമായി മനസ്സിലാക്കാം.

**പറമ്പിൽ ചാണ്ടി മെത്രാൻ**

ജോസഫ് മരിയ സെബസ്താനി മെത്രാപ്പോലീത്തായ്ക്ക് 1663-ൽ കേരളം വിട്ടു പോകേണ്ടി വന്നുവെന്ന് നാം മനസ്സിലാക്കിയതാണല്ലോ. എന്നാൽ അദ്ദേഹം കേരളം വിട്ടു പോകുന്നതിനുമുമ്പ് പറമ്പൽ ചാണ്ടി കത്തനാരെ തന്റെ പിൻഗാമി, മാർത്തോമ്മാ നസ്രാണികളുടെ മെത്രാനായി 1663-ഫെബ്രുവരി 1-ാം തിയതി അഭിഷേകം ചെയ്തു. ഇദ്ദേഹമാണ് അറിയപ്പെടുന്ന ആദ്യത്തെ നാട്ടുമെത്രാൻ.

സ്വസമുദായക്കാരനായ ഒരാളെ തങ്ങളുടെ മെത്രാനായി ലഭിച്ചതോടെ മാർത്തോമ്മാ നസ്രാണികൾ വീണ്ടും ഉന്മേഷഭരിതരായി. എന്നാൽ മാർത്തോമ്മാ ഒന്നാമന്റെ സകല പ്രതീക്ഷകളും അസ്തമിച്ചുവെന്നു പറയാം. മാർത്തോമ്മായുടെ അനുരഞ്ജനത്തിനുവേണ്ടി തന്നാലാവുംവിധം പരിശ്രമിച്ചു. എന്നാൽ ഇതിനകം തന്നെ എങ്ങനെയും മെത്രാനാകണം എന്ന അതിയായ ആഗ്രഹം 'മാർത്തോമ്മാ ഒന്നാമന് ഉണ്ടായിരുന്നതുകൊണ്ട് അദ്ദേഹം പറമ്പിൽ ചാണ്ടി മെത്രാനോട് സഹകരിച്ചില്ല. നാട്ടുകാരനായ ഒരാളെ, പറമ്പിൽ ചാണ്ടിയെ മെത്രാനായി ലഭിച്ചതിനാൽ ബഹുഭൂരിപക്ഷം പള്ളികളും വിശ്വാസികളും മാർത്തോമ്മാ ഒന്നാമനെ ഉപേക്ഷിച്ച് പറമ്പിൽ ചാണ്ടിയെ തങ്ങളുടെ തലവനും പിതാവുമായി സ്വീകരിച്ചു.

**യാക്കോബായ വിശ്വാസവും അന്ത്യോക്യൻ ആരാധനക്രമവും കേരളത്തിൽ**

തന്റെ ശക്തി ക്ഷയിക്കുകയാണെന്നും ജനങ്ങൾ എല്ലാം പറമ്പിൽ ചാണ്ടി മെത്രാന്റെ പിന്നാലെ പോവുകയാണെന്നും മനസ്സിലാക്കിയ മാർത്തോമ്മാ ഒന്നാമൻ ഏതുവിധേനയും തന്റെ മെത്രാൻ സ്ഥാനം 'ശരിപ്പെടുത്തുന്നതിനുവേണ്ടി' അന്ത്യോക്യായിൽ നിന്നും മാർ ഗ്രിഗോറിയോസ് എന്നൊരു മെത്രാനെ കേരളത്തിൽ കൊണ്ടുവന്നു. ഇദ്ദേഹം കത്തോലിക്കാവിശ്വാസം ഉപേക്ഷിച്ച് യാക്കോബായ വിശ്വാസം സ്വീകരിച്ച ഒരു മെത്രാൻ ആയിരുന്നു. അങ്ങനെ തന്റെ മെത്രാൻസ്ഥാനം ശരിയാക്കി എടുക്കുന്നതിനുവേണ്ടി 'മാർത്തോമ്മാ ഒന്നാമൻ' തന്റെ കത്തോലിക്കാവിശ്വാസവും പരമ്പരാഗതമായ കൽദായ ആരാധനക്രമവും ആചാരാനുഷ്ഠാനങ്ങളും ഉപേക്ഷിച്ച് യാക്കോബായവിശ്വാസവും അന്ത്യോക്യൻരീതിയും സ്വീകരിച്ചു.

1665-ൽ കേരളത്തിൽ എത്തിയ മാർ ഗ്രിഗോറിയോസ് മാർത്തോമ്മാ ഒന്നാമന്റെ സഹായത്തോടെ യാക്കോബായ വിശ്വാസം പ്രചരിപ്പിക്കാനും അന്ത്യോക്യൻ രീതികൾ ജനങ്ങളെ പഠിപ്പിക്കുവാനും തുടങ്ങി. ഇദ്ദേഹത്തിന്റെ നേതൃത്വം സ്വീകരിച്ചവർ 'പുത്തൻകൂറ്റ് സമുദായം' എന്ന് അറിയപ്പെട്ടു. പറമ്പിൽ ചാണ്ടി മെത്രാന്റെ നേതൃത്വം സ്വീകരിച്ച് കത്തോലിക്കാ വിശ്വാസത്തിൽ തുടർന്നവർ 'പഴയകൂറ്റ് സമുദായം എന്നും അറിയപ്പെട്ടു. ഇന്നത്തെ യാക്കോബായ ഓർത്തഡോക്സ് സഭകൾ ഈ പുത്തൻകൂറ്റ് സമുദായത്തിന്റെ പിൻതലമുറക്കാരാണ്. 17-ാം നൂറ്റാണ്ടുവരെ ഒരൊറ്റ സമൂഹമായിരുന്ന മാർത്തോമ്മാ നസ്രാണികൾ പഴയകൂറ്റ് പുത്തൻകൂറ്റ് അല്ലെങ്കിൽ കത്തോലിക്കാ, യാക്കോബായ എന്നീ രണ്ടുവിഭാഗങ്ങളായി വിഭജിക്കപ്പെട്ടു.

(തുടരും...)



രൂപത വിശ്വാസപരിശീലനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട BTC ക്യാമ്പ് ബഹു. ജസ്റ്റിൻ പഴേപറമ്പിലച്ചൻ ഉദ്ഘാടനം ചെയ്യുന്നു. സൺഡേസ്കൂൾ ഡയറക്ടർ അഗസ്റ്റിൻ പുതുപ്പറമ്പിലച്ചൻ, സാജൻ തോമസ്, സി. മെർലിൻ സി.എം.സി. എന്നിവർ സമീപം.

## സായാഹ്ന ബൈബിൾ കോഴ്സ് തുടർ പരിശീലനം

രൂപതാ ബൈബിൾ അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട സായാഹ്ന ബൈബിൾ കോഴ്സിൽ പങ്കെടുത്തവർക്കും വിവിധ ഇടവകകളിൽ നിന്നും കറസ്പോണ്ടൻസ് കോഴ്സിൽ പങ്കെടുത്തവർക്കുമായി സെപ്റ്റംബർ 23-ാം തീയതി ശനിയാഴ്ച വൈകുന്നേരം 5 മുതൽ 8 വരെ കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ വച്ച് പുതിയ നിയമഗ്രന്ഥങ്ങളെ ആസ്പദമാക്കി ബൈബിൾ ക്ലാസ് നടത്തപ്പെടുന്നു. റവ. ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ ക്ലാസ് നയിക്കുന്നതാണ്.

## കുരിശടി വെഞ്ചരിപ്പും, ഫാ. അലക്സാണ്ടർ വയലുങ്കൽ അനുസ്മരണവും



വഞ്ചിമല സെന്റ് ആന്റണീസ് ഇടവകയുടെ പ്രഥമ വികാരിയും ഇടവകശില്പിയുമായ വയലുങ്കൽ ചാണ്ടി അച്ചന്റെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് വഞ്ചിമല ഇടവകയിൽ അച്ചന്റെ ഓർമ്മയ്ക്കായി പണി കഴിപ്പിച്ച് അഭിവന്ദ്യ അറയ്ക്കൽ പിതാവ് വെഞ്ചരിച്ച കുരിശടി.

## ഫാത്തിമാമാതാ സന്ദേശയാത്ര

പരിശുദ്ധ മാതാവ് ഫാത്തിമയിൽ പ്രത്യക്ഷപ്പെട്ടതിന്റെ ശതാബ്ദിയോടനുബന്ധിച്ച് മാതാവിന്റെ തിരുസ്വരൂപം സംവഹിച്ചുകൊണ്ട് ഫാത്തിമ സന്ദേശയാത്ര കേരളത്തിലെ എല്ലാ രൂപതകളിലും കടന്നുപോകുന്നു. കെ.സി.ബി.സി ഈ ഉത്തരവാദിത്വം കരിസ്മാറ്റിക് കമ്മീഷനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. നമ്മുടെ രൂപതയിൽ ഫാത്തിമ സന്ദേശയാത്ര 2017 സെപ്റ്റംബർ 19-ാം തീയതി മുതൽ 23-ാം തീയതിവരെയാണ്. അതിന്റെ സമയക്രമീകരണം താഴെ ചേർക്കുന്നു.

**19.09.2017 ചൊവ്വ:** 6.30 am - കരുണാപുരം, 10.00 am - നെറ്റിത്തൊഴു, 12.00 am - അണക്കര, 1.15 pm - പുറ്റടി, 7.30. pm - കട്ടപ്പന.

**20.09.2017 ബുധൻ:** 7.15 am - കാഞ്ചിയാർ, 8.30 am - മേരികുളം, 10.30 am - ഉപ്പുതറ 12.30 pm - ആനവിലാസം, 1.45 pm - വെള്ളാരംകുന്ന്, 3.15 pm - കുമളി

**21.09.2017 വ്യാഴം:** 7.15 am - മരിയൻ കോളേജ്, കുട്ടിക്കാനം, 9.30 am - തെക്കേമല, 11.30 am - മുണ്ടക്കയം

2.30 pm - സെന്റ് ജോൺ പോൾ നഗർ, 31-ാം മൈൽ, 5.00 pm - കത്തീഡ്രൽ, കാഞ്ഞിരപ്പള്ളി, 7.30 pm - ലത്തീൻ പള്ളി, പൊടിമറ്റം (നൈറ്റ് വിജിൽ)

**22.09.2017 വെള്ളി:** 6.30 am - കൂവപ്പള്ളി, 10.00 am - എരുമേലി, 1.30 pm - 2.15 pm - കണ്ണമ്പള്ളി, 2.30 pm - 3.30 pm - മലങ്കര ചർച്ച്, ചെത്തോംകര, 4.00 pm - 4.45 pm - പെരുന്നാട്, 5.00 pm - 6.00 pm - പേഴുംപാറ, 6.45 pm - സെന്റ് പീറ്റേഴ്സ് കത്തീഡ്രൽ, പത്തനംതിട്ട, 8.00 pm - മേരി മാതാ ഫൊറോന, പത്തനംതിട്ട (നൈറ്റ് വിജിൽ)

**23.09.2017 ശനി:** 6.30 am - ചാമംപതാൽ, 9.30 am - ചിറക്കടവ്, 11.30 am - മൗണ്ട് കാർമ്മൽ ചർച്ച്, 19-ാം മൈൽ, വാഴൂർ, 1.30 pm - പൊൻകുന്നം, 3.30 pm - ഇളങ്ങുളം, 5.30 pm - എലിക്കുളം, 8.00 pm - ചെങ്ങളം (നൈറ്റ് വിജിൽ)



കാഞ്ഞിരപ്പള്ളി സെന്റ് ഡോമിനിക്സ് കത്തീഡ്രലിൽ നടന്ന കാഞ്ഞിരപ്പള്ളി രൂപതാ മാതൃവേദിയുടെ മാതൃസംഗമം ബിഷപ് മാർ മാത്യു അറയ്ക്കൽ ഉദ്ഘാടനം ചെയ്യുന്നു.




പൊൻകുന്നം ഹോളിഫാമിലി യുവദീപ്തി എസ്എംവൈഎമ്മിന്റെയും ഇളങ്ങുളം സെന്റ് മേരീസ് ഇടവകയുടെയും നേതൃത്വത്തിൽ ഭരണങ്ങാനം വിശുദ്ധ അൽഫോൻസാമ്മയുടെ കബറിടത്തിങ്കലേക്കു നടത്തിയ പദയാത്ര.

## മന:സാക്ഷിയുള്ള സാക്ഷി– സമ്മാനവുമായി അരങ്ങിലേക്ക്




അമല കമ്യൂണിക്കേഷൻസിന്റെ 33-ാമത് സാമൂഹ്യനാടകമാണ് 'മന:സാക്ഷിയുള്ള സാക്ഷി'. ആനുകാലിക പ്രാധാന്യമുള്ള ഒരു ശക്തമായ പ്രമേയം തികഞ്ഞ അഭിനയപാടവത്തോടെ അമല അരങ്ങിലെത്തിക്കുകയാണ്. ആധുനിക തലമുറ കാട്ടിക്കൂട്ടുന്ന കോപ്രായങ്ങൾക്കും തെറ്റായ പ്രവണതകൾക്കുമെതിരെ പടവാളോങ്ങുകയാണ് മന:സാക്ഷിയുള്ള സാക്ഷി എന്ന നാടകത്തിലൂടെ. പരിശുദ്ധവും, പരിപാവനവുമായ കർമ്മങ്ങളെ വെറും കോമാളിത്തരങ്ങളാക്കിക്കൊണ്ട് ആഘോഷങ്ങളെ അവഹേളനങ്ങളാക്കി മാറ്റുന്ന ആധുനിക തലമുറയ്ക്കുള്ള താക്കീതാണ് ഈ നാടകം. എടക്കളത്തൂർ സംസ്ഥാന നാടകോത്സവത്തിൽ മികച്ച നാടകമായി അമലയുടെ പുതിയ നാടകമായ മന:സാക്ഷിയുള്ള സാക്ഷി തിരഞ്ഞെടുക്കപ്പെട്ടു.




ഡിസിഎംഎസ് സംസ്ഥാന ഘടകത്തിന്റെ ആഭിമുഖ്യത്തിൽ കോട്ടയം ഹെഡ് പോസ്റ്റ് ഓഫീസ് പടിക്കൽ നടത്തിയ കരിദിനാചരണവും ധർണയും.



അണക്കര ഫൊറോന എസ്എംവൈഎമ്മിന്റെ നേതൃത്വത്തിൽ കുഴിത്തൊളു ദീപ ഹൈസ്കൂളിൽവച്ചു നടന്ന ദേശഭക്തിഗാന മത്സരത്തിൽനിന്ന്.



കാഞ്ഞിരപ്പള്ളി രൂപത യുവദീപ്തി എസ്.എം.വൈ.എം.ന്റെ നേതൃത്വത്തിൽ നടന്ന മുണ്ടക്കയം ഫൊറോന ടീൻഫെസ്റ്റ് ഫൊറോന പ്രസിഡന്റ് ജറിൻ ജോസഫ് പുരയിടത്തിൽ ഉദ്ഘാടനം ചെയ്യുന്നു.



കാഞ്ഞിരപ്പള്ളിയിൽ വച്ചു നടന്ന മാതൃദിന സംഗമത്തിൽ കട്ടപ്പന ഫൊറോനയിലെ മാതാക്കൾ അവതരിപ്പിച്ച നാടകം.

RNI Reg. No. KERMAL/2012/45157 Annual Subscription Rs. 75/-
Postal Reg. No. KL/CHC/64/2016-18




Printed & Published by Fr. Sebastian Kaippanplackal, Diocese of Kanjirapally. Printed at Viani Offset Printers, Ernakulam. Chief Editor: Fr. Justin Mathiyath Designed at Divine Graphics KPLY.